"ക്രിസ്തുവിന്റെ വാക്കുകളെ പൂണ്ണമായും അനുഭവഗോചരമായും ഗ്രഹിക്കണമെന്നുള്ളവൻ അവന്റെ ജീവിതത്തെ ക്രിസ്തുവിന്റെ ജീവിതത്തിനു അനുരൂപമായി നയിക്കണം. നീ എളിമയില്ലാത്തവനും തന്മൂലം ത്രിത്വത്തിന്റെ അപ്രീതിക്കുപാത്രവുമാണെങ്കിൽ നീ ത്രിത്വത്തെപ്പററിഗംഭീരമായി പ്രസംഗിക്കുന്നതുകൊണ്ടു് നിനക്കെന്തു പ്രയോജനം?"

— ക്രിസ്ത്വാനുകരണം

# സത്യദീപം

"ഒരു വിരുന്നുശാലയിലേക്കു ആരെങ്കിലും നിന്നെ ക്ഷണിക്കുമ്പോൾ പ്രഥമസ്ഥാനത്തുപോയി ഇരിക്കരുതു്. ഒരുപക്ഷെ നിന്നെക്കാൾ മാന്യനായ ഒരാൾ അവിടെ ക്ഷണിക്കപ്പെട്ടിട്ടുണ്ടായിരിക്കാം... തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും—"


വി. ലൂക്കാ XIV: 8, 11

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 സെപ്റ്റംബർ 5—ബുധനാഴ്ച | Vol. 30, No. 4

# വിമലഹൃദയഭക്തിയും ലോകസമാധാനവും

(ഹയാസിന്തു്)


ST. ANNE AND THE BLESSED VIRGIN MARY

## ബാലികയായ മറിയം മാതൃസന്നിധിയിൽ

(മറിയത്തിന്റെ പിറവിത്തിരുനാൾ—സെപ്റ്റംബർ 8)

1917 മേയ്മാസം 13-ാം തീയതി. മോസ്ക്കോയിലെ ഒരു കത്തോലിക്കാദേവാലയത്തിൽ അലക്സാന്ദ്രോവിന എന്ന സ്ത്രീ ഏതാനും ബാലികാബാലന്മാരെ വേദോപദേശം പഠിപ്പിക്കുകയായിരുന്നു. പെട്ടെന്നു കുറെ കുതിരപ്പടയാളികൾ പ്രസ്തുത ദേവാലയത്തിൽ പ്രവേശിച്ചു് അൾത്താരയെ തല്ലിത്തകക്കുകയും, സക്രാരിയെ കുത്തിപ്പിളക്കുകയും, കുട്ടികളെ അടിച്ചോടിക്കുകയും ഏതാനുംപേരെ നിഷ്ഠുരണം വധിക്കുകയുംചെയ്തു. അത്യാസന്നമായിരുന്ന റഷ്യൻ മഹാവിപ്ലവത്തിന്റെ ഒരു നാന്ദിമാത്രമാണു് അന്നു അവിടെ അഭിനയിക്കപ്പെട്ടതു്. പിന്നീടു നടക്കുവാനിരുന്ന രക്തച്ചൊരിച്ചിലിന്റേയും, കൂട്ടക്കൊലയുടേയും നേരിയ ഒരു പ്രതിച്ഛായമാത്രമാണു് അന്നവിടെ പ്രദശിക്കപ്പെട്ടതു്. അന്നേദിവസംതന്നെയാണു് പോത്തുഗലിലെ ഒരു ചെറുഗ്രാമമായ ഫാത്തിമായിൽ ദിവ്യജനനി ലൂസി, ഫ്റാൻസിസ്ക്കോ, ജസീന്ത എന്നീ മൂന്നു ആട്ടിടയക്കുട്ടികൾക്കു പ്രത്യക്ഷപ്പെട്ടുകൊണ്ടു റഷ്യ മാനസാന്തരപ്പെടണമെന്നും അതിനായി ഓരോ വ്യക്തിയും തന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെടണമെന്നുമുള്ള സന്ദേശം ലോകത്തിനു നൽകുകയുമുണ്ടായതു്.

അക്കൊല്ലംതന്നെ ജൂലൈ 17-ാം തീയതി പ്രസ്തുത ഇടയപ്പൈതങ്ങൾക്കു പ്രത്യക്ഷപ്പെട്ട അവസരത്തിൽ പരിശുദ്ധ ജനനി പറഞ്ഞതായതു്: "ആത്മാക്കളുടെ രക്ഷയ്ക്കായി ലോകം മുഴുവനും എന്റെ വിമലഹൃദയത്തോടുള്ള ഭക്തി സ്ഥാപിക്കുന്നതിനു ദൈവം ആഗ്രഹിക്കുന്നു. എന്റെ അഭ്യത്ഥന നിറവേററുന്നപക്ഷം, അസംഖ്യം ആത്മാക്കൾ നിത്യരക്ഷ പ്രാപിക്കുകയും ലോകത്തിൽ സമാധാനം കൈവരുകയുംചെയ്യും. നേരെമറിച്ചു് എന്റെ ഉൽബോധനത്തെ നിരാകരിച്ചു് മനുഷ്യർ ദൈവത്തെ പാപംമൂലം ദ്രോഹിക്കുന്നതായാൽ ആസന്നഭാവിയിൽത്തന്നെ കൂടുതൽ വിനാശകരവും അത്യുഗ്രതരവുമായ മറെറാരു ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടും. തിരുസഭ ലോകംമുഴുവനും കഠിനമായി മദ്ദിക്കപ്പെടും. നിരവധി രാഷ്ട്രങ്ങളും ജനതകളും നിശ്ശേഷം നശിപ്പിക്കപ്പെടും. എങ്കിലും അവസാനം എന്റെ വിമലഹൃദയം ഈ നാരകീയശക്തികളെയെല്ലാം ജയിക്കും."

ഒക്ടോബർ 13-ാം തീയതി ദിവ്യകന്യക പ്രത്യക്ഷപ്പെട്ടപ്പോൾ ആ പൈതങ്ങളോടു സഹതാപപൂവ്വം പറയുകയുണ്ടായി: "കുഞ്ഞുങ്ങളേ, പ്രാത്ഥിക്കുവിൻ; ധാരാളം പ്രാത്ഥിക്കുവിൻ. പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും പരിത്യാഗങ്ങൾ അനുഷ്ഠിക്കുവാനും ആരുമില്ലാത്തതുകൊണ്ടാണു് അനേകം ആത്മാക്കൾ നരകത്തിൽ നിപതിക്കുന്നതു്."

എന്നാൽ ഫാത്തിമാസന്ദേശം അന്നത്തെ വൻകിടരാഷ്ട്രീയനേതാക്കളുടേയും ഭരണാധികാരികളുടേയും ചിന്താഗതിക്കു യാതൊരു മാററവും വരുത്തിയില്ല. രണ്ടാമതൊരു ലോകമഹായുദ്ധമുണ്ടാകുമെന്നുള്ള പരിശുദ്ധ ജനനിയുടെ പ്രവചനത്തെ അവർ കേവലം പുച്ഛഭാവത്തോടെ അവഗണിച്ചുതള്ളി. എന്തു്, വെറും അജ്ഞതയിലും പട്ടിണിയിലും ആണ്ടുകിടന്നിരുന്ന റഷ്യൻരാജ്യം യുദ്ധത്തിനു പുറപ്പെടുകയോ? വർഷങ്ങൾ പലതും കഴിഞ്ഞു. ലോകം അതിന്റെ അലക്ഷ്യഭാവത്തിൽതന്നെ മതത്തേയും ധാർമ്മികമൂല്യങ്ങളേയും ചവുട്ടിമെതിച്ചും ദൈവത്തെപ്പോലും വെല്ലുവിളിച്ചും മുന്നോട്ടു ഗമിച്ചു. അതാ, ദിവ്യനാഥയുടെ പ്രവചനംപോലെതന്നെ രണ്ടാമത്തെ ലോകമഹായുദ്ധവും പൊട്ടിപ്പുറപ്പെട്ടു. രാജ്യങ്ങളും ജനങ്ങളും നാമാവശേഷമായി. ലോകം അനുഭവിച്ചതും ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ദുരന്തദുരിതങ്ങളും ദാരുണഫലങ്ങളും ആക്കു വണ്ണിക്കാൻകഴിയും? രാഷ്ട്രപടുക്കൾ വെറും ബാലിശമായി തള്ളിക്കളഞ്ഞ റഷ്യൻ രാക്ഷസന്റെ കരാളകരങ്ങളിൽകുടുങ്ങി വീഴ്ചമുട്ടിയപ്പോൾമാത്രമേ കാര്യങ്ങളുടെ യാഥാർത്ഥ്യം—ഫാത്തിമാ പൈതങ്ങൾ 30 വർഷങ്ങൾക്കുമുമ്പുതന്നെ അറിയിച്ച പരമാർത്ഥം—ലോകത്തിനു മനസ്സിലായുള്ളു.

ഈശോയുടെ ആരാധ്യമായ ദിവ്യഹൃദയത്തോടുള്ള ഭക്തി കഴിഞ്ഞാൽ പിന്നെ ഒരു മാതൃകാകത്തോലിക്കനു് ഏററവും ഹൃദ്യമായിത്തീരേണ്ടതു് മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തിയാണു്. മിശിഹായുടെ പരിപാവനമായ ഹൃദയം കഴിഞ്ഞാൽ പിന്നെ ദൈവത്തിനിത്രയും പ്രിയങ്കരമായിത്തീന്നിട്ടുള്ള യാതൊരു ഹൃദയവും ഉണ്ടായിട്ടില്ല. ഇത്രയധികം വരപ്രസാദങ്ങൾ സ്വീകരിച്ചതോ പൂണ്ണതയുടെ അത്യുച്ചിയിൽ എത്തിച്ചേന്നിട്ടുള്ളതോ ആയ ഒരു ഹൃദയം ഇല്ലതന്നെ. പരിശുദ്ധവും പരിപാവനവുമായ ദൈവസ്നേഹത്താൽ തുടിച്ചിരുന്നതും നിറഞ്ഞിരുന്നതുമായി മറെറാരു ഹൃദയം നാം കാണുകയില്ല. ആദ്യപാപം മൂലം അധഃപതിച്ച കഷ്ടാരിഷ്ടതകൾ അനുഭവിച്ചു ക്ലേശിക്കുന്ന മനുഷ്യജാതിയുടെനേരെ ഇത്രയധികം സഹതാപവും കരുണയും പ്രദശിപ്പിക്കുന്ന യാതൊരു ഹൃദയവും ഇതേവരെ ഉണ്ടായിട്ടില്ല.

വിമലഹൃദയം എന്നാൽ എന്തു്? വിമലഹൃദയഭക്തിയുടെ വിഷയം രണ്ടാണു്. ഒന്നു ഭൗതികവും മറേറതു് ആദ്ധ്യാത്മികവും. ഭൗതികമായതിനു് രണ്ടാംസ്ഥാനവും ആദ്ധ്യാത്മികമായതിനു് പ്രഥമസ്ഥാനവുമാണു് വേദശാസ്ത്രപണ്ഡിതന്മാർ നിദ്ദേശിച്ചുകൊടുത്തിരിക്കുന്നതു്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ മാതാവായ മറിയത്തിന്റെ ശാരീരികഹൃദയമാണു് ഇതിന്റെ ഭൗതികവിഷയം, അഥവാ ചിഹ്നം. ആദ്ധ്യാത്മികവിഷയമോ എന്നാൽ മറിയത്തിന്റെ ആദ്ധ്യാത്മികഹൃദയ (Spiritual Heart) മാണു്. അതെ, തീവ്രമായ സ്നേഹത്താൽ ജ്വലിക്കുന്ന, തീക്ഷ്ണതയേറിയ ദൈവസ്നേഹാഗ്നിയാൽ ആളിക്കത്തുന്ന മറിയയുടെ നിമ്മലസ്നേഹമാണു് ഇതിന്റെ പരിപാവനമായ വിഷയം.

മനുഷ്യവഗ്ഗത്തോടുള്ള മറിയത്തിന്റെ സ്നേഹം, ദിവ്യരക്ഷകനു് മനുഷ്യരോടുള്ള അനന്തസ്നേഹത്തിന്റെ ഏകദേശസാദൃശ്യം വഹിക്കുന്നുണ്ടു്. മത്ത്യകുലം മറിയയുടെ വിമലഹൃദയത്തോടു ഭക്തി പ്രകടിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേകകാരണം സഹതാപസമ്പൂണ്ണമായ ഒരു ഹൃദയമാണു് മറിയത്തിന്റേതെന്നതത്രെ. അതു കരുണാർദ്രമാണു്; നന്മനിറഞ്ഞതാണു്. മനുഷ്യന്റെ ബുദ്ധിമുട്ടുകളും കഷ്ടതകളും കാണുന്നമാത്രയിൽ അലിഞ്ഞുപോകുന്നതാണു്; സവ്വോപരി ദൈവകോപാഗ്നിക്കിരയായ മനുഷ്യമക്കളെ അനുതാപത്തിലേക്കാകർഷിക്കുന്നതാണു്. അവൾ കാരുണ്യത്തിന്റെ മാതാവാണു്; പാപികളുടെ സങ്കേതമാണു്; ദുഃഖിതരുടെ ആശ്വാസമാണു്.

ഇപ്രകാരം സഹതാപപൂണ്ണയായ നമ്മുടെ പ. അമ്മയുടെ സങ്കേതത്തിൽ ഏതുനേരവും ഓടിച്ചെല്ലുന്നതിനു് എന്താണു നാം ഭയപ്പെടുവാനുള്ളതു്. അമ്മയിൽ പരുഷതയുടേയൊ നീരസത്തിന്റേയൊ കണികപോലും കാണ്മാനില്ല. മാധുയ്യത്തിന്റേയും സൗമ്യതയുടേയും തികവത്രെ അമ്മയിൽ നാം ദശിക്കുന്നതു്. അവിടുന്നു ദൈവദാനങ്ങളാകുന്ന തേനും പാലും ഏവക്കും സമൃദ്ധമായി നൽകുന്നു.

അനത്ഥങ്ങളുടേയും ആപത്തുകളുടേയും അസമാധാനത്തിന്റേയും ഒരു വിഷമകാലഘട്ടത്തിലാണു് നാം ജീവിക്കുന്നതെന്നു പറയേണ്ടതില്ലല്ലൊ. എവിടെത്തിരിഞ്ഞാലും അസംതൃപ്തിയും അധമ്മവും അക്രമവും രക്തച്ചൊരിച്ചിലും കൂട്ടക്കൊലയും പരസ്പരമാത്സയ്യവുമല്ലാതെ മറെറന്താണു് നാം കാണുന്നതു്. വ്യക്തികളിലും കുടുംബങ്ങളിലും സമുദായങ്ങളിലും രാഷ്ട്രങ്ങളിലും എന്നുവേണ്ട ലോകത്തിൽ മുഴുവനും സമാധാനവും മനഃശാന്തിയും ഇല്ലാതായിരിക്കുന്നു. സമാധാനസ്ഥാപനാത്ഥം പ്രമുഖരാഷ്ട്രനേതാക്കന്മാരും ഭരണാധികാരികളും രാജ്യതന്ത്രജ്ഞന്മാരും തലപുകഞ്ഞു ചിന്തിച്ചു മനസ്സുരുകി പരക്കംപാഞ്ഞു വിഷമിക്കുന്നു. മാസംതോറും അല്ല ആഴ്ചതോറും എന്ന മട്ടിൽ അവർ തലസ്ഥാനനഗരികളിൽ മാറിമാറി സമാധാനസമ്മേളനങ്ങളും സംഭാഷണങ്ങളും ഉച്ചകോടിപ്രഭാഷണങ്ങളും നടത്തുന്നു. പക്ഷെ ലോകം ആപല്ക്കുണ്ടിന്റെ വക്കിൽതന്നെ ഇന്നും നിലകൊള്ളുന്നു. ഒരു കാര്യം തീർച്ചതന്നെ. ലോകസമാധാനം പുനഃസ്ഥാപിക്കുന്നതിനു വേണ്ടി ആരെല്ലാംതന്നെ എന്തൊക്കെ ചെയ്താലും ശരി, എത്രതന്നെ ഉച്ചകോടിസംഭാഷണങ്ങളും സന്ധിസംസാരങ്ങളും നടത്തി പദ്ധതികളും വ്യവസ്ഥിതികളും ആസൂത്രണംചെയ്താലും ശരി, മതതത്വങ്ങളേയും സന്മാഗ്ഗബോധത്തേയും അവഗണിച്ചു പ്രവത്തിക്കുന്ന കാലത്തോളം അവരുടെ പ്രത്യാശകളെല്ലാം വെറും ദിവാസ്വപ്നങ്ങളാ

(ശേഷം 3-ാംപേജിൽ)

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 18 (തുടർച്ച)
## ചതുരമായ ഒരുപായം

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

"വളരെ ശ്ലാഘനീയമായ ഉദ്യമംതന്നെ" പീലാത്തോസ് അഭിപ്രായപ്പെട്ടു.

ഈ അഭിപ്രായത്തിൽ ഒളിഞ്ഞിരുന്ന ഉപഹാസത്തെ കാര്യമാക്കാതെ അന്നാസ് തുടർന്നു: "എന്റെ പുത്രൻ എനിക്കയച്ച ഒരെഴുത്തിൽ ബറാബാസ് എന്ന പേരിൽ അറിയപ്പെടുന്ന ആൾ യൂദിയായിൽ ആരംഭിച്ച ആ ജനകീയപ്രക്ഷോഭണംമൂലം വളരെ കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അനേകശതം റോമൻഭടന്മാർ വധിക്കപ്പെട്ടുവെന്നുമുള്ള ശ്രുതിയിൽ എത്രമാത്രം വാസ്തവമുണ്ടെന്ന് അന്വേഷിച്ചിരിക്കുന്നു." ഉന്നതാചാര്യനെ ആശ്ചര്യപൂർവ്വം പീലാത്തോസ് വീക്ഷിച്ചു. കിഴവന്റെ അന്തർഗതം എന്തായിരിക്കാമെന്ന് ആ ഉദ്യോഗസ്ഥൻ ആലോചിച്ചു. ബറാബാസിന്റെ കാര്യത്തിൽ അന്നാസുകൂടി ദ്രോഹശങ്കക്കധീനനായിരിക്കെ ബറാബാസിന്റെ പേര് ഇങ്ങനെ കുത്തിപ്പൊക്കുവാൻ അന്നാസിനു ധൈര്യമുണ്ടായതെങ്ങനെയെന്നും പീലാത്തോസ് വിസ്മയിച്ചു. താല്ക്കാലികമായി വിമൂഢതഭാവിച്ച പീലാത്തോസ് മത്തെടുത്ത ഒരു പുഞ്ചിരിയോടുകൂടി അന്നാസിനോടു പറഞ്ഞു: "ഞാൻ അറിയുന്നിടത്തോളം ഈ നാട്ടിൽ സമാധാനപരിപാലനത്തിനുള്ള ചുമതല എനിക്കുള്ളതാണ്. നിങ്ങളുടെ പുത്രനിതിലെന്താണ് ബന്ധം?"

"ഒന്നുമില്ല, പ്രൊക്കുറയിററർ, ഒന്നുമില്ല. യൂദിയായിലെ കാര്യങ്ങൾ സംബന്ധിച്ച് വിദഗ്ദ്ധാഭിപ്രായം നൽകുവാൻ പററിയ ആളാണ് എന്റെ പുത്രൻ എന്നു സ്വാഭാവികമായി അരമനയിൽ പരിഗണിക്കപ്പെടുന്നതുനിമിത്തം അവനോടു ചോദിക്കാവുന്ന ചോദ്യങ്ങൾക്കു ശരിയായ ഉത്തരം കൊടുക്കുവാൻവേണ്ടി സംഗതികളുടെ യഥാർത്ഥസ്ഥിതി ഗ്രഹിക്കുവാൻ അവൻ ആഗ്രഹിക്കുന്നുവെന്നുമാത്രം. റോമിനെതിരായി വളർന്നുവരുന്ന ഒരു ജനകീയപ്രസ്ഥാനം സംബന്ധിച്ച വാത്ത ചക്രവത്തിയുടെ കൊട്ടാരത്തിൽ ശ്രദ്ധാർഹമായിരിക്കണമല്ലോ."

പീലാത്തോസിന്റെ രക്തം തിളച്ചു ശിരസ്സിലേക്കു കയറിയതുപോലെ അദ്ദേഹത്തിനു തോന്നി. റോമായെ അനവരതം വെറുക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന വൃദ്ധൻ റോമായുടെ ആശയഗതിയിൽ ആകാംക്ഷ നടിക്കുന്ന ആ കാഴ്ച പീലാത്തോസിനു തീത്തും ദുർഗ്രഹമായി. ബറാബാസിന്റെ ബന്ധനംമൂലം താൻ കുടുങ്ങിയ വലയിൽനിന്നു രക്ഷപെടുവാൻ സാധിക്കുകയില്ലെന്നുള്ള ഭീതി അന്നാസിനുണ്ടായതിന്റെ ഫലമായിരുന്നില്ലേ ഈ നാട്യമെന്ന് പീലാത്തോസ് ആലോചിച്ചു. ബറാബാസിനെപ്പററി പ്രൊക്കുറയിററർ എന്തു ചെയ്യുവാൻ പോകുന്നുവെന്നും, പുരോഹിതന്മാരിൽപെട്ട ബറാബാസിന്റെ കൂട്ടുകാർക്കെതിരായി വല്ല കരുവിളക്കങ്ങളുമുണ്ടാകുമോയെന്നും അറിയുന്നതിനുള്ള ഒരു പ്രയോഗമല്ലേ പുരോഹിതന്റെ ഈ ഔദ്ധത്യമെന്ന് അദ്ദേഹം ചിന്തിച്ചു. എന്തായാലും ആ വഴിക്കുള്ള സംതൃപ്തി അന്നാസിനുണ്ടാവരുതെന്നായിരുന്നു പീലാത്തോസിന്റെ തീരുമാനം.

അദ്ദേഹം അനാസ്ഥ ഭാവിച്ച് സംഭാഷണം തുടർന്നു: "ബറാബാസെന്നവന്റെ പേരുമായി ഘടിപ്പിച്ച് ഒരു ജനകീയപ്രക്ഷോഭണത്തിന്റെ കാര്യം അങ്ങ് സൂചിപ്പിച്ചുവല്ലോ. അങ്ങനെയൊരു പ്രക്ഷോഭണം എന്റെ അറിവിൽ പെട്ടിട്ടില്ല. ബറാബാസ് ഒരു കൊലപാതകിയും പെരുങ്കള്ളനുമാണ്. അവൻ ഒട്ടുവളരെ ഹിംസ നടത്തിയിട്ടുള്ള കൂട്ടത്തിൽ റോമൻഭടന്മാരെ ദ്രോഹിക്കുകയും കൊല്ലുകയും ഉണ്ടായിട്ടുണ്ട്. ഇതുമാത്രമേ തൽസംബന്ധം പ്രസ്താവിക്കുവാനുള്ളു. നിങ്ങളുടെ പുരോഹിതന്മാരിൽ ഒരാൾ ഈ പെരുങ്കള്ളന്റെ കൂടെ അടുത്തകാലത്തുണ്ടായിരുന്നുവെന്നും അപഥസഞ്ചാരത്തിൽനിന്നവനെ വിരമിപ്പിക്കുവാൻ ഉൽസാഹിച്ചുവെന്നും എനിക്കറിവുകിട്ടിയിട്ടുണ്ട്. മതത്തിന്റെ ചൈതന്യത്തിനു യോജിച്ച ഒരുദ്യമമായിരുന്നു അതു്. അതിനിടയിൽ എന്റെ ഭടന്മാർ ആ പുരോഹിതനെ പിടിച്ച് അയാളോടേതാണ്ട് രൂക്ഷമായി പെരുമാറിയെന്നറിഞ്ഞതിൽ എനിക്കു കുണ്ഠിതമുണ്ട്. ഭടന്മാരേതു തരക്കാരാണെന്നു പറയേണ്ടതില്ലല്ലോ. പററിയ അബദ്ധത്തിൽ ഞാൻ ഇതാ ഖേദം പ്രകടിപ്പിക്കുന്നു. അന്നുണ്ടായ ഭയത്തിൽനിന്നും വ്യഥയിൽനിന്നും അദ്ദേഹം ഇപ്പോഴേക്കും വിമോചിതനായിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കട്ടെയോ?"

"പ്രൊക്കുറയിററർ, ആ ദേഹം സുഖം പ്രാപിച്ചു. എങ്കിലും കുറഞ്ഞൊന്നു അതേപ്പററി പറയുവാനുണ്ട്. പൗരോഹിത്യം സംബന്ധിച്ചു ഞങ്ങളുടെ കത്തവ്യങ്ങളെ അങ്ങ് മനസ്സിലാക്കിയിട്ടുണ്ടെന്നറിയുന്നതിൽ എനിക്കു സന്തോഷമുണ്ടെങ്കിലും, ആ ബറാബാസിന്റെ സംഗതി ഒട്ടും ഗൗരവം കുറഞ്ഞതല്ല. റാബി നഥാനിയേൽ— അതാണ് പുരോഹിതന്റെ പേരെന്നങ്ങ് അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ—ധാമ്മികമായ ഒരുദ്യമത്തിൽ താൻ ഏപ്പെട്ടിരുന്നുവെന്ന് പറഞ്ഞതു അവിടത്തെ ആളുകളിൽനിന്നു കൂടുതൽ ഉപദ്രവം ഏല്ക്കാതിരിക്കുവാൻ വേണ്ടിയായിരുന്നു."

പീലാത്തോസ് സ്വന്തം ഇരിപ്പിടത്തിൽനിന്നു ചാടി എണീററു: "എന്തു്? നിങ്ങളൊക്കെ ഈ പെരുങ്കള്ളന്റെ കൂട്ടുകെട്ടിൽ പെട്ടിരുന്നുവെന്നുള്ള ഒരു കുററസമ്മതമാണോ ഇതു്?" എന്നിങ്ങനെ അദ്ദേഹം ചോദിച്ചു.

"പ്രൊക്കുറയിററർ, അങ്ങ് തീച്ചയായും ആവിധം കരുതുകയില്ലല്ലോ. ഒരു വിപ്ലവകാരിയുമായി പുരോഹിതവൃന്ദത്തിനു സഖ്യമുണ്ടാകുകയില്ല. എന്നാൽ പ്രസ്തുത പ്രക്ഷോഭണം സംബന്ധിച്ച് ഞങ്ങൾ ധാരാളം ശ്രദ്ധാലുക്കളായിരുന്നു. കുറച്ചുകൂടി വിശദമാക്കിയാൽ നിങ്ങൾ ആ കാര്യത്തിൽ ചെലുത്തേണ്ടിയിരുന്നിടത്തോളം ശ്രദ്ധ ഞങ്ങൾ അതിൽ പതിച്ചിരുന്നു." പ്രക്ഷോഭണത്തിന്റെ ഉള്ളിൽ കടന്ന് അതിനെ നശിപ്പിക്കുന്നതിനുവേണ്ടി ഞങ്ങൾ ബറാബാസുമായി സമ്പക്കത്തിലേർപ്പെട്ടു. ഞങ്ങളുടെ ജാഗരൂകതയില്ലായിരുന്നുവെങ്കിൽ പ്രക്ഷോഭണം രക്തധാരയോടുകൂടിയ ഒരു വിപ്ലവമാകുമായിരുന്നു. ഞങ്ങളുടെ ഭാഗത്തുനിന്നു നഥാനിയേൽ റാബിയായിരുന്നു ബറാബാസിനെ സമീപിച്ചുകൊണ്ടിരുന്നതു്."

കുഴഞ്ഞ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിയിരുന്ന അവസരങ്ങളിൽ ചെയ്യാറുള്ളതുപോലെ എന്തെങ്കിലും മറുപടി പറയുന്നതിനുമുമ്പ് പീലാത്തോസ് ശാലയിൽക്കൂടി അങ്ങുമിങ്ങും കുറഞ്ഞൊന്നു ഉലാത്തി. പ്രശ്നം സാമാന്യത്തിലധികം കുഴഞ്ഞതെന്നു നിസ്സന്ദേഹം അദ്ദേഹത്തിനു തോന്നി. റോമൻഅധികാരികളിൽ കൃത്യവിലോപം ആരോപിക്കുന്ന വൃദ്ധപുരോഹിതനെ അയാളുടെ ശരിയായ സ്ഥാനം അനുസ്മരിപ്പിക്കണമോ, അതോ അയാളുടെ ഔദ്ധത്യത്തിനു പിൻതാങ്ങായിനിന്ന ചേതോവികാരം എന്താണെന്നു മനസ്സിലാക്കാൻ ശ്രമിക്കണമോ എന്നിങ്ങനെ പീലാത്തോസിന്റെ ആലോചന രണ്ടുവഴിക്കു തിരിഞ്ഞു. രണ്ടാമത്തെ പദ്ധതിയാണ് ഒടുവിൽ സ്വീകരിക്കപ്പെട്ടതു്. കൃത്രിമമായ പ്രശാന്തത അവലംബിച്ചിട്ട് ശവല്ലർ പറഞ്ഞു: "ഉന്നതാചാര്യൻ ഹന്നാസ്, റോമൻഭരണകാര്യങ്ങളിലേക്കുള്ള നിങ്ങളുടെ അന്തർഗമനം കക്കശമായ ഒരന്വേഷണത്തിനു വിധേയമാക്കേണ്ടതല്ലയോയെന്നു ഞാൻ സംശയിക്കുന്നു. എന്നിൽ കൃത്യവിലോപം ആരോപിക്കുവാൻ മുതിന്ന നിങ്ങളുടെ ഊഹാതീതമായ ഔദ്ധത്യംപ്രമാണിച്ച് ഈ സംഭാഷണം ഉടൻ അവസാനിപ്പിക്കേണ്ടതല്ലേയോയെന്നും ഞാൻ ചിന്തിക്കാതിരിക്കുന്നില്ല. അവശ്യകരണീയമായതു് അതുതന്നെയാണ്. ഈ ബറാബാസ്കാര്യത്തിൽ അഭിയോഗിയുടെ വേഷം അഭിനയിക്കുവാൻ അങ്ങു തുനിഞ്ഞതിലെ വിചക്ഷണത ചിരിക്കത്തക്കതത്രെ. ഏതായാലും ഒരു കാര്യം പറയൂ. ഈ ബറാബാസ് മരുഭൂമിയിലെ ഒരു പെരുങ്കള്ളനല്ലാ ഒരു വിപ്ലവകാരിയാണെന്നു ധരിക്കുവാൻ ഉന്നതാചാര്യനെ പ്രേരിപ്പിച്ച ഹേതുക്കളെന്തായിരിക്കാം? പിന്നേയും, ആപല്ക്കരമായ ഈ കളിയിൽ സഹകരിക്കുവാൻ — അതിലധികമൊന്നും ഞാൻ പറയുന്നില്ല—നിങ്ങൾക്കെന്താണു ബന്ധം?"

"പ്രൊക്കുറയിററർ, അങ്ങേക്കു വിപ്രിയംവരുത്തുവാൻ ഞാൻ തെല്ലും ഉദ്ദേശിച്ചില്ല. അവിടത്തെ ചോദ്യങ്ങൾക്കു സസന്തോഷം സമാധാനം നൽകിക്കൊള്ളാം. യഹൂദരുടെയിടയിലുള്ള ദേശീയബോധത്തിന്റെ ശക്തി അങ്ങു വേണ്ടവിധം ധരിച്ചിട്ടില്ലെന്നുവരാം. ഞാൻ അതു നിസ്സാരമെന്നു കരുതുന്നില്ല. അതു് ഓരോ യഹൂദന്റേയും ഹൃത്തടത്തിൽ തഴച്ചുവളരുന്നു. ഈ ദേശീയബോധം ദുരുപയോഗിച്ച് യഹൂദസമുദായത്തിനനത്ഥകാരണമാകാതിരിക്കുവാൻ ഉത്സാഹിക്കേണ്ടതു് പുരോഹിതവൃന്ദത്തിന്റെ കത്തവ്യമാണ്. രാഷ്ട്രാധികാരികൾക്കെതിരായ ഏതെങ്കിലും പ്രജാക്ഷോഭം കാണുവാൻ അങ്ങേക്കു മനസ്സുതോന്നിയില്ല. തന്നിമിത്തം അവിടുന്നൊന്നും പ്രവത്തിച്ചുമില്ല."

പീലാത്തോസ് പുച്ഛരസത്തിൽ ചോദിച്ചു: "ബറാബാസ് എന്റെ തടവുകാരനാണെന്നുള്ള സംഗതി അറിഞ്ഞില്ലേ?"

"ശരിതന്നെ. എന്നാൽ അയാളുടെ പാളയത്തിൽ ഞങ്ങൾ പിളപ്പുണ്ടാക്കാതിരുന്നുവെങ്കിൽ അയാളെ പിടിക്കുവാൻ സാധിക്കുകയില്ലായിരുന്നു. ബറാബാസിനെ അയാളുടെ അനുയായികൾതന്നെ ശത്രുക്കൾക്കേല്പിച്ചുകൊടുത്തുവെന്ന സംഗതി അങ്ങു വിസ്മരിച്ചുവോ?"

"ആ അനുയായികൾതന്നെ ഒട്ടുവളരെ റോമൻഭടന്മാരെ കൊന്നൊടുക്കിയതിനുശേഷം."

"അങ്ങനെതന്നെ, പ്രൊക്കുറയിററർ. യഹൂദസമുദായത്തിൽ ഒരു ഭാഗം അത്ഥശൂന്യമായ വധത്തിലേക്കും ആശാവിഹീനമായ വിപ്ലവത്തിലേക്കും ദുന്നീതമായിയെന്നു ഞങ്ങൾ ഗ്രഹിച്ചു. സംഭവങ്ങൾക്കെതിരായി താങ്കൾ കണ്ണടച്ചതിനാൽ യഹൂദരുടെ ഈ ഗതിവിശേഷത്തെ പ്രതികൂലിച്ചെന്തെങ്കിലും ചെയ്യുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. രക്തം ചൊരിച്ചിലോടുകൂടിയ ഒരു പരാജയം യഹൂദക്കനുഭവപ്പെടാതിരിക്കുവാൻവേണ്ടി, അങ്ങു ഞങ്ങളെ തെററിദ്ധരിച്ചേക്കുമോയെന്നു ശങ്കിച്ചിട്ടും, ആ ജനകീയപ്രസ്ഥാനത്തിന്റെ ചിറകരുക്കുവാൻ ഞങ്ങൾ തീർച്ചപ്പെടുത്തി. ഈ സംഗതികളെപ്പററി ശരിയായ വിവരങ്ങൾ ഗ്രഹിക്കുവാൻ റോമായിൽ ആഗ്രഹം ജനിക്കുക ഏതായാലും സ്വാഭാവികമാണല്ലോ. അങ്ങേക്കു ഒട്ടുവളരെ അസൗകര്യങ്ങൾ കുറയ്ക്കുവാൻ ഇതുവരെ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ബറാബാസ് ഇപ്പോൾ ബന്ധനത്തിലായിരിക്കുന്ന സ്ഥിതിക്ക് റോമായിലുള്ള എന്റെ പുത്രന്റെ അന്വേഷണംസംബന്ധിച്ച് ഞാൻ എന്താണങ്ങോട്ടെഴുതി അയക്കേണ്ടതെന്നു അവിടത്തെ അഭിപ്രായം ആരായുക എന്റെ ചുമതലയാണെന്നു ഞാൻ കരുതുന്നു."

അന്നാസിന്റെ മുഖത്തു ഉദ്ധതമായ ദപ്പവും ദ്വേഷപൂർവ്വകമായ ആനന്ദവും ധാരാളം സ്ഫുരിച്ചു. ആത്മനിയന്ത്രണം നഷ്ടപ്പെട്ട പീലാത്തോസ് ക്ഷുബ്ധനും ക്രുദ്ധനുമായി വൃദ്ധപുരോഹിതന്റെനേരെ തിരിഞ്ഞു: "ഉന്നതാചാര്യൻ അന്നാസ്, മതി, മതി, ധാരാളമായി. ഇതൊന്നും എനിക്കു പുത്തരിയല്ല. നിങ്ങൾ പറഞ്ഞതിൽ ഒരക്ഷരംപോലും ഞാൻ വിശ്വസിക്കുന്നുമില്ല. കുററാരോപണം രക്ഷണകവചമായി നിങ്ങൾ സ്വീകരിച്ചിരിക്കുകയാണ്. നിങ്ങൾ ബറാബാസിനെ കൂട്ടുപിടിച്ചു. അയാളുടെ ഉദ്യമം ഫലശൂന്യമായി. നിങ്ങളുടെ കൂട്ടുകെട്ടാധാരമാക്കി ഞാൻ നിങ്ങളുടെ മീശ അരുക്കുമെന്നുവന്നപ്പോൾ നിങ്ങൾ നല്ലപിള്ളചമഞ്ഞ് എന്റെ കത്തവ്യങ്ങളെപ്പററി അപദേശവുമായി അടുത്തുവന്നിരിക്കുന്നു! ഉപജാപത്തിൽ നിങ്ങൾക്കുണ്ടായിരുന്ന ഓഹരിക്കായി ഞാൻ നിങ്ങളോടു കൃതജ്ഞനായിരിക്കണംപോലും! ഇല്ലാ, അന്നാസ്, ഞാൻ അത്രമാത്രം ഗജമണ്ടനല്ല."

(തുടരും)

# വിദേശമിഷ്യനറിമാർ

(ജോസ് ജെ. അമയപ്പറമ്പിൽ, കരിമണ്ണൂർ)

ഇൻഡ്യയിൽ, ക്രൈസ്തവസഭയുടെ സാംസ്കാരികവും ആദ്ധ്യാത്മികവുമായ പുരോഗതിക്കുവേണ്ടി വിദേശമിഷ്യനറിമാർ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ സേവനങ്ങൾ നിരവധിയാണ്. ക്രിസ്തുവിന്റെ അരുമശിഷ്യന്മാരിലൊരാളായ തോമ്മാശ്ലീഹാ, ഈ മണ്ണിൽ വിതറിയ ആ വിജ്ഞാനദീപം കൂടുതൽ കൂടുതൽ പ്രകാശിക്കുവാൻ ഫ്റാൻസിസ് സേവ്യറെപ്പോലുള്ള വിദേശമിഷ്യനറിമാരുടെ ആഗമനം വളരെയധികം സഹായിച്ചു.

സ്വന്തം നാടും വീടുമുപേക്ഷിച്ച് വിദൂരതയിൽ, നിരാലംബരായി കഴിയുന്ന ദരിദ്രലക്ഷങ്ങളെ ഉദ്ധരിക്കുവാൻ ഇവർ സസന്തോഷം ഇറങ്ങിത്തിരിച്ചിരിക്കുന്നു. സ്നേഹം, ത്യാഗം, സഹനം ആദിയായവകളെ മുൻനിത്തിക്കൊണ്ടുള്ള ഇവരുടെ സേവനം എത്രയോ അഭികാമ്യമായിട്ടുള്ളതാണ്. ഈ മനുഷ്യസ്നേഹികൾ തങ്ങളുടെ ആരോഗ്യവും ആയുസ്സും പണയംവച്ചുകൊണ്ടു് ചെയ്യുന്ന നിസ്വാത്ഥസേവനങ്ങൾ എത്രയോ പ്രശംസനീയമാണ്. തങ്ങളുടെ പ്രവത്തനങ്ങളിൽ എത്ര കഠിനമായ വിഷമതകളുണ്ടായാലും, അ


ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡ്ഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല തിരുവനന്തപുരം.

അഭിവൃദ്ധിപത്രിക

| വർഷം | അടച്ചുതീത്ത മൂലധനം | സ്ഥിര നിക്ഷേപം | ആകെ നിക്ഷേപം | പ്രവത്തന മൂലധനം |
|---|---|---|---|---|
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |
| 1955 | 5,97,150 | 23,61,040 | 31,74,056 | 39,47,506 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

മാനേജിംഗ് ഡയറക്ടർ

തെല്ലാം സന്തോഷപൂർവ്വം സഹിച്ചുകൊണ്ടു പ്രവർത്തിക്കുന്നു. ഭീകരമായ വനാന്തരങ്ങളിൽ, രാപകൽ ഭേദമെന്യേ, വെയിലോ മഴയോ കൂട്ടാക്കാതെ മലമ്പനിയുടേയും കൊതുകിന്റേയും ഉപദ്രവങ്ങൾ വകവയ്ക്കാതെ ഇവർ പ്രവർത്തിക്കുന്നു. കഷ്ടപ്പെടുന്ന സ്വസഹോദരങ്ങളുടെ കണ്ണുനീർ തുടയ്ക്കുവാൻ ഇവർക്കു മടിയില്ല. തോട്ടിറമ്പുകളിലും കുററിക്കാടുകളിലും കിടന്നു് ദിനദിനം വിലപിക്കുന്ന അനാഥശിശുക്കളെ ഇരുകൈകളും നീട്ടി എടുത്തു് മാറോടണച്ചു ചുംബിക്കുവാനും മാതൃസഹജമായ സ്നേഹവാത്സല്യങ്ങളോടെ അവരെ ശുശ്രൂഷിച്ചുവളർത്തുവാനും ഈ മനുഷ്യസ്നേഹികൾക്കുള്ള കഴിവു് ഒന്നു വേറെതന്നെയാണു്.

ഇൻഡ്യയുടെ നാനാഭാഗങ്ങളിലേക്കും നമുക്കൊന്നു കണ്ണോടിക്കാം. എന്തൊക്കെയാണു് കാണുന്നതു്? സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും അമൂല്യനിക്ഷേപങ്ങളുടെ ഭണ്ഡാഗാരങ്ങളായ ആതുരാലയങ്ങളും അനാഥമന്ദിരങ്ങളും എവിടെയും ധാരാളം കാണാം. മാത്രമോ? അജ്ഞാനാന്ധകാരത്തിൽ തപ്പിത്തടയുന്ന ജനകോടികളെ ശുദ്ധീകരിച്ചെടുക്കുന്ന മൂശകളായ വിദ്യാസൗധങ്ങൾ! അദ്ധ്വാനിക്കുന്നവന്റെ ഹൃദയവ്യഥകളെ കേട്ടു് അവനാശ്വാസം നൽകുന്ന ദിവ്യയജമാനൻ പള്ളികൊള്ളുന്ന മനോഹരങ്ങളായ ഉത്തുംഗദേവാലയങ്ങൾ! അങ്ങനെ ജീവകാരുണ്യപരമായും സാംസ്കാരികമായും ആദ്ധ്യാത്മികമായും ഓരോരുത്തനും വേണ്ടുന്ന സേവനം നൽകുന്ന അനവധി രംഗങ്ങൾ. നിരാശ്രയരും രോഗികളുമായി വേദന അനുഭവിക്കുന്നവർക്കും, അനാഥരായി ത്യജിക്കപ്പെടുന്ന ശിശുക്കൾക്കും മററും ആതുരാലയങ്ങൾ, അനാഥശാലകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഒരനുഗ്രഹമല്ലേ?

ഇപ്രകാരം അമൂല്യസേവനങ്ങൾ ചെയ്തു ജീവിതം കഴിച്ചുകൂട്ടുന്ന ഈ വിദേശമിഷ്യനറിമാരെ ഇൻഡ്യയിൽനിന്നും തുരത്തുവാനുള്ള പല ശ്രമങ്ങളും പലയിടത്തും നടന്നുവരുന്നുണ്ടു്. അതിനുവേണ്ടി ഇൻഡ്യയിലെ പല സംസ്ഥാനഗവമ്മേൻറുകളും വേണ്ട പിൻതുണ നൽകുന്നുണ്ടു്. ഇതിനുദാഹരണമാണു്, മദ്ധ്യപ്രദേശ്ഗവമ്മെൻറിന്റെ നിഗൂഢശ്രമങ്ങൾ.

വളരെയധികം ഗുണങ്ങളല്ലാതെ യാതൊരു ദോഷവും ഈ മിഷ്യനറിമാർ ഇവിടെ ചെയ്തിട്ടില്ല. ഇൻഡ്യയിൽ ക്രിസ്തീയസഭയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്ന ശ്രേയസ്കരമായ പുരോഗതി കണ്ടിട്ടുള്ള അസൂയയല്ലാതെ മറെറാന്നുമല്ല ഈ വിധ നിഗൂഢശ്രമങ്ങൾക്കു് പ്രേരകമായിട്ടുള്ളതു്. പക്ഷേ, ഈ "തുരപ്പന്മാ"രുടെ ആത്മാർത്ഥതാരഹിതങ്ങളായ പ്രവർത്തനങ്ങൾ എത്രമാത്രം വിജയിക്കുമെന്നു കണ്ടറിയണം. അവകൊണ്ടൊന്നും ക്രിസ്തീയസഭയ്ക്കോ മിഷ്യനറിമാർക്കോ യാതൊന്നും പററാനില്ലായെന്നു് നിസ്സംശയം പറയാം.

---

(1-ാംപേജ് തുടർച്ച)

യി കലാശിക്കുന്നതാണു്.

ആയതിനാൽ കത്തോലിക്കരായ നാം, ഉണരണം, പ്രവർത്തിക്കണം, നീതിബോധമുള്ളവരാകണം എന്ന പൊതുപദപ്രയോഗങ്ങൾകൊണ്ടു് തൃപ്തിയടയേണ്ട കാലമല്ലയിതു്. ദൈവം ദ്രോഹിക്കപ്പെടുന്നതും മനുഷ്യൻ ശിക്ഷിക്കപ്പെടുന്നതും കാണുകയെന്നതു് സമാധാനറാണിയായ മാതാവിനു സഹ്യമല്ല. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ജപമാലഭക്തിയും ദിവ്യജനനിയുടെ വിമലഹൃദയത്തോടുള്ള ഭക്തിയും നാം മുറുകെ പിടിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കത്തോലിക്കരായ നമ്മോടാണു് നാരകീയശക്തികൾ ആഗോളവ്യാപകമായ സമരം തുടങ്ങിയിരിക്കുന്നതു്. അതിനാൽ നാം പ്രാർത്ഥിക്കണം. പ്രായശ്ചിത്തമനുഷ്ഠിക്കണം. പ. ജനനിയെ കുഞ്ഞുപൈതങ്ങളെപ്പോലെ അഭയംതേടണം. ഒരു കൊന്തയെങ്കിലും നാം ദൈനംദിനം ഭക്തിയോടുകൂടി ജപിക്കണം. പോരാ, മാസാദ്യശനിയാഴ്ച നമ്മുടെ പ്രിയ അമ്മ വ്യക്തമായി ആവശ്യപ്പെട്ടിരിക്കുന്നതുപോലെ, കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിക്കുകയും ഒരു കൊന്ത അന്നു ജപിക്കുകയും പതിനഞ്ചുമിനിററു നേരം ജപമാലരഹസ്യങ്ങളെക്കുറിച്ചു ധ്യാനിക്കയും ദിവ്യജനനിയുടെ വിമലഹൃദയത്തിനു പാപംമൂലം മനുഷ്യർ ഉളവാക്കുന്ന വ്യഥയ്ക്കു പരിഹാരമായി നാം കാഴ്ചവെക്കയുംവേണം. ഇങ്ങനെ ഫാത്തിമായിൽ പ. ജനനി നൽകിയ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ആ ദിവ്യസന്ദേശം പ്രായോഗികമാക്കി നമ്മുടെ കരയുന്ന അമ്മയെ അല്പമെങ്കിലും സമാശ്വസിപ്പിക്കുന്നതിനു നമുക്കു ഒത്തുചേർന്നു പരിശ്രമിക്കാം. അപ്പോൾ ഫാത്തിമാനാഥ പ്രവചിച്ചതുപോലെ ലോകത്തെ തുറിച്ചു നോക്കി വിറപ്പിച്ചുകൊണ്ടിരിക്കുന്ന അന്ധകാരശക്തികൾ തോറേറാടുകയും നാം അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചുപോരുന്ന സാക്ഷാൽ ദൈവികസമാധാനം നമുക്കു കൈവരുകയുംചെയ്യും.

---

# വോട്ടിംഗ് അഥവാ സമ്മതിദാനം

## വൈദികാദ്ധ്യക്ഷന്മാരുടെ ശ്രദ്ധേയമായ നിർദ്ദേശങ്ങൾ

(അമ്പൂന്തിയോസ്)

ഇന്ത്യ രാഷ്ട്രീയസ്വാതന്ത്ര്യം പ്രാപിച്ചിട്ടു് 10 സംവൽസരങ്ങൾ പൂർത്തിയാകുന്നതു് അടുത്തകൊല്ലമാണു്. നമ്മുടെ പൊതുതിരഞ്ഞെടുപ്പു് അടുത്ത കൊല്ലം നടക്കുമെന്നു പ്രഖ്യാപിച്ചുകഴിഞ്ഞു. ഒരുക്കങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. വ്യക്തികളും, സമുദായങ്ങളും, സാമുദായികരാഷ്ട്രീയസംഘടനകളും കക്ഷികളും പ്രചരണവേല സമാരംഭിച്ചിരിക്കുന്നു. ഈ അവസരത്തിൽ വോട്ടിംഗിന്റെ പ്രാധാന്യത്തേയും, അതിൽ പൗരന്മാർക്കു്, വിശിഷ്യ കത്തോലിക്കാ പൗരന്മാർക്കു് ഉണ്ടായിരിക്കേണ്ട ഉത്തരവാദിത്വബോധത്തേയും കുറിച്ച് തിരുസഭാദ്ധ്യക്ഷന്മാരുടെ അദ്ധ്യാപനത്തിന്റെ വെളിച്ചത്തിൽ ചുരുക്കമായി പ്രതിപാദിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

### വോട്ടിംഗിന്റെ പ്രാധാന്യം

വോട്ടിംഗ് അഥവാ സമ്മതിദാനംവഴിയായിട്ടാണു് രാഷ്ട്രീയധമനികളിൽക്കൂടി സ്വാതന്ത്ര്യപൗരാഭിപ്രായമാകുന്ന ജീവരക്തം പമ്പുചെയ്യുന്നതെന്നു നാം ഓർക്കണം. സാക്ഷാത്തായ ഒരു ജനകീയരാഷ്ട്രത്തിന്റെ, പ്രജാധിപത്യഭരണക്രമത്തിന്റെ, ഹൃദയം ശരിയായി സ്പന്ദനം ചെയ്വാനിടയാകുന്നതു് ധാർമ്മികനിയമങ്ങളനുസരിച്ചുള്ള വോട്ടിംഗ്മൂലമാണു്. ജനകീയഭരണക്രമത്തിന്റെ പരീക്ഷണഘട്ടത്തിലൂടെയാണു് നാം കടന്നുപോകുന്നതു്; അതിന്റെ പ്രാഥമികപാഠങ്ങൾതന്നെ വേണ്ടിടത്തോളം നാം പഠിച്ചുകഴിഞ്ഞിട്ടില്ല. എങ്കിലും ജനകീയാദർശത്തിന്റെ ഉന്നതസ്ഥാനത്തെത്തിയ പ്രതീതിയാണു് ഇവിടെ കാണുന്നതു്. പ്രായപൂർത്തിവോട്ടവകാശം ഇതിനു് മകുടോദാഹരണമത്രേ. ജനകീയഭരണാദർശത്തിന്റെ ഏററം പുരോഗമനപരമായ നിലയാണു് പ്രായപൂർത്തിവോട്ടവകാശത്താൽ സൂചിപ്പിക്കപ്പെടുന്നതു്. ജനകീയഭരണക്രമത്തിനു വേണ്ടിടത്തോളം പാകമാകാത്ത ഈ പരിതഃസ്ഥിതിയിൽ സാമാന്യജനങ്ങൾ തങ്ങളുടെ പ്രായപൂർത്തിവോട്ടവകാശം യഥാവിധി പ്രയോഗിക്കുന്ന കാര്യമാണു് വിഷമം. ബെൺനാർഡ് ജെ. മുല്ലൻ എന്ന സുപ്രസിദ്ധഗ്രന്ഥകാരൻ പറയുന്നതു് ശ്രദ്ധേയമത്രേ: "പൗരസഞ്ചയത്തിലെ മാന്യന്മാരും ബുദ്ധിമാന്മാരുമായവർപോലും, തിരഞ്ഞെടുപ്പിനു വേണ്ടവിധം ഒരുങ്ങുന്നില്ല എന്ന തെററിൽ ഉൾപ്പെടുന്നു .. ബുദ്ധിപൂർവ്വകമായ സമ്മതിദാന (വോട്ടിംഗ്) ത്തിന്റെ കാര്യത്തിൽ, തിരഞ്ഞെടുപ്പിനു് അല്പം മുമ്പായിട്ടുള്ള രാഷ്ട്രീയമായ ഒരു മിന്നൽവീക്ഷണം— മിന്നലൊരുക്കം—മതിയാകയില്ല. പിന്നെയോ, പൗരന്മാർക്കു് രാഷ്ട്രീയനിലയെപ്പററി ശരിയായ, തെളിവായ, ജ്ഞാനമുണ്ടായിരിക്കണം; ഈ ജ്ഞാനമാകട്ടെ, പൊതുകാര്യങ്ങളിൽ പരിചയവും പ്രസക്തിയുമുള്ളവർക്കേ സിദ്ധിക്കയുള്ളു." ആകയാൽ, നമ്മെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയനിലവാരത്തെപ്പററി അവശ്യാവശ്യമായ അറിവുസമ്പാദിക്കണം; ധർമ്മബോധം വേണം; നമ്മുടെ പൊതുതാല്പര്യങ്ങളെ ബാധിക്കുന്ന കാര്യങ്ങളിൽ ഔൽസുക്യമുണ്ടായിരിക്കണം; വോട്ടിംഗിനു് നേരത്തേതന്നെ ഒരുങ്ങണം; വിദ്യാഭ്യാസംകൊണ്ടും, സാമുദായികനിലകൊണ്ടും മുന്നണിയിൽ നില്ക്കുന്നവർ സ്വയം ഒരുങ്ങുന്നതു കൂടാതെ മററുള്ളവരേയും പൗരധർമ്മങ്ങൾക്കനുസൃതമായി സഹായിക്കണം. ഇൻഡ്യയിൽ ഒരു ന്യൂനപക്ഷമായ ക്രൈസ്തവരുടെ, വിശിഷ്യാ കത്തോലിക്കരുടെ, നിലയെഅപകടത്തിലാക്കുന്ന ജനനനിയന്ത്രണം, വിദേശമിഷ്യനറിമാരോടുള്ളനയം, നിയോഗിക്കമ്മററി റിപ്പോർട്ടിൽ പ്രകാശിതമായിരിക്കുന്നതുപോലുള്ള വേദപ്രചാരണപ്രതിബന്ധങ്ങൾ, നമ്മുടെ സഭാനിയമമനുസരിച്ചു് കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള വിഷമതകൾ, ദൈവാലയം ശ്മശാനമാദിയായവ സ്ഥാപിക്കുന്നതിലുള്ള അനാശാസ്യമായ നൈയാമികനിഷ്കർഷകൾ, സർവ്വോപരി കമ്മ്യൂണിസം തുടങ്ങിയ നശീകരപ്രസ്ഥാനങ്ങൾ, ഇവയെല്ലാം നമ്മെ തുറിച്ചുനോക്കുന്ന ആധുനികമഹാപ്രശ്നങ്ങളത്രേ. എങ്കിലും ഈ പ്രശ്നങ്ങളുടെ മുമ്പിൽ നാം വൃഥാ കൈയുംകെട്ടി നില്ക്കാൻ പാടില്ല.


For favours received



Mrs. Achamma Devassy
BOMBAY


പരിശുദ്ധപിതാവു് പറയുന്നു: "ഒന്നും സാദ്ധ്യമല്ല എന്നുപറഞ്ഞുകൊണ്ടു് ക്രൈസ്തവർ കണ്ണുമടച്ചു് കൈയുംകെട്ടി നില്ക്കുന്നതു് തെററാകുന്നു. വിജയലബ്ധിയിലുള്ള ഉത്തമ പ്രത്യാശയെ പ്രകാശിപ്പിക്കുന്ന നിർഭയമായ മനോവീര്യത്തെയും, വിശ്വാസം ശരണം ഉപവി എന്നിവയാൽ പരിപുഷ്ടമായ പ്രകൃത്യതീതശൗര്യത്തെയും ക്രിസ്ത്യാനികൾക്കു് പ്രയോഗിക്കാവുന്നതാണു്, സ്വാർത്ഥതല്പരവും അനാശാസ്യവുമായ തത്വവാദങ്ങളുടെ നേരെ. ഈ പ്രകൃത്യതീതശക്തിപ്രയോഗത്താൽ ലോകമാസകലം ശുദ്ധമായൊരു വായുപ്രസരമുണ്ടാകയും, ഭയത്തിന്റേയും അവിശ്വാസസംബന്ധമായ അധമാചാരങ്ങളുടെയും വിഷമയമായ അന്തരീക്ഷം ശുദ്ധീകൃതമാകയും ചെയ്യും. അന്ധമായിരുന്ന കണ്ണുകൾ സത്യത്തിന്റേയും നീതിയുടേയും സൂക്ഷ്മദർശനത്തിനായി വീണ്ടും തുറക്കപ്പെടുകയും ചെയ്യും." (12-ാം പീയൂസ്, പ്രഭാഷണം. 1947 ജൂൺ 2.)

തനി രാഷ്ട്രീയകാര്യങ്ങളിൽ തിരുസഭ ഇടപെടുന്നില്ല. എങ്കിലും വിശ്വാസം, സന്മാർഗ്ഗം എന്നിവയോടു ബന്ധപ്പെട്ട രാഷ്ട്രീയകാര്യങ്ങൾ വരുന്നതുകൊണ്ടു്, വിശ്വാസസന്മാർഗ്ഗങ്ങളുടെ സംരക്ഷണഭാരം ഏറെറടുത്തിരിക്കുന്ന സഭ, ഇക്കാര്യങ്ങളിൽ സ്വസന്താനങ്ങൾ അനുവർത്തിക്കേണ്ട നയത്തെക്കുറിച്ചു് അവസരോചിതമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടാണിരുന്നിട്ടുള്ളതു്. ഈ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ വേണം നാം സമ്മതിദാനത്തിനൊരുങ്ങുവാൻ. ഈ നിർദ്ദേശങ്ങൾ കത്തോലിക്കർക്കു മാത്രമല്ല, ഈശ്വരവിശ്വാസവും ധർമ്മബോധവുമുള്ള ഏവർക്കും സ്വീകാര്യമത്രേ. കാരണം, ഇവ കത്തോലിക്കാ വിശ്വാസത്തെ മാത്രമല്ല, സ്വാഭാവികപ്രമാണങ്ങളെക്കൂടെയും ആസ്പദമാക്കിയുള്ളതാകുന്നു.

### രാഷ്ട്രീയമായ കടമ

"പൊതുനന്മയുടെ കാര്യത്തിൽ അശ്രദ്ധനായിരിക്കയും അതിനായി പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നതുപോലുള്ള അബദ്ധനിലയാണു് പൊതുക്കാര്യങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതു്. കത്തോലിക്കർ ഇക്കാര്യങ്ങളിൽ ഒഴിഞ്ഞുമാറിനില്ക്കുന്നപക്ഷം, രാജ്യക്ഷേമത്തിനു പര്യാപ്തമാംവിധം പ്രവർത്തിക്കുമെന്നു പ്രത്യാശിക്കാൻ നിവൃത്തിയില്ലാത്ത— നിഷിദ്ധതത്വങ്ങൾ അവലംബിച്ചിരിക്കുന്ന—ആളുകൾ വളരെ എളുപ്പത്തിൽ ഭരണസാരഥ്യം കൈക്കലാക്കും. ഇതു് ക്രൈസ്തവമതത്തിനു ഹാനികരമായിരിക്കും. എന്തെന്നാൽ, രാഷ്ട്രീയപ്രാബല്യം പ്രാപിക്കുന്ന ഇക്കൂട്ടർ തിരുസ്സഭയോടു സന്മനോഭാവം പ്രദർശിപ്പിക്കാത്തവരായിരിക്കും. സഭയോടു മൈത്രീഭാവത്തിൽ കഴിഞ്ഞുകൂടുന്നതിനാഗ്രഹിക്കുന്നവർക്കാകട്ടെ യാതൊരു സ്വാധീനശക്തിയും ചെലുത്താൻ സാധിക്കാതെ പോകുകയും ചെയ്യും. ആകയാൽ, കത്തോലിക്കർ എന്ന നാമം അന്വർത്ഥമാക്കുന്ന ഏവരുടെയും പ്രഥമവും പ്രധാനവുമായ ചുമതലയത്രേ സത്യത്തിന്റെയും ധർമ്മത്തിന്റെയും പുരോഗമനാർത്ഥം പൊതുക്കാര്യങ്ങളിൽ പ്രവർത്തിക്കാനുള്ള അവസരങ്ങളെയും കഴിവുകളേയും വിനിയോഗിക്കയെന്നതു്." —(13-ാം ലെയോ, "ഇമ്മോർത്താലേ ദേയി," 1885 നവംബർ 1).

"രാഷ്ട്രീയമായി പ്രവർത്തിക്കാനുള്ള അവസരങ്ങളെ ഏതൊരു നല്ല പൗരനും നന്നായി വിനിയോഗിപ്പാൻ കടപ്പെട്ടിരിക്കുന്നു. കത്തോലിക്കരെല്ലാം ഉത്തമപൗരന്മാരായിരിക്കണമെന്നു് കത്തോലിക്കാ വിശ്വാസം നിഷ്കർഷിക്കുന്നതിനാൽ, ഇക്കാര്യത്തിൽ അവരുടെ കടമ വിശേഷവിധിയായിട്ടുള്ളതാകുന്നു." —(11-ാം പീയൂസ് "പെക്കൂവിയാരി കോന്ദാം", 1928 ജൂൺ 24)

"രാഷ്ട്രീയകാര്യങ്ങളിൽ ഒരുവനും നിരുൽസുകനായിരിക്കരുതു്. കാരണം, രാഷ്ട്രീയകാര്യങ്ങൾ പൊതുനന്മയെ സംബന്ധിക്കുന്നതാകുന്നു; കേവലം വ്യക്തിപരമായ താല്പര്യങ്ങളെ സംബന്ധിക്കുന്നതല്ല." —(11-ാം പീയൂസ്. ഇററാലിയൻ ഫെഡറേഷനംഗങ്ങളോടുള്ള പ്രഭാഷണം, 1926 ഒക്ടോബർ 30.)

"The political field is a field for the widest charity of all, the field of political charity, of which it can be said that none other is superior save that of religion" (P. Pius XI: Discourse to the Catholic University Federation, 18th Dec. 1927). ദൈവാരാധനയെ സംബന്ധിച്ച സർവ്വോൽകൃഷ്ടധർമ്മം കഴിഞ്ഞാൽ ഏററവും വലുതു് രാഷ്ട്രീയരംഗത്തു് നിർവ്വഹിക്കാവുന്ന പൊതുജനസേവനത്തെ സംബന്ധിച്ച ധർമ്മമാണെന്നു് മാർപ്പാപ്പാ തിരുമേനി പറയുന്നു.

"ദൈവദൂതന്മാർ പ്രവേശിക്കാൻ മടിക്കുന്നിടത്തു് ഭോഷന്മാർ ചാടിക്കയറുന്നു" എന്ന പഴമൊഴി നമ്മുടെ ചില രാഷ്ട്രീയരംഗങ്ങളിൽ കാണുന്നില്ലേ? വാസ്തവത്തിൽ യോഗ്യന്മാരായ ആളുകൾ പരാജയത്തെ ഭയന്നും, വോട്ടുപിടിത്തത്തിലുള്ള അസാമാന്യക്ലേശത്തേയും ധനവിനിയോഗത്തേയും ഓർത്തും മററും സ്ഥാനാർത്ഥികളായി നില്ക്കാൻ മടിക്കുന്നു; എന്നാൽ അയോഗ്യന്മാരായ ചിലരോ സ്വനിയോജകമണ്ഡലത്തിലെ ഭൂരിഭാഗംവരുന്ന ജനങ്ങളുടെ ഹിതത്തിനെതിരായി അധികാരകേന്ദ്രങ്ങളിൽ സ്വാധീനശക്തി ചെലുത്തി, പണം കുറേ ചിലവായാലും ജയിച്ചുകയറിപ്പററിയാൽ ഏ




ളുവിധേനയും അതു പരിഹരിച്ചു കൊള്ളാമെന്ന ഉദ്ദേശത്തോടെ സ്ഥാനാർത്ഥികളായി നില്ക്കുന്നു. ഇക്കൂട്ടർ ജയിച്ചാൽ ജനഹിതത്തിനെതിരായ അനാശാസ്യനടപടികൾമൂലം പൊതുജനവിശ്വാസം നശിപ്പിക്കയും പൊതുനന്മയ്ക്കുപകരിക്കുന്ന മാർഗ്ഗങ്ങൾ അടച്ചുകളകയുംചെയ്യും. അതിനാൽ ഈ അവസരത്തിൽ ചെയ്യേണ്ടതു്, യോഗ്യന്മാരായ സ്ഥാനാർത്ഥികളെ നേരത്തെ അന്വേഷിച്ചു കണ്ടുപിടിച്ചു് ശുപാർശചെയ്യുകയും, അവർക്കുവേണ്ടി പ്രചരണം നടത്തുകയുമാണു്. ആവശ്യമുള്ള സ്ഥാനങ്ങളിൽ ഓരോ ഫണ്ടുണ്ടാക്കി അവരെ സഹായിക്കയുംവേണം. തിരഞ്ഞെടുപ്പിൽ ജയിക്കാനുള്ള വിഷമതകൾ ഭയന്നു് യോഗ്യന്മാരായവർ രാഷ്ട്രീയസേവനാർത്ഥം മുമ്പോട്ടുവരുന്നില്ലെങ്കിൽ നമുക്കു അതൊരു തീരാനഷ്ടമായിരിക്കും. യോഗ്യന്മാരായവർക്ക് ഈദൃശ പൊതുജനസേവനത്തിനുള്ള കടമ മാർപ്പാപ്പാമാരുടെ ഉദ്ധൃതവാക്യങ്ങളിൽ നിന്നു സ്പഷ്ടമാണല്ലോ.

### സമ്മതിദാനം

“നിയമനിർമ്മാണസഭയിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമായിട്ടാണു് തിരുസ്സഭ പരിഗണിക്കുന്നതെന്നുള്ള സംഗതി എല്ലാ കത്തോലിക്കരും അറിഞ്ഞിരിക്കണം. ആകയാൽ പൊതുനന്മയുടെ കാര്യത്തിലെന്നപോലെതന്നെ മതസംരക്ഷണകാര്യത്തിലും തല്പരരായ ആളുകൾ തിരഞ്ഞെടുക്കപ്പെടുവാൻ കത്തോലിക്കർ ന്യായമായ എല്ലാ മാർഗ്ഗങ്ങളും വിനിയോഗിക്കണം” (13-ാം ലെയോ. ബ്രസ്സീലിയൻ മെത്രാന്മാർക്കുള്ള തിരുവെഴുത്തു്, 1894 ജൂലൈ 2)

“കത്തോലിക്കർക്കു് തങ്ങളുടെ രാഷ്ട്രീയാശയങ്ങളുടേയും ആദർശങ്ങളുടേയും വിജയത്തിനായി സമ്മതിദാനാവകാശം പ്രയോഗിക്കാം. എങ്കിലും തങ്ങളുടെ രാഷ്ട്രീയാദർശത്തോടുള്ള, അഥവാ രാഷ്ട്രീയകക്ഷിയോടുള്ള മമത, മതത്തിനും പൊതുനന്മയ്ക്കും അതീതമായിത്തീരരുതു്. തിരഞ്ഞെടുപ്പുകളിൽ കത്തോലിക്കർ തമ്മിൽ മത്സരിക്കുന്നതു് വലിയ തെററാകുന്നു. ഏതാദൃശമാത്സര്യങ്ങളും ഭിന്നതകളുംമൂലം തിരുസ്സഭ ക്രൂരയാതനകളും പീഡനങ്ങളും സഹിക്കേണ്ടതായി വന്നിട്ടുണ്ടു്. അവ രാജ്യത്തിനും പൊതുസമാധാനത്തിനും ഹാനികരമായിത്തീരാവുന്നതുമാണു്. ആകയാൽ മതത്തിൻേറയും രാഷ്ട്രത്തിൻേറയും ഉത്തമതാല്പര്യങ്ങളെ ഉൾക്കൊള്ളുന്ന തിരഞ്ഞെടുപ്പുമത്സരങ്ങളിൽ കത്തോലിക്കാ ഭൂരിപക്ഷത്തിൻേറയും സന്മനസ്സുരായ ആളുകളുടേയും സമ്മതിയുള്ള സ്ഥാനാർത്ഥിക്കു് വോട്ടുചെയ്യാൻ എല്ലാവർക്കും ചുമതലയുണ്ടു്. സ്വകാര്യലാഭത്തിനും, അനാശാസ്യകക്ഷിമാത്സര്യത്തിനും സ്ഥാനം നൽകയുമരുതു്.” (10-ാം പീയൂസ്. “ഇന്തർ കത്തോലിക്കോസ്”, 1906 ഫെബ്രുവരി 2)

“ചില രാഷ്ട്രീയനേതാക്കന്മാരുടെ അഴിമതികൾമൂലം താൻ രാഷ്ട്രീയകാര്യങ്ങളിൽനിന്നും പിന്മാറുന്നുവെന്നു് യാതൊരു പൗരനും പറയാവുന്നതല്ല. ഒരു ക്രിസ്ത്യാനി തൻെറ സമ്മതിദാനം ഉപയോഗിക്കാൻ ബാദ്ധ്യസ്ഥനാകുന്നു. പരിശുദ്ധ പിതാവു് അടുത്തകാലത്തു പ്രഖ്യാപിച്ചതുപോലെ, ഗുരുതരമായ സംഗതികൾക്കു് അപകടം നേരിടാവുന്ന സാഹചര്യങ്ങളിൽ ഒരുവൻ തൻെറ സമ്മതിദാനം യഥാവിധി ഉപയോഗിക്കാതിരിക്കുന്നതു് ഉപേക്ഷവഴിയായിട്ടുള്ള ചാവുദോഷമായിത്തീരും. ഒരു രാഷ്ട്രത്തിൻെറ ഭരണകൂടത്തെ നിർണ്ണയിക്കുന്ന പൊതുതിരഞ്ഞെടുപ്പുകളിൽ മാത്രമല്ല പ്രാദേശികതിരഞ്ഞെടുപ്പുകളിലും, ട്രേഡ്‌യൂണിയൻ, മുതലാളിയൂണിയൻ എന്നുവേണ്ട വോട്ടുചെയ്യാൻ അർഹതയുള്ളതായി ജീവിതവൃത്തിസംബന്ധിച്ച സകല സംഘടനകളുടെ തിരഞ്ഞെടുപ്പുകളിലും ഒരു ക്രിസ്ത്യാനി തൻെറ പൗരാവകാശം ഉപയോഗിക്കാൻ ബാദ്ധ്യസ്ഥനാകുന്നു. തിരഞ്ഞെടുപ്പുദിവസത്തോടുകൂടി സമ്മതിദായകൻെറ കടമ അവസാനിക്കുന്നില്ല. തൻെറ പേരിൽ എന്താണു പ്രതിനിധി അഥവാ പ്രതിനിധികൾ ചെയ്യുന്നതെന്നു ഒരുത്തമപൗരൻ എപ്പോഴും സൂക്ഷിച്ചുകൊണ്ടിരിക്കണം. സ്വാഭാവികനിയമത്തിനോ സഭാനിയമത്തിനോ എതിരായ യാതൊരു നിയമവും പാസ്സാക്കപ്പെടാതിരിപ്പാൻ അയാൾ സ്വകഴിവനുസരിച്ചുള്ള ന്യായാനുസൃതമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കണം”. (ആസ്ത്രേലിയൻ മെത്രാന്മാരുടെ സംയുക്തഇടയലേഖനം, 1950)




### യോഗ്യതാമാനദണ്ഡം

വോട്ടിംഗിൻെറ അർത്ഥം ഒരാളിൽ മറെറാരാളിലേക്കാൾ സ്വസമ്മതി പ്രകടിപ്പിക്കുകയെന്നതാണല്ലോ. ഒരു രാജ്യത്തിൻെറ പൊതുനന്മ വളരെയധികം വോട്ടിംഗിനെ ആശ്രയിച്ചിരിക്കുന്നതിനാൽ ഇതു് വളരെയധികം ആലോചനയോടെ ചെയ്യേണ്ട ഒരു കൃത്യമാണെന്നു സിദ്ധിക്കുന്നു. സ്ഥാനാർത്ഥിയുടെ സർവ്വതോമുഖമായ യോഗ്യത, അയാൾ നിർവ്വഹിക്കാനുള്ള ഉദ്യോഗത്തിൻെറ പ്രാധാന്യം, സമ്മതിദായകൻെറ വോട്ടുകൊണ്ടു ചെലുത്താവുന്ന സ്വാധീനശക്തി എന്നീ മൂന്നു കാര്യങ്ങൾ വിശേഷാൽ പരിഗണനാർഹങ്ങളാകുന്നു. മുറയ്ക്കുപറഞ്ഞാൽ സ്ഥാനാർത്ഥിയുടെ ധർമ്മബോധവും അതിനോടനുബന്ധമായ മററു യോഗ്യതാഗുണങ്ങളുമല്ലാതെ സ്വകാര്യലാഭമോ സ്ഥാനാർത്ഥിയുടെ ഭീഷണിയോ, മൈത്രിയോ, കക്ഷിനോട്ടമോ, ജാതിയോ, മതമോ വോട്ടിംഗിനു പ്രേരകമാകരുതു്. ഏതു സ്ഥാനാർത്ഥിക്കും വിവേകവും, ദീർഘദൃഷ്ടിയും, ദൈവത്തോടും ജനങ്ങളോടുമുള്ള ഉത്തരവാദിത്വബോധവും ധർമ്മബോധത്തോടെ പക്ഷപാതരഹിതനായി പ്രവർത്തിക്കാനുള്ള മനോദാർഢ്യവും പൊതുനന്മയ്ക്കായി സ്വകഴിവുകൾ ഉദാരമായി വിനിയോഗിപ്പാനുള്ള താല്പര്യവുമുണ്ടായിരിക്കണമെന്നു ആർച്ചുബിഷപ്പു് മാക്നിക്കോളാസ് പ്രസ്താവിക്കുന്നു. നിയമനിർമ്മാണം, നീതിന്യായം എന്നീ വകുപ്പുകളിലേക്കു സ്ഥാനാർത്ഥികളായി നില്ക്കുന്നവർ സ്വകാര്യജീവിതത്തിൽ സവിശേഷമായും ന്യൂനതയില്ലാത്തവരും സന്ദേഹരഹിതമായ രാഷ്ട്രീയതത്വങ്ങൾ അവലംബിച്ചിരിക്കുന്നവരുമായിരിക്കണമെന്നാണല്ലോ പണ്ഡിതമതം. എന്നാൽ കേവലം ഭരണപരമായ ഉദ്യോഗാർത്ഥികളാകട്ടെ സത്യസന്ധന്മാരും ബുദ്ധിമാന്മാരും അതുദ്യോഗങ്ങളിൽ സാങ്കേതികപരിജ്ഞാനമുള്ളവരുമായിരിക്കണമെന്നു സുപ്രസിദ്ധ സാമൂഹ്യശാസ്ത്രജ്ഞനായ മോൺ. ജോൺ റയൻ അഭിപ്രായപ്പെടുന്നു. ചില കാര്യങ്ങളിൽ ധാർമ്മികമാനദണ്ഡം വച്ചു നോക്കുമ്പോൾ അത്ര ഉന്നതനിലയുള്ളവരായി കാണപ്പെടുന്നില്ലെങ്കിലും പ്രമാദരഹിതങ്ങളും ഉൽകൃഷ്ടങ്ങളുമായ സുസ്ഥിരരാഷ്ട്രീയാശയാദർശങ്ങളുള്ളവരെങ്കിൽ അവരെ തിരഞ്ഞെടുക്കുന്നതു നന്നായിരിക്കുമെന്നു അദ്ദേഹം പ്രസ്താവിക്കുന്നു. സൽസ്വഭാവികളെങ്കിലും തെററായ നയം സ്വീകരിച്ചിരിക്കുന്നവരെങ്കിൽ അവർ പൊതുജനക്ഷേമത്തിനു പര്യാപ്തരല്ലെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. (cf. The Duties of the Citizen, Mgr. John A. Ryan)

പൊതുതിരഞ്ഞെടുപ്പിൻേറയും പ്രാധാന്യമർഹിക്കുന്ന പ്രാദേശികതിരഞ്ഞെടുപ്പുകളുടേയും അവസരത്തിൽ നിയോജകസംഘടനകൾ (electoral organizations) രൂപവല്ക്കരിക്കുന്നതു നന്നായിരിക്കുമെന്നു 10-ാം പീയൂസ് തിരുമേനി 50 കൊല്ലങ്ങൾക്കുമുമ്പു പ്രസ്താവിച്ചിട്ടുണ്ടു് (“സാമൂഹ്യപ്രവർത്തനം”, 1905 ജൂൺ 11). ഇതേ അഭിപ്രായംതന്നെ മുൻപറഞ്ഞ മോൺ: റയനും രേഖപ്പെടുത്തിയിട്ടുണ്ടു്: “വിവിധതരക്കാരായ സ്ഥാനാർത്ഥികളേയും അവരുടെ പ്രവർത്തനരംഗങ്ങളേയും അവരുടെ യോഗ്യതായോഗ്യതകളേയും കുറിച്ചുള്ള വിശദവിവരങ്ങൾ ലഭിക്കത്തക്കവണ്ണം സമ്മതിദായകന്മാരുടെ സംഘടനകൾ തിരഞ്ഞെടുപ്പുവസരങ്ങളിൽ രൂപവല്ക്കരിക്കേണ്ടതാകുന്നു.”

സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പ്രമുഖസ്ഥാനം സമാർജ്ജിച്ചിരുന്ന ദേഹമായ മോൺ: റയനും മാർപ്പാപ്പായും മററും നിർദ്ദേശിക്കുന്ന ഈ നിയോജകസംഘടനാരൂപവല്ക്കരണം നമുക്കിന്നാവശ്യമോ, യുക്തമോ എന്നു് പൊതുകാര്യങ്ങളിൽ പരിജ്ഞാനവും പ്രാപ്തിയും താല്പര്യവുമുള്ളവർ പര്യാലോചിക്കേണ്ടതാണു്. ക്രൈസ്തവരുടെ ആധുനികപരിത:സ്ഥിതിയെപ്പററി ചിന്തിക്കുമ്പോൾ ഇതു ഇന്നു വളരെ ആവശ്യമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഈദൃശസംഘടനകൾ ഏതടിസ്ഥാനത്തിന്മേൽ രൂപവല്ക്കരിക്കപ്പെടണമെന്നതു് വേറൊരു പ്രശ്നമാണു്. സാമൂഹികമായി നോക്കിയാൽ ഇടവകാടിസ്ഥാന (parochial basis) ത്തിന്മേൽ രൂപവല്ക്കരിക്കാമെന്നു തോന്നുന്നു. നമ്മുടെ ഇടവകകൾ പ്രായേണ സംഘാതപ്രവർത്തനങ്ങൾക്കു് എല്ലാംകൊണ്ടും കൂടുതൽ സൗകര്യമുള്ള ഘടകങ്ങളാണല്ലോ. ഇങ്ങനെ രൂപവല്ക്കരിക്കപ്പെടുന്ന സംഘടനകൾ മററു ഇടവകകളിലെ ഈദൃശസംഘടനകളോടും ഇതരസാമുദായികസംഘടനകളോടും രാഷ്ട്രീയസംഘടനകളോടും ന്യായാനുസൃതമായി സഹകരിച്ചു സമക്ഷത്തിലേയ്ക്കുള്ള ഉദ്ദിഷ്ടലക്ഷ്യത്തിനായി പരിശ്രമിക്കാവുന്നതാണു്. സൗകര്യമുള്ള സ്ഥലങ്ങളിൽ ദേശാടിസ്ഥാനത്തിലും (local basis) ഈദൃശസംഘടനകൾ രൂപവല്ക്കരിക്കപ്പെടാവുന്നതാണു്. സാമൂഹികസംഘടനകൾക്കില്ലാത്ത ചില ഗുണങ്ങൾ ഈ ദേശീയസംഘടനകൾക്കുണ്ടാകുമെന്നതു പരിഗണനാർഹമാണു്. ഇന്നു പ്രായപൂർത്തിയായ എല്ലാവർക്കും വോട്ടു ചെയ്യാമെന്നും, വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തികനിലകളൊന്നും പരിഗണിക്കപ്പെടുന്നില്ലെന്നും വന്നിരിക്കുന്നു. ഈ സ്ഥിതിയിൽ അക്ഷരജ്ഞാനമില്ലാത്തവരും, വോട്ടുചെയ്യേണ്ടതാർക്കെന്നും, എങ്ങനെയെന്നും ഒരെത്തുംപിടിയുമില്ലാത്തവരും, പ്രായേണ ഭയസംഭ്രമചിത്തരായ വൃദ്ധരേയും പാവപ്പെട്ടവരേയും സമ്മതിദാനത്തിനു് യഥാവിധി ഒരുക്കുവാൻ ഈ സംഘടനകൾ തീർച്ചയായും പ്രയോജനപ്പെടും.




# ദിവ്യകാരുണ്യസ്വീകരണം

(വെരി റവ. ഫാദർ മാവുരൂസ് സി. ഡി.)

(തുടർച്ച)

### അഭേദ്യമായ ബന്ധം

ബലിസമർപ്പണത്തിൻെറ പൂർത്തീകരണമത്രേ ദിവ്യകാരുണ്യസ്വീകരണം. ചില പ്രത്യേകാവശ്യങ്ങളെ പരിഗണിച്ചു് ദിവ്യബലിക്കു പുറമേ ദിവ്യകാരുണ്യം നൽകാവുന്നതാണെങ്കിലും, ബലിസമർപ്പണവും, ദിവ്യകാരുണ്യസ്വീകരണവും തമ്മിലുള്ള ബന്ധം ശരിയായി മനസ്സിലാക്കാതെ, നിസ്സാരകാരണങ്ങളാൽ അഥവാ യാതൊരു കാരണവുമില്ലാതെ, അങ്ങനെ ചെയ്യുന്നതു് യുക്തമല്ല. ഈ ദുസ്സ്വഭാവം മാററാനെന്താണു് ചെയ്യേണ്ടതു്? സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഫാദർ മേർഷ്, എസ്. ജെ. പറയുന്നതു കേട്ടാലും: “ദിവ്യകാരുണ്യസ്വീകരണമുള്ളതുകൊണ്ടാണു് അൾത്താരബലിയുള്ളതു്; അൾത്താരബലിയാകട്ടെ, ദിവ്യകാരുണ്യാനുഭവത്തിൻെറ വിശദീകരണമാകുന്നു. അൾത്താരബലിയിൽ പങ്കെടുത്തുകൊണ്ടല്ലാതെ നമുക്കു് ദിവ്യകാരുണ്യാനുഭവം സാദ്ധ്യമല്ല; അൾത്താരബലിയുടെ ചൈതന്യത്തിൽ പങ്കെടുക്കാതെ ദിവ്യകാരുണ്യം നന്നായി അനുഭവിക്കാനും വഹിയാ. ദിവ്യകാരുണ്യാനുഭവം വഴിയായിട്ടത്രേ നാം ബലിയോടു കൂടുതൽ യോജിക്കുന്നതു്. ദിവ്യകാരുണ്യം സ്വീകരിക്കാതെ ദിവ്യബലിയിൽ സന്നിഹിതരാകുന്നതിനേക്കാൾ ഭേദം ദിവ്യബലിക്കു പുറമേയാണെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കുന്നതാണു്. അതുകൊണ്ടു് ദിവ്യബലിക്കു പുറമേയുള്ള ദിവ്യകാരുണ്യസ്വീകരണം നിരുൽസാഹപ്പെടുത്തുകയോ, നിരോധിക്കയോ ചെയ്യുകയല്ല; പ്രത്യുത ബലിയുടെ പൂർത്തീകരണമെന്നനിലയിൽ ബലിയുടെ അവസാനത്തിൽ പുരോഹിതൻെറ ദിവ്യകാരുണ്യസ്വീകരണത്തോടുകൂടെ ദിവ്യകാരുണ്യം സ്വീകരിക്കുന്നതാണു് വിശിഷ്ടം എന്നുള്ള യാഥാർത്ഥ്യം വിശ്വാസികളെ ഗ്രഹിപ്പിക്കുകയത്രേ.” (cf. Ideology of the Mystical Body. P. 586-90)

ഒരാൾ ഏതു ബലിയിൽ സംബന്ധിക്കുന്നുവോ അതേബലിയിൽത്തന്നെ കൂദാശചെയ്ത തിരുവോസ്തി സ്വീകരിക്കുന്നതു പ്രശംസാർഹമാണെന്നും, അങ്ങനെ ആവശ്യപ്പെടുന്ന വിശ്വാസികളുടെ അഭിലാഷം പുരോഹിതന്മാർ സാധിച്ചു കൊടുക്കണമെന്നും 14-ാം ബെനദിക്തോസും, 12-ാം പീയൂസും ഉദ്ബോധിപ്പിക്കുന്നു. 1952-ൽ ആരാധനക്രമസംബന്ധമായി സാന്തോ ഓഡില്ലേ നഗരത്തിൽവച്ചു നടത്തിയ സാർവ്വദേശീയ കോൺഗ്രസിലെ പ്രതിനിധികൾ ഏകകണ്ഠമായി പാസ്സാക്കിയ ഒരു പ്രമേയം, ബലി അർപ്പിക്കുന്ന പുരോഹിതൻ കൂദാശചെയ്ത വലിയ തിരുവോസ്തി മുറിച്ചു് അർദ്ധാംശം, കൂദാശചെയ്ത ചെറിയ തിരുവോസ്തി (Particles) കളോടൊന്നിച്ചു് പൂജാസഹായികൾക്കോ മററു വിശ്വാസികൾക്കോ വിതരണം ചെയ്യണമെന്നത്രേ. ഈ പ്രമേയത്തിൻെറ ലക്ഷ്യം ബലിസമർപ്പണത്തിലും അതിൻെറ പൂർത്തീകരണത്തിലുംനിന്നുള്ള ഫലം മുറയ്ക്കു ആരാധനക്രമസംബന്ധമായ രീതിയിൽ സമൃദ്ധമായി പ്രാപിക്കാനിടവരണമെന്നും, കർമ്മോൽസുകഭാഗഭാഗിത്വത്തെ പ്രോൽസാഹിപ്പിക്കണമെന്നുമാണല്ലോ.

### ചില നിർദ്ദേശങ്ങൾ

നമ്മുടെ ദൈവാലയങ്ങളിൽ ചിലപ്പോൾ ഒരാഴ്ചത്തേക്കുംമററും വിതരണംചെയ്യാനുള്ള തിരുവോസ്തികൾ നേരത്തെതന്നെ ഒന്നിച്ചു കൂദാശചെയ്തു വയ്ക്കുന്നില്ലേയെന്നു സംശയിക്കുന്നു. വിശ്വാസികൾ കൂടുതൽ സംബന്ധിക്കുന്ന കുർബാനയിലും പ്രത്യേകിച്ചു് തിരുനാൾക്കുർബാനയിലും മററും, നിവൃത്തിയുള്ളിടത്തോളം കൂടെക്കൂടെ ചെറുവോസ്തികൾ കൂദാശചെയ്തു വിതരണംചെയ്കയാണു നല്ലതു്. ചെറിയ കുസ്തോദിയിലോ, കൂടെക്കൂടെ കുസ്തോദി ഒഴിച്ചെടുക്കുക വിഷമമാണെങ്കിൽ, ദിവ്യകാരുണ്യം സ്വീകരിക്കുന്നവരുടെ ഏകദേശമായ സംഖ്യനോക്കി പീലാസയിൽവച്ചോ കുറെ ചെറിയ ഓസ്തികൾ കൂദാശചെയ്താലും മതിയല്ലോ. വിശ്വാസികൾ അവർ സംബന്ധിക്കുന്ന കുർബാനയുടെ പൂർത്തീകരണമെന്നോണം ദിവ്യകാരുണ്യം സ്വീകരിക്കണമെന്നു് തിരുസ്സഭ അതിയായി ആഗ്രഹിക്കുന്നുണ്ടല്ലോ. എല്ലാ ജീവിതസ്ഥിതിക്കാരും ഈ ആത്മീയകലവറയിൽനിന്നു ഭക്ഷിക്കണമെന്നും, കൂദാശപ്രകാരം സ്വീകരിപ്പാൻ വല്ലപ്പോഴും സാധിക്കാതെവരുന്നെങ്കിൽ അരൂപിയാലെങ്കിലും സ്വീകരിക്കണമെന്നും 12-ാം പീയൂസ് മാർപ്പാപ്പാ ഉപദേശിക്കുന്നു. ദിവ്യബലിയിലും ഭക്തിയുടെ കൂദാശയും ഐക്യത്തിൻെറ അടയാളവും ഉപവിയുടെ ബന്ധവുമായ സാൎവ്വിയവിരുന്നിലും വിശ്വാസികൾ കൂടുതൽ പങ്കെടുക്കുവാൻ എല്ലാവിധേനയും യത്നിക്കണമെന്നു തിരുമേനി ആദ്ധ്യാത്മികാജപാലന്മാർ എവരേയും ഉദ്ബോധിപ്പിക്കുന്നുണ്ടു്. “തിരുസഭാചരിത്രത്തിൽ നോക്കിയാൽ സ്പഷ്ടമായി കാണാവുന്നതാണു്, വിശ്വാസത്തിൻേറയും സന്മാർഗ്ഗത്തിൻേറയും അഭിവൃദ്ധിയാകട്ടെ അധഃപതനമാകട്ടെ, ദിവ്യകാരുണ്യസ്വീകരണത്തേയോ അതിൻെറ അഭാവത്തേയോ ആശ്രയിച്ചിരുന്നുവെന്ന വസ്തുത” എന്നു് റവ. ഡോ. ഫ്റെഡെറിക്കു് ഷൂൾസ് പ്രസ്താവിക്കുന്നു. എന്നാൽ 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു് 1930-ൽ നൽകിയ നിർദ്ദേശമനുസരിച്ചു്, ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പു് കുമ്പസ്സാരിക്കാനുള്ള സൗകര്യങ്ങൾ കൊടുക്കുന്നതിനും, വയ:ക്രമമോ, സ്ഥാനക്രമമോ പാലിച്ചുകൊണ്ടുള്ള സ്വീകരണരീതി കൂട്ടജീവിതം ന

യിക്കുന്നവരുടെ ഇടയിൽ ഇല്ലാതാക്കുന്നതിനും ഉത്സാഹിക്കണം. ദിവ്യകാരുണ്യസ്വീകരണത്തിൻെറ ഫലപ്രാപ്തി ശരിയായ ഒരുക്കത്തേയും, ഉപകാരസ്മരണയേയും ദഹന, സാത്മീകരണ (digestion and assimilation) ങ്ങൾക്കെന്നപോലെ ആവശ്യമായിട്ടുള്ള ആദ്ധ്യാത്മികാഭ്യാസങ്ങളേയും ആശ്രയിച്ചിരിക്കുന്നുവെന്ന യാഥാർത്ഥ്യം വിശ്വാസികൾ നന്നായി ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. ദിവ്യബലിയിൽ യഥാവിധി കുർബ്ബാൽസ്വീകമായി പങ്കെടുക്കുന്നതിനെക്കാൾ മെച്ചമായ ഒരുക്കം ദിവ്യകാരുണ്യസ്വീകരണാർത്ഥം ചെയ്യാനില്ലെന്നു ആദ്ധ്യാത്മികപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ആകയാൽ ദിവ്യകാരുണ്യസ്വീകരണാർത്ഥം പ്രത്യേകമായ സ്വകാര്യജപങ്ങൾ തദവസരത്തിൽ ചൊല്ലാൻ സാധിക്കാത്തതിൽ ആരും കുണ്ഠിതരാകേണ്ടതില്ല. തക്സാപ്രാർത്ഥനകൾ അതിനു യോജിച്ചവയാണ്. തക്സാവിവർത്തനത്തിൻെറ ഓരോ പ്രതി വായിക്കാനറിയാവുന്നവരുടെ കൈവശമുണ്ടായിരിക്കുന്നതു നന്നായിരിക്കും.

## ഇടവകവാർത്തകൾ

**അരുവിത്തുറ:** നിയോഗിറിപ്പോർട്ടിനെപ്പററി ഇന്നാട്ടുകാർക്കുള്ള പ്രതിഷേധവും അമർഷവും രേഖപ്പെടുത്തുന്നതിനായി ഒരു പ്രതിഷേധമഹായോഗം സ്ഥലം ക. കോൺഗ്രസ് ശാഖയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 26-ാംനു വൈകുന്നേരം സ്ഥലം ഹൈസ്കൂൾ മൈതാനത്തു ചേരുകയുണ്ടായി. ശ്രീ ചെറിയാൻ ജെ. കാപ്പൻ ആദ്ധ്യക്ഷംവഹിച്ചു. ശ്രീ കെ. എം. മാത്യു എം. എ. ബി. എൽ., പി. എം. ഹസ്സൻഖാൻ, ഈ. എ. തോമസ് ബി. കോം, ബി. എ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയവും, തിരുകൊച്ചി അവശക്രൈസ്തവപ്രശ്നം സംബന്ധിച്ച് എ. കെ. സി. സി. പ്രസിഡണ്ടിൻെറ പ്രസ്താവനയെ സ്വാഗതംചെയ്തുകൊണ്ടുള്ള വേറൊരു പ്രമേയവും പാസ്സാക്കപ്പെട്ടു.

**പിഴക്:** നിയോഗികമ്മിററി റിപ്പോർട്ടിൽ പ്രതിഷേധിക്കുന്നതിനായി മിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ ഉറുമ്പുകാവുപള്ളി മൈതാനത്തുവച്ച് ആഗസ്റ്റ് 9-ാം തീയതി വെരി റവ. ഡോ. സി. ററി. കൊട്ടാരം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. റവ. ഫാദർ അബ്രാഹം കൈപ്പൻപ്ലാക്കൽ, ചെറിയാൻ ജെ. കാപ്പൻ ബി. എ. ബി. എൽ. എന്നീവർ പ്രസംഗിച്ചു.

**പാലയൂർ:** നിയോഗികമ്മററി റിപ്പോർട്ടിനെ പ്രതിഷേധിച്ച് 26-ാംതീയതി സ്ഥലം സെൻറ് തോമസ് ക്ലബ്ബിൻെറ ഒരു യോഗം ശ്രീ എൻ. കെ. ജേക്കബ് അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. പ്രതിഷേധപ്രമേയം ഐകകണ്ഠ്യേന പാസാക്കപ്പെട്ടു.

**വൈക്കം നടേൽ:** സ്ഥലം നടേൽപള്ളിയിൽ മാതൃസംഘം ഡയറക്ടർ റവ. ഫാദർ ജോസഫ് മാവുങ്കൽ അവർകൾ മാതൃസംഘത്തിൻെറ ആവശ്യകത, സംഘടനാപ്രവർത്തനങ്ങൾ എന്നിവയെപ്പററി പ്രസംഗിക്കുകയും ആഗസ്റ്റ് 26-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു 4 മണിക്കു മാതൃസംഘത്തിൻെറ ഒരു ശാഖ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

**അതിരമ്പുഴ:** നിയോഗികമ്മററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനു സ്ഥലം സെൻറ് അലോഷ്യസ് ഹൈസ്കൂൾ ഹാളിൽവച്ച് ഒരു വമ്പിച്ച യോഗം ആഗസ്റ്റ് 26-ാംനു 4 മണിക്ക് അതിരമ്പുഴ കത്തോലിക്കാ കോൺഗ്രസ് ശാഖയുടെ ആഭിമുഖ്യത്തിൽ അഡ്വക്കേററ് ശ്രീ കെ. ററി. തോമസ് ബി. എ. ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽകൂടി. ശ്രീമതി ദേവകി ഗോപിദാസ്, അഡ്വക്കേററ് ശ്രീ എം. കെ. അബ്ദുൾഖാദർ, പ്രൊഫ: പി. ഏ. ജോസഫ്, ശ്രീ പി. ററി. ചാക്കോ എന്നിവർ പ്രസംഗിച്ചു. അഡ്വക്കേററ് വി. വി. സെബാസ്റ്റ്യൻ പ്രതിഷേധപ്രമേയം അവതരിപ്പിച്ചു. സഭ അതു പാസാക്കി.

**ഒല്ലൂർ:** മദ്ധ്യപ്രദേശ് ഗവർമ്മെണ്ടിൽനിന്നും നിയോഗിച്ച "നിയോഗികമ്മററി"യുടെ റിപ്പോർട്ടിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ടും, ആ റിപ്പോർട്ട പിൻവലിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടും, ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഒരു മേൽനടപടിയും എടുക്കാതിരിക്കുവാൻ മദ്ധ്യപ്രദേശ്, കേന്ദ്രം എന്നീ ഗവമ്മെണ്ടുകളോടു അപേക്ഷിച്ചുകൊണ്ടും ഒരു പ്രമേയം ശ്രീ എ. വി. അന്തോണി ബി. എ. ബി. ററി. യുടെ അദ്ധ്യക്ഷതയിൽ ഒല്ലൂർ വെച്ചു ചേന്ന യോഗത്തിൽ സ്വീകരിക്കുകയുണ്ടായി. യോഗത്തിൽ ശ്രീ ജെ. വി. അക്കര ബി. എ., ബി. എൽ. പ്രസ്തുത റിപ്പോർട്ടിനെ എതിർത്തുകൊണ്ടു പ്രസംഗിച്ചു.

**പുതുക്കാട്:** നിയോഗികമ്മററിയുടെ റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി പുതുക്കാട് പൗരാവലിയുടെ ഒരു മഹായോഗം സെൻറ് ആൻറണീസ് പള്ളിയങ്കണത്തിൽ ആഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞു 4 മണിക്കു സമ്മേളിച്ചു. ശ്രീ ജെ. വി. അക്കര ബി. എ. ബി. എൽ. അദ്ധ്യക്ഷതവഹിച്ചു. പ്രതിഷേധപ്രമേയം അവതരിപ്പിച്ച് ശ്രീ പി. പി. ജോർജ്ജ് ബി. എ., പ്രസംഗിച്ചു. പ്രമേയം ഐകകണ്ഠ്യേന പാസാക്കപ്പെട്ടു.

### കൃതജ്ഞത

വിശുദ്ധ പത്താം പീയൂസിൻെറ മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

ഏലിക്കുട്ടി ജോൺ, ഞാറയ്ക്കൽ.

**ചങ്ങനാശ്ശേരി:** നിയോഗികമ്മററി നിയമനത്തേയും റിപ്പോർട്ട പ്രസിദ്ധീകരണത്തേയും പ്രതിഷേധിക്കുന്നതായ ഒരു പ്രമേയം ആഗസ്റ്റ് 19-ാംനു കൂടിയ അദ്ധ്യയനമണ്ഡലം യോഗത്തിൽ പാസ്സാക്കിയിരിക്കുന്നു.

**കല്ലൂർക്കാട:** സ്ഥലം ഇൻഫൻറ് ജീസസ് കാത്തലിക് പള്ളിയിൽ നവീനസജ്ജീകരണങ്ങളോടുകൂടി കമനീയമായി പണികഴിച്ചിട്ടുള്ള അൾത്താരകളുടെ വെഞ്ചരിപ്പുകർമ്മം തൃശ്ശൂർമെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് പിഎച്ച്. ഡി; ഡി. ഡി. തിരുമേനി നിർവ്വഹിച്ചിരിക്കുന്നു. വികാരി റവ. ഫാദർ ജോസ് വി. മഞ്ഞളി അവർകളുടെ അശ്രാന്തപരിശ്രമഫലമായി ഇടവകക്കാരിൽനിന്നും ഉദാരമായ സംഭാവന ലഭിച്ചതുകൊണ്ടാണ് പണികൾ തീക്കുവാൻ സാധിച്ചിട്ടുള്ളതു്.

**പാലാ:** നിയോഗികമ്മിററി റിപ്പോർട്ടിൽ പ്രതിഷേധിക്കുവാൻ ഭദ്രാസനപ്പള്ളി പാരിഷ്ഹാളിൽവച്ച് ആഗസ്റ്റ് 26-ാംനു ഒരു യോഗംകൂടി. അതോടൊന്നിച്ചു സ്ഥലത്തെ മിഷൻലീഗിൻെറ അഞ്ചാമതു വാർഷികവും വായനശാലയുടെ ഉൽഘാടനവും നടന്നു. റവ. ഫാദർ ഫ്രാൻസീസ് സാലസ് ഒ. എഫ്. എം. അദ്ധ്യക്ഷതവഹിക്കുകയും, ഗ്രന്ഥശാല ഉൽഘാടനം റവ. ഫാദർ പോൾ പള്ളത്തുകുഴി നിർവ്വഹിക്കുകയും, മിഷൻപ്രവർത്തനങ്ങളെ പുരസ്കരിച്ച് റവ. ഡോക്ടർ കുര്യൻ വഞ്ചിപ്പുര പ്രസംഗിക്കുകയുംചെയ്തു. ശ്രീ കെ. ററി. തോമസ് കടപ്പൂർ ബി. എ. പ്രതിഷേധപ്രമേയം അവതരിപ്പിച്ചു. അതു യോഗം പാസ്സാക്കി.

**പാലക്കാട്:** സ്ഥലം കത്തോ. യുവജനസംഘത്തിൻെറ ആഭിമുഖ്യത്തിലും, മററു ക്രൈസ്തവസംഘടനകളുടേയും, ക്രൈസ്തവവിഭാഗങ്ങളുടേയും, സഹകരണത്തിലും ആഗ. 26-ാംനു കോയമ്പത്തൂർ മെത്രാൻ റൈററ് റവ ഡോ. എം. ശവരിമുത്തു ഡി. ഡി. തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒരു പൗരമഹായോഗം സെൻറ് സെബാസ്റ്റ്യൻസ് ചർച്ച് അങ്കണത്തിൽ വെച്ച് നിയോഗി കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിപ്പാൻ കൂടി. എ. ടി. അന്തോണിസ്വാമി. എം. എ. എൽ. ടി, പി. ടി. കൊച്ചുവക്കി (ഇന്ത്യൻ ക്രൂസ്ത്യൻ അസോസിയേഷൻ പ്രസിഡൻറ്), ഹാജി ഇ. എസ്. എം. ഹനീഫാ സാഹിബ് (മുനിസിപ്പൽ കൌൺസിലറും, പാലക്കാട് മുസ്ലീം ലീഗ് പ്രസിഡൻറും), റവ. ഫാ. വടക്കൻ ("തൊഴിലാളി" പത്രാധിപർ) എന്നിവർ നിയോഗികമ്മിററി റിപ്പോർട്ടിനെ വിമർശിച്ചു പ്രസംഗിച്ചു. സി. വൈ. എം. എ. പ്രസിഡൻറ് എൻ. സി. ജേക്കബ് പ്രതിഷേധപ്രമേയം അവതരിപ്പിച്ചു. സഭ അതു് ഐകകണ്ഠ്യേന പാസ്സാക്കി.

**വല്ലകം:** ഈ ഇടവക ശ്രീ ജോൺ മാത്തിൽ ബി. എ. ബി എൽ. എറണാകുളം ഹൈക്കോടതിയുടെ ഫുൾബെഞ്ചിൽവെച്ച ആഗസ്റ്റ് 29-ാം തീയതി അഡ്വോക്കേററായി എൻറോൾ ചെയ്യപ്പെട്ടിരിക്കുന്നു. അഡ്വോക്കേററ് ശ്രീ ഓ. എൽ. അബ്രാഹം അവർകളാണ് അദ്ദേഹത്തെ കോടതിക്കു പരിചയപ്പെടുത്തിയതു്. വൈക്കത്തായിരിക്കും പുതിയ അഡ്വോക്കേററ് പ്രാക്ടീസ് തുടങ്ങുന്നതു്.

**അതിരമ്പുഴ:** കോട്ടയ്ക്കുപുറം സി. എ. സി. സംഘടനകളുടെ ഒരു സംയുക്തയോഗം ഗ്രാമോദ്ധാരണസ്കൂൾ കെട്ടിടത്തിൽവെച്ച് ശ്രീ സി. എം. സെബാസ്റ്റ്യൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. നിയോഗികമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതായ പ്രമേയം പാസ്സാക്കുകയുണ്ടായി

**പൊൻകുന്നം:** ചങ്ങനാശ്ശേരി രൂപതയെ അതിരൂപതയായി ഉയർത്തിയ പരിശുദ്ധ സിംഹാസനത്തോടു് കൃതജ്ഞത രേഖപ്പെടുത്തുന്നതിനും, മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടിരിക്കുന്ന മോസ്റ്റ് റവ. ഡോ: കാവുകാട്ട് തിരുമേനിയെ അനുമോദിക്കുന്നതിനും വേണ്ടി ആഗസ്റ്റ് 26-ാംനു കൂടിയ സി. വൈ. എം. ഏ യുടെ യോഗത്തിൽ ശ്രീ വി. വി. ഇട്ടിയവിര ഒരു അനുമോദനപ്രമേയം അവതരിപ്പിക്കുകയുണ്ടായി.

പൊൻകുന്നം സി. വൈ. എം. ഏ യുടെ ആഭിമുഖ്യത്തിൽ സ്ഥലം ദേവാലയാങ്കണത്തിൽ വെച്ച് ശ്രീ എം. പി. വറുഗീസ് അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൗരമഹായോഗം കൂടി, നിയോഗികമ്മിററി റിപ്പോർട്ടിനെ ശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു. യോഗത്തിൽ ശ്രീമാന്മാരായ പി. ജെ. തോമസ് ബി. ഏ; പി. പി. ജോൺ ബി. എസ്‌സി, സി. ററി. ജോസഫ്, വി. വി. ഇട്ടിയവിരാ മുതലായവർ പ്രസംഗിക്കുകയും മി. കെ. പി. ജോസഫ് ബി. എ. പ്രതിഷേധപ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

**തോട്ടാ:** തോട്ടാ സെൻറ് മേരീസ് കത്തോലിക്കാ സമാജത്തിൻെറയും, സൺഡേസ്കൂൾ സാഹിത്യസമാജത്തിൻെറയും 3-ാമതു സംയുക്തവാർഷികമഹാമഹം ആഗസ്റ്റ് 26-ാംനു ഞായറാഴ്ച പകൽ മൂന്നരമണിക്ക്, അരയങ്കാവ് സ്കൂൾഹാളിൽ വച്ച് ശ്രീ പരമേശ്വരൻ നമ്പൂതിരിപ്പാട് ബി. എ. ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. റവ: ഫാ. ജോർജ്ജ് പുതുശ്ശേരി അവർകൾ ഉൽഘാടനം നിർവ്വഹിച്ചു. ശ്രീ കെ. ജെ. ലൂക്കോസ് പ്രസംഗിച്ചു. വിദ്യാർത്ഥികളുടെ വിവിധകലാപരിപാടികൾ ഉണ്ടായിരുന്നു.

യോഗത്തിൽ ശ്രീ പി. സി. ലൂക്കോസ് നിയോഗികമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്ന പ്രമേയം അവതരിപ്പിക്കുകയും യോഗം അതു പാസ്സാക്കുകയും ചെയ്തു.

## തിരുകൊച്ചിവാർത്തകൾ

എറണാകുളം-കോട്ടയം റെയിൽവേ ലൈനിൽ ഓടുന്നതിനുള്ള ഒരു മീററർ ഗേജ് എൻജിനും ഏതാനും പാസഞ്ചർ കോച്ചുകളും എറണാകുളത്തെത്തിയിരിക്കുന്നു.

—അടുത്ത പൊതുതിരഞ്ഞെടുപ്പിൽ അടയാളപ്പെടുത്തൽ സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനെ കോൺഗ്രസ്, കമ്മ്യൂണിസ്റ്റ്, ആർ. എസ്. പി. പാർട്ടികൾ അനുകൂലിച്ചിരിക്കുന്നു.

—എറണാകുളം മെത്രാപ്പോലീത്തായായി നിയമിതനായിരിക്കുന്ന റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ അനുമോദിച്ചുകൊണ്ടും തിരുമനസ്സിലേക്കു ഭാവുകങ്ങൾ ആശംസിച്ചുകൊണ്ടും എറണാകുളം നഗരസഭ ഒരു പ്രമേയം പാസാക്കിയിരിക്കുന്നു.

### 'പ്രകാശം' വാരിക

മലബാറിൽ കോഴിക്കോട്ട് അമലാപ്രസ്സിൽനിന്നു് ഒക്ടോബർ മുതൽ "പ്രകാശം" എന്ന പേരിൽ ഒരു പുതിയ വാരികയുടെ പ്രസാധനം ആരംഭിക്കുന്നതാണു്. Pro Deo et Patria "ദൈവത്തിനും രാജ്യത്തിനുംവേണ്ടി" മനുഷ്യജീവിതത്തെ അനുദിനം സാരമായി സ്പർശിക്കയും, കാര്യമായി രൂപപ്പെടുത്തുകയും ചെയ്യുന്ന ഗവമ്മേണ്ട്, സാഹിത്യം, വിദ്യാഭ്യാസം, വിനോദം, തൊഴിൽ-മുതൽ ബന്ധം എന്നീ അഞ്ചു തുറകളെപ്പററിയുള്ള വിമർശനങ്ങളായിരിക്കും "പ്രകാശ"ത്തിൻെറ പ്രത്യേകതകൾ. പണ്ഡിതോചിതങ്ങളായ, താദൃശലേഖനങ്ങളും, വിമർശനങ്ങളും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുന്നതാണ്.

ക്രൈസ്തവചൈതന്യപ്രചാരത്തെ ഉദ്ദേശിച്ച് നിലകൊള്ളുന്ന പ്രകാശത്തിൻെറ വരിക്കാരായി ചേർന്ന് ഞങ്ങളെ സഹായിക്കണമെന്നഭ്യർത്ഥന.

വിശദവിവരങ്ങൾക്കെഴുതുക:-

മാനേജർ, "പ്രകാശം", അമലാപ്രസ്സ്, പി. ബി. 17

കോഴിക്കോട്-1

—പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം രൂപ 16 അണ വെച്ചു ഗ്രാൻറു നൽകുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. അവർക്കു പ്രോവിഡൻറു ഫണ്ട് ഏപ്പെടുത്തുന്നതിനും, പാർട്ട്ടൈം അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്നതിനുംകൂടി തീരുമാനിച്ചിട്ടുണ്ട്.

—കൊച്ചിയിൽ ഒരു ബോട്ടുനിർമ്മാണകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ബ്രൌൺ കമ്പനിക്കാർ ഗവമ്മെൻറിലേക്കു സമപ്പിച്ചിരിക്കുന്നു.

—തൃശ്ശൂർ സ്ഥാപിക്കുന്ന റേഡിയോ സ്റ്റേഷൻ കേരളസംസ്ഥാനം ഉടലെടുക്കുന്ന അന്നു് പ്രവർത്തനമാരംഭിക്കുന്നതാണ്.

—മുളങ്കുന്നത്തുകാവ് ടി. ബി. ആസ്പത്രിയിൽ 100 ബഡ്ഡുകൾകൂടി സ്ഥാപിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—പീച്ചിയിലെ ഭൂസംരക്ഷണപ്രവർത്തനങ്ങൾക്കായി 600 പേരെ റിക്രൂട്ട ചെയ്യുവാൻ ഗവമ്മെൻറ് അനുമതി നൽകിയിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

സംസ്ഥാനപുനസ്സംഘടനാബിൽ ലോകസഭ പാസാക്കിയ രൂപത്തിൽ രാജ്യസഭയും അംഗീകരിച്ചിരിക്കുന്നു.

—സംസ്ഥാനപുനസ്സംഘടനക്കുശേഷം കേരളത്തിനു ലോക്‌സഭയിൽ 18 സീററുകളും സംസ്ഥാന നിയമസഭയിൽ 126 സീററുകളും ഉണ്ടായിരിക്കുന്നതാണ്.

—പ്രതിമാസം 1 ക. ശമ്പളത്തിൽ യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻെറ ചെയർമൻസ്ഥാനം മി. സി. ഡി. ദേശ്മുഖ് ഏറെറടുത്തിരിക്കുന്നു.

—ഇന്ത്യയിൽ മരണശിക്ഷ നിർത്തലാക്കുന്നതിൽ മിക്ക സ്റ്റേററ് ഗവമ്മെൻറുകളും എതിരാണെന്നു നിയമമന്ത്രി ലോക്‌സഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—പിണ്ണാക്കിൽനിന്നും വീണ്ടും എണ്ണ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു വലിയ ഫാക്ടറി തെക്കേ ഇന്ത്യയിൽ സ്ഥാപിക്കുവാൻ ടാററാകമ്പനിക്കാർ തീരുമാനിച്ചിരിക്കുന്നു. എറണാകുളത്തെ ഓയിൽമിൽസ് വളരെ വിപുലീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

—സെപ്ററംബർ 1-ാംനു നടപ്പിൽ വന്നിരിക്കുന്ന നാഷനൽ ലൈഫ് ഇൻഷ്വറൻസ് കോർപൊറേഷൻെറ ചെയർമാനായി ധനകാര്യവകുപ്പുസിക്രട്ടറി മി. എച്ച്. എം. പട്ടേലിനെ നിയമിച്ചിരിക്കുന്നു.

—കേന്ദ്രധനകാര്യമന്ത്രിയായി മി. ടി. ടി. കൃഷ്ണമാചാരിയെ നിയമിച്ചിരിക്കുന്നു. ധനകാര്യവകുപ്പിനു പുറമെ ഇരുമ്പു-ഉരുക്കു വകുപ്പിൻെറ മന്ത്രിസ്ഥാനവും അദ്ദേഹം തന്നെ വഹിക്കുന്നതാണ്.

—മദ്രാസ് ഹൈക്കോടതിജഡ്ജി മി. പാറക്കുളങ്ങര ഗോവിന്ദമേനോനെ സുപ്രീംകോടതിജഡ്ജിയായി നിയമിച്ചിരിക്കുന്നു.

—പോസ്റ്റൽനിരക്കുകൾ നയാപൈസയിലാക്കുന്നതിനുള്ള ഒരു ബിൽ കമ്മ്യൂണിക്കേഷൻസ്മന്ത്രി ലോക്‌സഭയിൽ അവതരിപ്പിച്ചിരിക്കുന്നു.

—പാദരക്ഷാനിർമ്മാണത്തിലും തുകൽവ്യവസായത്തിലും പരിശീലനം നൽകുവാൻ മദ്രാസിലും ആഗ്രായിലും ഓരോ വിദ്യാലയങ്ങൾ തുറക്കുന്നതിനു 9 ലക്ഷം ക. യുടെ ഒരു പദ്ധതി ഗവമ്മെൻറ് അംഗീകരിച്ചിരിക്കുന്നു.

—കണ്ണൂരിൽ തളാപ്പ് എന്ന സ്ഥലത്തുനിന്നും 38,40,000 ക. വിലയ്ക്കുള്ള 32,340 തോല വ്യാജസ്വർണ്ണം അധികാരികൾ കണ്ടുപിടിച്ചു കേസാക്കിയിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. | 1956 SEPTEMBER 5, | No. 4.


## സ്വരാജ്യസ്നേഹം

അവനവൻ ജനിച്ചുവളർന്ന മാതൃരാജ്യത്തെ സ്നേഹിക്കുക എന്നുള്ളതു മനുഷ്യനു കേവലം സ്വാഭാവികമായ ഒരു ഗുണവിശേഷമാണ്. മാതൃരാജ്യത്തോടു സ്നേഹമില്ലാത്തവനെ മൃഗത്തേക്കാൾ ഹീനനായിട്ടാണ് ലോകം കരുതുക. എന്നാൽ മാതൃരാജ്യഭക്തിയുടെപേരിലും മനുഷ്യോചിതമല്ലാത്തവിധം പ്രവർത്തിക്കുന്നതിനു ചിലപ്പോൾ മനുഷ്യർ ഒരുമ്പെടാറുണ്ട്. അതുകൊണ്ടു സാമാന്യനിയമമനുസരിച്ച്, അഭാവംകൊണ്ടും അധികത്വം കൊണ്ടും സ്വരാജ്യസ്നേഹത്തിന്റെ പേരിൽ അപഥസഞ്ചരണം വന്നുഭവിക്കുന്നു. ആധുനികലോകം പുരോഗമനത്തിന്റെ നെട്ടോട്ടത്തിൽ മതിമറന്നു മൗലികമായ പല തത്വങ്ങളും അവഗണിക്കുന്നു എന്നുള്ളതു് ഈ രംഗത്തും അനുദിനാനുഭവമായിരിക്കുകയാണ്. രാജ്യസ്നേഹത്തിന്റെ പേരിൽ നടമാടിക്കൊണ്ടിരിക്കുന്ന രാജ്യദ്രോഹപരവും സമുദായദ്രോഹപരവുമായ അക്രമങ്ങളെ എത്രയെങ്കിലും എണ്ണിക്കാണിക്കുവാൻ ക്ഷിപ്രസാദ്ധ്യമാണ്. സ്വരാജ്യസ്നേഹം സമുദായസ്നേഹത്തിന്റെ പരിണതഫലമാണ്; സമുദായസ്നേഹം വ്യക്തിബഹുമാനത്തിന്റെ അനന്തരഫലവും. ഒരു മനുഷ്യൻ അവന്റെ അയൽക്കാരന്റെ വ്യക്തിത്വത്തെ ബഹുമാനിക്കുകയും അവനുമായി ഒത്തു ജീവിക്കുകയും ചെയ്യുമ്പോഴാണല്ലോ സാമുഹൈക്യം സംജാതമാകുന്നതു്. മനുഷ്യൻ ഒരു സമുദായജീവിയാണ്. അവന്റെ ജീവിതാവശ്യങ്ങളും ലക്ഷ്യങ്ങളും സാമൂഹികമായ സഹകരണംകൊണ്ടുമാത്രമേ പൂർത്തിയാക്കപ്പെടുവാൻ കഴിയുകയുള്ളൂ. പ്രകൃതിജന്യമായ ഈ സമുദായബോധവും അതിനനുഗുണമായ ജീവിതസാഹചര്യങ്ങളുമാണ് മനുഷ്യനെ അവന്റെ മാതൃരാജ്യത്തോടു ബന്ധിക്കുന്നതു്. അതുകൊണ്ടാണ് യഥാർത്ഥമായ സ്വരാജ്യസ്നേഹം വ്യക്തിബഹുമാനത്തിൽ സമാരംഭിച്ചു സമുദായബന്ധത്തിൽ ദൃഢതരമായി മാതൃരാജ്യഭക്തിയിൽ പ്രകാശിക്കുന്നതു്.

ആദർശയോഗ്യമായ ഈ പുണ്യം കൈവരണമെങ്കിൽ ഒന്നാമതായിത്തന്നെ മനുഷ്യൻ എല്ലാററിന്റേയും സ്രഷ്ടാവും സംവിധാതാവുമായ ദൈവത്തെ പ്രകൃതിയിൽ ദർശിക്കണം. ദൈവത്തിന്റെ പരമാധിപത്യത്തെ— പൊതുപിതൃത്വത്തെ—അവഗണിച്ചുകൊണ്ടുള്ള സംവിധാനങ്ങളൊന്നും യഥാർത്ഥമായ സാഹോദര്യബന്ധത്തിൽ എത്തിച്ചേരുന്നതല്ല. ഇന്നത്തെ നിരീശ്വരവാദികളായ ഇസ്സക്കാരെ ഒന്നൊന്നായി എടുത്തു പരിശോധിച്ചുനോക്കുക; ഈ വസ്തുത പ്രത്യക്ഷമായി അവിടെ കാണുവാൻ സാധിക്കും. ലോകം നന്നാക്കാൻ—നാടുനന്നാക്കാൻ— സമുദായത്തെ ഉദ്ധരിക്കാൻ—ഭവ്യലോകം കെട്ടിപ്പടുക്കുവാൻ കണ്ഠക്ഷോഭം ചെയ്തു നടക്കുന്ന പ്രവർത്തകന്മാരെ അടുത്തറിയുകയും അവരുടെ പ്രവർത്തനപരിപാടികളുടെ ഉള്ളുകള്ളികൾ ചികഞ്ഞു മനസ്സിലാക്കുകയും ചെയ്യുമ്പോൾ കാണാം അവിടെ സ്വാർത്ഥതയുടേയും വഞ്ചനയുടേയും ക്രൂരസർപ്പങ്ങൾ പതിയിരിക്കുന്നതു്; അവരുടെ കണ്ഠക്ഷോഭങ്ങളും നക്രബാഷ്പങ്ങളും പാവപ്പെട്ടവരെ കണ്ണുചിററിക്കുന്നതിനുള്ള കൺകെട്ടുവിദ്യകളാണെന്നു്. ഒരു മന്ത്രിക്കസേരയെ വാഞ്ഛിച്ച്, പാർട്ടിനേതൃത്വം ഉന്നംവച്ച്, ഗവമ്മേണ്ടുദ്യോഗം ലക്ഷ്യമാക്കി, തിരഞ്ഞെടുപ്പുവിജയം ലാക്കാക്കി രാജ്യസ്നേഹികളായി വേഷമണിയുന്ന മഹാന്മാരെ നമുക്കു കാണാം, അടുത്ത ഭാവിയിൽ രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങളെ ഒററിക്കൊടുത്തു സ്വാർത്ഥം നേടുന്ന രാജ്യദ്രോഹികളായിട്ട്. ഇങ്ങനെയുള്ള വഞ്ചകന്മാരുടെ ശല്യമാണ് ഇന്നത്തെ ലോകത്തിൽ സാധാരണജനങ്ങളെ ഏററവുമധികം അലട്ടിക്കൊണ്ടിരിക്കുന്നതു്.

ഇന്ത്യയിൽ ഇന്നെവിടേയും ക്രിസ്ത്യാനികളെ ഒററപ്പെടുത്തുന്നതിനുള്ള—അവരെ രാജ്യദ്രോഹികളായ അഞ്ചാംപത്തികളായി മുദ്രകുത്തുന്നതിനുള്ള ഒരു സംഘടിതശ്രമം നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ളതിനു തെളിവുകളാണ് പലേവിധത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഭാരതത്തിൽ ബഹുഭൂരിപക്ഷംവരുന്ന ഹിന്ദുക്കളും മററു ന്യൂനപക്ഷങ്ങളും തോളോടുതോൾ ചേർന്നുനിന്നു രാജ്യത്തിന്റെ ബഹുവിധ സ്വാതന്ത്ര്യങ്ങളെ കൈവളർത്തേണ്ട ഈ അത്യാസന്നഘട്ടത്തിൽപോലും ചില വർഗ്ഗീയസംഘടനകളും വ്യക്തികളും എത്ര രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളാണു നടത്തിക്കൊണ്ടിരിക്കുന്നതു്. ഇന്ത്യൻയൂണിയൻ പ്രസിഡന്റും, പ്രധാനമന്ത്രിയും, മററിതുപോലെ ഭാരതത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന എല്ലാ നേതാക്കന്മാരും മാതൃരാജ്യത്തിന്റെ സേവനത്തിനായി പരസ്പരസഹിഷ്ണുതയോടും ആത്മാർത്ഥമായ സ്നേഹത്തോടുംകൂടി കഠിനത്യാഗങ്ങൾ അനുഷ്ഠിക്കുന്നതിനു മുന്നോട്ടുനീങ്ങുവാൻ ഭാരതീയരെ ആഹ്വാനംചെയ്യുന്നു. ആർഷഭാരതത്തിന്റെ വിജയപരമായ പുരോഗതിയെ ആത്യുൽക്കണ്ഠയോടുകൂടി ബാഹ്യലോകം സൂക്ഷിച്ചുവീക്ഷിക്കുന്നു. ലോകരാഷ്ട്രങ്ങളുടെ ഗണനയിൽ, ഇനിയും പത്തുവയസ്സു തികയാത്ത ഈ നവഭാരതം ഒഴിച്ചുകൂട്ടുവാൻവഹിയാത്ത ഒരു ധാർമ്മികശക്തിയായി വിരാജിക്കുന്നു. എന്നാൽ ഈ നേട്ടങ്ങളെയെല്ലാം തട്ടിത്തകർത്തു ഇവിടെ വർഗ്ഗീയവൈരവും അനൈക്യവും ആഭ്യന്തരാസ്വാസ്ഥ്യങ്ങളും കത്തിപ്പിക്കുവാൻ പാടുപെടുന്ന "സ്വരാജ്യസ്നേഹി"കളെപ്പററി എന്താണ് പറയേണ്ടതെന്നറിയുന്നില്ല. കമ്മ്യൂണിസ്റ്റുകൾ വ്യക്തമായ ഒരു ചേരിയിൽനിന്നു മോസ്കോയുടെ ആദർശവാഹകരാണെന്നു സ്വയം ഏററുപറഞ്ഞുകൊണ്ടാണു പ്രവർത്തിക്കുന്നതു്, അവരുടെ പരിപാടികൾ രാജ്യദ്രോഹപരമായ അഞ്ചാംപത്തിപ്രവർത്തനങ്ങളാണെങ്കിൽതന്നേയും. എന്നാൽ ഒളിവിലും തെളിവിലും വർഗ്ഗീയത്വവിഷം വമിക്കുന്നതിനും സമുദായവിദ്വേഷം കത്തിയിളക്കുന്നതിനും രാജ്യത്തു അസ്വാസ്ഥ്യതകൾ സൃഷ്ടിക്കുന്നതിനും കിണഞ്ഞുപരിശ്രമിക്കുകയും അതേസമയം കറകളഞ്ഞ രാജ്യസ്നേഹികളെന്നു ഭാവിക്കുകയും ചെയ്യുന്ന കൂട്ടരെ പൊതുജനങ്ങൾ ഒററപ്പെടുത്തിയില്ലെങ്കിൽ ഭാരതത്തിന്റെ ഭാവി ആശങ്കാജനകമാകാതെ തരമില്ല.

"യഥാർത്ഥവും നിലനില്ക്കുന്നതുമായ സമാധാനം സുരക്ഷിതമായ നീതിയുടേയും, പരിപൂർണ്ണമായ പരമാർത്ഥതയുടേയും അന്തരീക്ഷത്തിൽ പരസ്പരവിശ്വാസവും ധാരണയും കരുണയും ഒത്തുചേർന്നെങ്കിൽ മാത്രമേ സംജാതമാവുകയും പരിപുഷ്ടമാവുകയും ചെയ്യുകയുള്ളൂ." എന്നാണ് വിശ്വൈകധാർമ്മികനേതാവായ പരിശുദ്ധ മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളതു്.

## പ്രസാധകക്കുറിപ്പുകൾ

### ഇന്ത്യയിലെ ക്രിസ്ത്യൻസമുദായം

നിയോഗിക്കമ്മററിയുടെ നിയമനവും, മദ്ധ്യപ്രദേശ്ഗവമ്മെന്റിന്റെ കമ്മററിറിപ്പോർട്ടുപ്രസിദ്ധീകരണവും ഭാരതത്തിൽ അങ്ങോളമിങ്ങോളം അസ്വാസ്ഥ്യതകളും പ്രതിഷേധങ്ങളും നടമാടുന്നതിനുള്ള അവസരമാണല്ലോ സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നതു്. ക്രിസ്ത്യൻസമുദായത്തിനെതിരായ ഹൈന്ദവവർഗ്ഗീയതയുടെ ഒരൗദ്യോഗിക പ്രകടനമായ ഈ സംരംഭം രാജ്യാഭിവൃദ്ധിപരമായ പ്രസ്ഥാനങ്ങൾക്കു ഒരു വിലങ്ങുതടിയായി തീരത്തക്കവണ്ണം ഭാരതീയരുടെ ഇടയിൽ സമുദായവൈരവും അസുരക്ഷിതത്വഭീതിയും സംജാതമാക്കുമെന്നുള്ളതു്—സംജാതമാക്കിക്കഴിഞ്ഞു എന്നുള്ളതു്—ഇന്നു പരക്കെ അനുഭവപ്പെടുന്നുണ്ട്. ഇന്ത്യൻജനതയുടെ സൈര്യജീവിതത്തെ പരിരക്ഷിക്കുന്നതിനും, ഭാരതത്തിന്റെ ഭരണഘടനയും അതിൽ പൗരന്മാർക്കു നൽകപ്പെട്ടിട്ടുള്ള അവകാശസ്വാതന്ത്ര്യങ്ങളും അലംഘനീയങ്ങളാണെന്നുറപ്പുവരുത്തുന്നതിനും കേന്ദ്രഗവമ്മെന്റ് സംസ്ഥാനികഗവമ്മെണ്ടുകളുടേയും വർഗ്ഗീയസംഘടനകളുടേയും ഈ വഴിപിഴച്ച സംരംഭങ്ങളെ ശക്തിപൂർവ്വം പ്രതിരോധിക്കേണ്ടതാണ്. ഇന്ത്യയിൽ ക്രിസ്ത്യൻസമുദായത്തിന്റെ നിലപാടെന്താണെന്നു പൊതുജനങ്ങൾ ശരിയായി ധരിച്ചിരിക്കേണ്ടതു് ഈദൃശസന്ദർഭങ്ങളിൽ കുബുദ്ധികളുടെ കുപ്രചരണങ്ങളാൽ വഴിതെററിക്കപ്പെടാതിരിക്കുവാൻ അത്യന്താപേക്ഷിതമാണ്. കഴിഞ്ഞ ആഗസ്റ്റ് 26-ാം തീയതിയിലെ "എൻക്വയറി"പത്രത്തിൽ അതിനെ വിശദീകരിച്ച് ഒരു മാന്യലേഖകൻ എഴുതിയിട്ടുള്ള കത്തിലെ സംഗതമായ ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു മാന്യവായനക്കാർക്കു ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു:-

"ക്രിസ്തുമതം മദ്ധ്യപ്രദേശത്തു മാത്രമല്ല രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രചരിച്ചിട്ടുള്ളതാണ്. യാതൊരു വിദേശഭരണത്തേയും ആശ്രയിക്കാതെ, ക്രിസ്തുമതം ആദ്യനൂററാണ്ടിന്റെ മദ്ധ്യഭാഗംമുതൽ നമ്മുടെ ഈ രാജ്യത്തിൽ നിലനിന്നുപോന്നിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന മതസ്വാതന്ത്ര്യത്തെ അംഗീകരിക്കുകയും ചെയ്യുന്നു. ആത്മാവിന്റെ ആദ്ധ്യാത്മികലാലസകളെ സംതൃപ്തിപ്പെടുത്തുന്നതിനു ബുദ്ധിമത്തുകളും നിരക്ഷരകുക്ഷികളും ഒരുപോലെ ക്രിസ്തുമതത്തെ ആശ്ലേഷിച്ചുപോന്നിട്ടുണ്ട്. ധനവാന്മാരും, ഇടത്തരക്കാരും, ദരിദ്രരും ഈലോകത്തിന്റെ സമ്പാദ്യത്തെക്കാൾ മെച്ചമായ ഏതോ ഒന്നിനെ അതിൽ കണ്ടെത്തുകയാണ്. ബ്രാഹ്മണരും, അബ്രാഹ്മണരും, ജാതിഹിന്ദുക്കളും, അവർണ്ണരും, അസ്പൃശ്യരുമെല്ലാം ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ട്; കാരണം അതിൽ അവർ സാമൂഹികനീതിയുടേയും സമത്വത്തിന്റേയും സഹോദരസ്നേഹത്തിന്റേയും ആത്മാർത്ഥമായ പരിശീലനം ദർശിച്ചു. സൗഭാഗ്യവാന്മാരും, ദുർഭഗരും, ക്ലേശിതരും, മൃത്യുവശഗരും ജീവിതനൈരാശ്യത്തിന്റെ ദാരുണാനുഭവങ്ങളെ ദൂരീകരിക്കുന്നതിനു് സ്രഷ്ടാവായ ദൈവത്തിന്റെ മക്കളെന്ന നിലയിൽ മാനവമാഹാത്മ്യത്തെ ആധാരമാക്കിയുള്ള സാന്ത്വനപ്രദമായ വീക്ഷണഗതി ക്രിസ്തുമതത്തിലാണ് കണ്ടെത്തുന്നതു്. ക്രിസ്ത്യാനികളുടെ "ഗുരു"ക്കന്മാർക്കെതിരായി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ അവർക്കു അവഹേളനത്തിന്റെ അനുഭവമുണ്ടാകുന്നു. അതുകൊണ്ട് അകാരണമായി അവമാനിതരായിരിക്കുന്ന ക്രിസ്ത്യാനികൾ ഭൂരിപക്ഷസമുദായത്തോടഭ്യർത്ഥിക്കുകയാണ്, തെററായ കുററാരോപണങ്ങൾക്കു വിധേയരായിരിക്കുന്ന വിദേശമിഷനറിമാരായ ഞങ്ങളുടെ "ഗുരു"ക്കന്മാരെപ്പററി അവർക്കുള്ള അഭിപ്രായം ആത്മാർത്ഥമായി തുറന്നുപറഞ്ഞു് ഞങ്ങളോടു നീതിപ്രവർത്തിക്കണമെന്നു്. അവരുടെ സ്വകാര്യജീവിതത്തിലും പൊതുക്കാര്യങ്ങളിലും അവരുമായി ഇടപെട്ടു പ്രവർത്തിക്കുന്നതിനു എല്ലാ പൊതുജനങ്ങൾക്കും ധാരാളം അവസരങ്ങൾ ഉണ്ടായിട്ടുള്ളതാണല്ലോ. ക്രിസ്ത്യാനികളായ ഞങ്ങൾ ഭരണഘടനാപരമായി സമ്പാദിക്കാമായിരുന്ന എല്ലാ സംവരണങ്ങളേയും പൊതുഗുണത്തെ ലക്ഷ്യമാക്കി ഉപേക്ഷിച്ചു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുണ്ടായിരുന്ന കാലങ്ങളിലേക്കാൾ മെച്ചമായ ഒരു നിലയുണ്ടാകുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. അർഹമായവിധത്തിൽ നേടിയ സ്വാതന്ത്ര്യത്തിന്റെ ആദ്യത്തെ 6 വർഷങ്ങളിൽ, യഥാർത്ഥത്തിൽ ബ്രിട്ടീഷ്ഭരണകാലത്തേക്കാൾ മെച്ചമായിട്ടാണല്ലോ സംഗതികൾ പുരോഗമിക്കുന്നതെന്നു ഞങ്ങൾക്കു തോന്നാതിരുന്നില്ല. നിർഭാഗ്യമെന്നു പറയട്ടെ, കഴിഞ്ഞ രണ്ടുവർഷക്കാലമായി, ഞങ്ങളുടെ മാതൃരാജ്യത്തിൽ സമാധാനമായി കഴിഞ്ഞുകൂടുന്നതിനു ഞങ്ങളെ അനുവദിക്കുകയില്ല എന്നുള്ള നിലയാണനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്. വർഗ്ഗീയവും, മർദ്ദനോന്മുഖവും, ആക്രമണാസക്തവുമായ സംഘടനകൾ നിരാലംബരായ ഈ ന്യൂനപക്ഷത്തിനെതിരായി ക്രിസ്തുമതവിരുദ്ധമായ നടപടികൾ നിർലജ്ജം സമാരംഭിച്ചിരിക്കുന്നു. അവരുടെ പൊതുപ്രസംഗങ്ങളിലും, മദ്ധ്യപ്രദേശ്, യു. പി., ബീഹാർ എന്നിവിടങ്ങളിലെ പ്രവർത്തനങ്ങളിലും അവരുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും അവർ വേണ്ടുവോളം വെളിവാക്കിക്കഴിഞ്ഞിരിക്കുകയാണ്.

"ഈ സാഹചര്യങ്ങളിൽ എല്ലാ ക്രിസ്തീയവിഭാഗങ്ങളും ഒന്നുചേർന്നു അവരുടെ അഭിമാനത്തേയും, മിഷനറിമാരായ അവരുടെ "ഗുരു"ക്കന്മാരുടെ അഭിമാനത്തേയും പരിരക്ഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ രാജ്യത്തിലെവിടേയും കഷ്ടപ്പെടുന്ന ജനവിഭാഗത്തിനുവേണ്ടി അവരനുഷ്ഠിച്ചിട്ടുള്ള നിസ്വാർത്ഥസേവനങ്ങളും സ്വയം പരിത്യാഗങ്ങളും ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമായി അധികാരവും പൊതുജനബഹുമാനവും ആർജ്ജിച്ചിട്ടുള്ള നിരവധി അക്രൈസ്തവരാൽ മുക്തകണ്ഠം സ്തുതിക്കപ്പെടുകയും കീർത്തിക്കപ്പെടുകയും ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്."

ഈ വസ്തുതകളുടെ വെളിച്ചത്തിൽ ഭാരതത്തിന്റെ പരമ്പരാഗതമായ മതസഹിഷ്ണുതാബോധത്തെ കൈവളർത്തി എല്ലാ ജനവിഭാഗങ്ങളും ഒത്തൊരുമിച്ചു നമ്മുടെ മാതൃരാജ്യത്തിന്റെ ഭാവിയെ ഭാസുരമാക്കുന്നതിനു പരിശ്രമിക്കണമെന്നു ഓരോ പൗരനേയും ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

× × ×

### റീഗ് കമ്മററി റിപ്പോർട്ട്

ഞങ്ങൾ ഈ കുറിപ്പുകൾ തയാറാക്കിക്കൊണ്ടിരിക്കുമ്പോഴാണ് മദ്ധ്യഭാരതത്തിലെ വിവിധമിഷ്യനുകളുടെ പ്രവർത്തനങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു 1954 ൽ നിയമിതമായ റീഗ്കമ്മിററി റിപ്പോർട്ടു പരസ്യപ്പെടുത്തിയ വിവരം പി. ടി. ഐ. റിപ്പോർട്ടിൽ കാണുന്നതിനിടയായതു്. മദ്ധ്യഭാരത് ഹൈക്കോടതിയിലെ ഒരു റിട്ടയേർഡ് ജസ്റ്റിയായ മി. എം. ബി. റീഗിന്റെ നേതൃത്വത്തിലുള്ളതും എട്ടംഗങ്ങളടങ്ങിയതുമാണ് പ്രസ്തുത കമ്മററി. 12 ഡിസ്ത്രിക്ടുകളിൽ 59 സ്ഥലങ്ങൾ സന്ദർശിച്ചു കമ്മററി 586 സാക്ഷികളുടെ പക്കൽനിന്നും തെളിവുശേഖരിച്ചു എന്നും, കമ്മററി പുറപ്പെടുവിച്ച പ്രശ്നാവലിക്കു ചിലരുടെ പക്കൽനിന്നും മറുപടികൾ ലഭിച്ചുഎന്നും പറയുന്നു. സംസ്ഥാനത്തു 6 മിഷ്യനുകൾ പ്രവർത്തനം നടത്തുന്നുണ്ടെന്നും, തങ്ങളുടെ ലക്ഷ്യം വേഗം പ്രാപിക്കുവാൻവേണ്ടി പ്രവർത്തകർക്കായി 20 ലക്ഷം ക. പ്രതിവർഷം ചെലവുചെയ്യുന്നുണ്ടെന്നും, 1936 നും 42നുമിടയ്ക്കു 4192 പേരെ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തിട്ടുണ്ടെന്നും, അതിൽ താലം ഡിസ്ത്രിക്ടിൽ രാവതിയിലും പരിസരഗ്രാമങ്ങളിലുമായി ഈ കാലഘട്ടത്തിൽ 2824 പേരെയാണ് മതപരിവർത്തനം ചെയ്തിട്ടുള്ളതെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. കമ്മററിയുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ "കൂട്ടത്തോടെയുള്ള പ്രസ്ഥാനങ്ങളും കൂട്ടത്തോടെയുള്ള മതപരിവർത്തനങ്ങളും" "മിഷ്യന്റെ വിശ്വാസസംഹിതയ്ക്കു" എതിരാണെന്നും, അവ അതിന്റെ "തത്വങ്ങളിൽനിന്നു വ്യതിരിക്ത"മാണെന്നും ഗ്രാമീണപ്രചാരകന്മാരെ മിഷ്യനുകൾ ധരിപ്പിക്കുന്നതു് ഉചിതമായിരിക്കുമെന്നു് പറഞ്ഞിരിക്കുന്നു. മൈനർമാരെ മതപരിവർത്തനം ചെയ്യിക്കുന്നതിന്റെ നിയമരാഹിത്യത്തെപ്പററിയും രക്ഷാകർത്താക്കളുടെ സമ്മതമുണ്ടായിരുന്നാൽ തന്നെയും അങ്ങനെ ചെയ്യുന്നതിന്റെ അനൗചിത്യത്തെപ്പററിയും കമ്മററി ഊന്നിപ്പറയുന്നുണ്ട്. മതപരിവർത്തനത്തിന്റെ കാരണങ്ങളായി കമ്മിററി ചൂണ്ടിക്കാണിക്കുന്നതു് കടുത്ത ദാരിദ്ര്യം, അക്ഷരാഭ്യാസമില്ലായ്മ, അജ്ഞത എന്നിവയാണ്. ജാഗീർദാരന്മാരുടേയും ജന്മികളുടേയും മർദ്ദനത്തിനു വിധേയരായ "ബലായി" സമുദായത്തിൽനിന്നാണ് അധികം മാനസാന്തരങ്ങൾ നടക്കുന്നതു്. ജാതിചിന്ത, കുഷ്ഠരോഗികളേക്കാൾ ഭേദമായിട്ടുപോലും കണക്കാക്കപ്പെടാത്ത ഹരിജനങ്ങളോടുള്ള സവർണ്ണഹിന്ദുക്കളുടെ നിലപാട്, മതംമാററത്തെത്തുടർന്നു അവർക്കു ലഭിക്കുന്ന സാമൂഹ്യപദവി, സാമ്പത്തികമായ മെച്ചം, ഇതെല്ലാം മതപരിവർത്തനത്തിനു പ്രേരണനൽകുന്നു. മതപരിവർത്തനത്തിൽ സ്വീകരിക്കപ്പെടേണ്ട നടപടികളിൽ പേർ രജിസ്റ്റർചെയ്തിരിക്കണമെന്ന വ്യവസ്ഥകൂടി കമ്മററി നിർദ്ദേശിച്ചിരിക്കുന്നു. ഒരു മതത്തിൽനിന്നു മറെറാരു മതത്തിലേക്കു മാറുമ്പോൾ കലക്ടരുടെ ഓഫീസിലോ മറേറതെങ്കിലും ഓഫീസിലോ പേർ രജിസ്റ്റർചെയ്യണമെന്നും മുൻകൂട്ടി വിവരമറിയിക്കണമെന്നും അനന്തരം ഒരു മാസത്തിനു മുമ്പു പുരോഹിതന്റെ മേൽനോട്ടത്തിൽ കർമ്മം നടക്കണമെന്നുമാണ് പ്രസ്തുത നിർദ്ദേശം.

മേല്പറഞ്ഞവയാണ് റിപ്പോർട്ടി

നെപ്പററി ഇപ്പോൾ പുറത്തുവന്നിട്ടുള്ള ചില അറിവുകൾ. റിപ്പോർട്ട അതിൻെറ പൂർണ്ണരൂപത്തിൽ പരിശോധിച്ചശേഷം ആവശ്യമെങ്കിൽ അതേപ്പററി പിന്നീട്ട പ്രതിപാദിക്കുന്നതാണ്. ഉദ്ധൃതമായ കാര്യങ്ങളിൽ വിവാദപരവും, യുക്തിവിരുദ്ധവും, പ്രതിഷേധാർഹവുമായ പലതും ഉൾക്കൊള്ളുന്നുവെന്നു വ്യക്തമാണല്ലോ. ഇന്ത്യയുടെ മതസഹിഷ്ണതാപാരമ്പര്യത്തേയൊ, ഇന്ത്യൻഭരണഘടനയിലെ മതസ്വാതന്ത്ര്യവ്യവസ്ഥകളേയൊ നിഷ്പക്ഷമായ ഒരു നിലപാടിൽനിന്നു വീക്ഷിക്കുന്നതിനോ, ക്രിസ്ത്യൻമിഷനറിപ്രവത്തനത്തിലെ ആദർശങ്ങളെ വേണ്ടവിധം ഗ്രഹിക്കുന്നതിനോ മററുവിധത്തിൽ പണ്ഡിതന്മാരും നിയമജ്ഞന്മാരുമായ കമ്മററിയംഗങ്ങൾക്ക സാധിച്ചിട്ടില്ല എന്നു സവ്യസനം പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഇന്ത്യയെ ഹൈന്ദവമായും മററു മതങ്ങളെ വൈദേശികമായും ധരിച്ചവശാകുന്നതാണ് ഈ ചിന്താക്കുഴപ്പങ്ങൾക്ക കാരണമെന്നു പറയാം. മതസ്വാതന്ത്ര്യനിയമം അത്തരത്തിൽ വീക്ഷിക്കുമ്പോഴാണ് ഈ അബദ്ധങ്ങളായ അനുമാനങ്ങളിൽ നിപതിച്ചുപോകുന്നതു്. മതംമാറാൻ സ്വാതന്ത്ര്യവും അവകാശവുമുണ്ടെങ്കിൽ എന്തുകൊണ്ടു കൂട്ടത്തോടെ ആയിക്കൂടാ? ഒരു വ്യക്തിയെ ഏതെങ്കിലും മതത്തിൽ സ്വീകരിക്കുന്നതിനുവേണ്ട വ്യവസ്ഥകൾ നിശ്ചയിക്കേണ്ടതാരാണ്? ആ മതനിബന്ധനകളെ പാലിക്കുന്നതിനു ബാദ്ധ്യസ്ഥരും അതിൻെറ ഉത്തരവാദിത്വം വഹിക്കുന്നവരുമായ മതാധികാരികളാണോ രാഷ്ട്രീയാധികാരികളാണോ? മൈനർമാരായ കുട്ടികളുടെ മതപരമായ വളത്തലിലും പരിശീലനത്തിലും ആർക്കാണവകാശമുള്ളതു്? ജീവകാരുണ്യപ്രവൃത്തികളിൽ ക്രൂടി സാധാരണജനങ്ങൾ മതാദർശങ്ങളെ ഗ്രഹിച്ച മതപരിവത്തനത്തിനു തയാറാകുന്നുവെങ്കിൽ അതു അനഭിലഷണീയമായി വരുമോ? ലോക്സഭയിൽ അവതരപ്പിക്കിപ്പെട്ടതും തീവ്രമായ വാദപ്രതിവാദങ്ങൾക്ക വിധേയമായതും, പ്രധാനമന്ത്രിയുടെ രൂക്ഷമായ വിമർശത്തെത്തുടന്നു അവതാരകൻതന്നെ പിൻവലിച്ചതുമായ മതപരിവത്തനബില്ലിലെ മിക്ക വ്യവസ്ഥകളുംതന്നെയാണ് റിശ്കമ്മററിക്കാർ ശുപാർശചെയ്തിരിക്കുന്നതു്. ആ നിലയിൽ ഈ ശുപാർശകളുടെ നിരത്ഥകസ്വഭാവവും സ്വാതന്ത്ര്യഭഞ്ജകത്വവും അനുക്തസിദ്ധമാണ്. ഇങ്ങനെ ഗർഹണീയങ്ങളായ പല അഭിപ്രായങ്ങളും റിപ്പോർട്ടിൽ ചേത്തിരിക്കുന്നതു നിർഭാഗ്യകരമായിരിക്കുന്നുവെന്നു മാത്രമേ ചുരുക്കത്തിൽ ഇപ്പോൾ പ്രസ്താവിക്കുന്നുള്ളു.

—o—

### ജപാപ്പസ്തോലസഖ്യത്തിൻെറ സെപ്തംബർമാസത്തെ പൊതുനിയോഗം

"ദാമ്പത്യവിശ്വസ്തത ബഹുമാനിക്കപ്പെടുന്നതിനും നിഷ്ഠയായി പാലിക്കപ്പെടുന്നതിനും വേണ്ടി."

### വേദപ്രചാരനിയോഗം

"മിഷ്യൻ രാജ്യങ്ങളിലെ കത്തോലിക്കാ മുദ്രാലയ പ്രേഷിതത്വത്തിനു വേണ്ടി."

### അടുത്തയാഴ്ചയിൽ

സെപ്തംബർ

6 വ്യാ: വി. മർഗ്ഗരീത്താ

7 വെ: വി. ബാസിലിദിസും കൂട്ടരും

8 ശ: പ. കന്യകാ മറിയത്തിൻെറ പിറവി

9 ഞാ: പന്തക്കുസ്ത 16-ാം ഞാ. പ. ക. മറിയത്തിൻെറ തിരുനാമം

10 തി: വി. നിക്കൊലാവോസ് തൊലന്തിനോസ്

11 ചൊ: വി. പ്രോത്തോസും ഹിയാസിന്തോസും

12 ബു: വി. ലെയോൻസിയോസ്

# വിവിധവൃത്താന്തങ്ങൾ

## റഷ്യയും വത്തിക്കാനും

1921-ൽറഷ്യയിലേക്കയച്ച പേപ്പൽ റിലീഫ് മിഷൻെറ 35-ാം വാർഷികത്തിൽ വത്തിക്കാൻ റേഡിയോ ആ കഥ വിശദീകരിക്കുകയുണ്ടായി. "ചരിത്രത്തിലെ ഏററം ഭീതിജനകമായ ഒരു ദുരന്ത"മായിരുന്നു അന്നത്തെ റഷ്യൻ ക്ഷാമം. സഭയുടെ പരമശത്രുവായിരുന്ന കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിനു് വത്തിക്കാൻെറ സഹായം നിരസിക്കുക സാദ്ധ്യമല്ലാത്തവിധം റഷ്യയിലെ പട്ടിണി അത്യുഗ്രമായിരുന്നു. ഫാദർ എഡ്മണ്ടു് എ. വാൾഷ് എസ്. ജെ. യുടെ നേതൃത്വത്തിൽ 13 വൈദികർ അൽമായവേഷത്തിൽ റഷ്യയിലെത്തി. 1921 ആഗസ്റ്റ് 5 മുതൽ 1924 സെപ്തംബർ 19 വരെ ഈ പേപ്പൽ റിലീഫ് മിഷൻ അഞ്ചു് കേന്ദ്രങ്ങളിൽ 10,000 അടുക്കളകൾ ഏപ്പെടുത്തി പ്രതിദിനം 160,000 പേക്ക ഭക്ഷണം നൽകിക്കൊണ്ടിരുന്നു. 1923-ൽ 28,000,000 പേക്ക പ്രതിദിനം ഭക്ഷണം നൽകിയിരുന്നതിനു പുറമെ, അക്കൊല്ലം ജൂലൈ മാസത്തിൽ തന്നെ 11 ലക്ഷം ക. വിലയുള്ള വസ്ത്രങ്ങളും രണ്ടര ലക്ഷം ക. യുടെ മരുന്നുകളും വിതരണം ചെയ്യുകയുണ്ടായി.

### അവർ നന്ദി കാണിച്ച വിധം

മുകളിൽപ്പറഞ്ഞ കണക്കുകളിൽനിന്നു മുപ്പത്തേഴര മാസത്തെ റിലീഫ് പ്രവത്തനത്തിനു വേണ്ടി പേപ്പൽ റിലീഫ് മിഷൻ സോവ്യററു റഷ്യയിൽ ചെലവു ചെയ്ത സംഖ്യയുടെ വൈപുല്യം കണക്കാക്കാവുന്നതാണല്ലോ. ഇതിനു റഷ്യയിലെ കമ്മ്യൂണിസ്റ്റ്കാർ കാണിച്ച നന്ദി എങ്ങനെയുള്ളതായിരുന്നെന്നോ? 1922-ലെ ക്രിസ്തുമസ്സ് ദിനത്തിൽ മാർപ്പാപ്പായേയും കത്തോലിക്കാവിശ്വാസത്തെയും അവഹേളിച്ചുകൊണ്ടു കമ്മ്യൂണിസ്റ്റ് യുവാക്കൾ ഒരു തെരുവുപ്രകടനം നടത്തി. ആ മാർച്ചുമാസത്തിൽ സോവ്യററുഗവമ്മെൻറു ബിഷപ്പ ജോൺ സീപ്ലാക്കിനെ മരണശിക്ഷയ്ക്കു വിധിച്ചു. ഇതു പിന്നീട്ട നാട്ടുകടത്തലായി മാററി. ഇത്തരം അവഹേളനങ്ങൾ തുടന്നുകൊണ്ടിരുന്നിട്ടും 1924സെപ്തംബർ19-ാം തീയതി പേപ്പൽ മിഷനെ റഷ്യയിൽനിന്നു് അധികാരികൾ പറഞ്ഞയക്കുന്നതുവരെ സേവനം തുടന്നുകൊണ്ടിരുന്നു.

### അറബിഭാഷയിൽ കുർബാന

ഫ്രാൻസിൽബ്രിട്ടനിയിലുള്ള "എഫേസൂസിലെ ഏഴ് ഉറക്ക"ക്കാരുടെ, അന്തർഭൗമികദേവാലയത്തിലേക്ക മുസ്ലീമിങ്ങളും ക്രിസ്ത്യാനികളും ചേന്നു് ഒരു തീത്ഥയാത്ര നടത്തിയിരിക്കുന്നു. അൽജീറിയായിൽ സമാധാനം പുനസ്ഥാപിച്ചു കാണുകയെന്നതായിരുന്നു തീത്ഥയാത്രയുടെ ലക്ഷ്യം. ദേവാലയത്തിൽ വെച്ചു ഗ്രീക്ക മൽക്കായ റീത്തിൽ ദിവ്യപൂജ അപ്പിക്കപ്പെട്ടു. ദിവ്യപൂജയിൽ സുവിശേഷം ഫ്രഞ്ച്, ഗ്രീക്ക്, അറബിക്ക് എന്നീ ഭാഷകളിൽ വായിക്കപ്പെടുകയുണ്ടായി. കുർബാനയുടെ നേരത്തു മുസ്ലീമിങ്ങൾ ദേവാലയത്തിൻെറ വാതുക്കൽ നിന്നിരുന്നു. രണ്ടാം തിയൊഡോസിയസ് ചക്രവത്തിയുടെ കാലത്തു വേദസാക്ഷിമകുടം ചൂടിയ ഈ ഏഴ് ഉറക്കക്കാരെ മുസ്ലീമിങ്ങളും വണങ്ങുന്നുണ്ടു്.

### അംഗഹീനരായ പടയാളികൾ

മിക്കവാറും എല്ലാ യൂറോപ്യൻ രാജ്യങ്ങളിൽനിന്നുമുള്ള അംഗഹീനരായ എക്സ് സർവീസ് മെൻ (മുൻപടയാളികൾ) അവരുടെ വാർഷിക കോൺഗ്രസ് ഈയിടെ റോമയിൽവെച്ചു് നടത്തിയ അവസരത്തിൽ, മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അവക്ക ഒരു സന്ദർശനമനുവദിക്കുകയുണ്ടായി. മാർപ്പാപ്പാ തിരുമേനി കോൺഗ്രസിലേക്കുതന്നെ അയച്ച ഒരു കമ്പിസന്ദേശത്തിൽ "യുദ്ധംമൂലം ക്ഷതാംഗരായ" ആ പ്രിയപ്പെട്ടവരെ "പൈതൃകാലിംഗനത്തോടെ" സ്വാഗതം ചെയ്യുന്നതായി പ്രസ്താവിച്ചിരുന്നു. സർവദയാർദ്രനും പരമപരിപാലകനുമായ ദൈവത്തിനു് അവരെ ഭരമേല്പിച്ചിരിക്കുന്നതായി ആ സന്ദേശത്തിൽ തിരുമേനി പ്രസ്താവിച്ചിരുന്നു. അവരെ ഒന്നിപ്പിച്ചിരിക്കുന്ന സ്നേഹത്തിൻെറയും യോജിപ്പിൻെറയും ബന്ധത്തെ പോഷിപ്പിക്കുവാനും വർദ്ധിപ്പിക്കുവാനും തിരുമേനി ഉദ്ബോധിപ്പിച്ചു.

### വിദ്യാത്ഥികളുടെ സന്മാതൃക

ഹോങ്കോങ്ങ് സർവകലാശാലയിലെ കത്തോലിക്കവിദ്യാത്ഥികൾ അഭിനന്ദനീയമായ ഒരു സൽപ്രവൃത്തി ഏറെറടുത്തിരിക്കുന്നു. ഒഴിവു ദിവസങ്ങളിൽ അവർ ജോലിചെയ്തു പണം സമ്പാദിച്ചു രോഗികളെയും ദരിദ്രരെയും സംരക്ഷിക്കുന്നതിനായി അതു് ഉപയോഗിക്കുന്നു. അവധി ആരംഭിക്കുന്നതിനു് ഒരു മാസം മൻപു തന്നെ ജോലി ആവശ്യപ്പെട്ടു് അവർ പരസ്യം ചെയ്യുന്നു. ചിലർ അദ്ധ്യാപകരായും ചിലർ ക്ലാക്കന്മാരായും ജോലി സ്വീകരിക്കുന്നു. ഇതിനകം തന്നെ പല ദരിദ്രക

## (10-ാംപേജ് തുടർച്ച)

ദുഷ്ടകൃതികളുടെ പ്രചാരം തടയേണ്ടതു് സാത്വികന്മാരുടെ ധമ്മമാണ്. അവയെ തടയുന്നതോടുകൂടിത്തന്നെ സൽഗ്രന്ഥങ്ങളും പ്രചരിക്കേണ്ടതാണ്; പ്രചരിപ്പിക്കേണ്ടതുമാണ്.

"നിസ്തന്ദ്രമായ ഭക്തപാരായണമോ മനനമോ ചെയ്യാൻ വൈമനസ്യം പ്രദശിപ്പിക്കുന്നവരുടെ രക്ഷ സന്നിഗ്ദ്ധമാകുന്നു. ശില്പകലാകാരന്മാർ അവരുടെ പണിയായുധങ്ങളെ നഷ്ടപ്പെടുന്നതിനേക്കാൾ ക്ഷുത്പിപാസാദികളെ സഹിക്കാൻ സന്നദ്ധരാകുമല്ലോ. എന്തെന്നാൽ അവരുടെ ഉപജീവനമാർഗ്ഗമാണവയെന്നു അവക്കറിയാം." (St. Chrysostom Conc. 3, de Lazarot I. p. 738)

സൽഗ്രന്ഥപാരായണത്തിൽ വൈമുഖ്യം കാണിക്കുന്നതു് അപകടകരമാണെന്നുള്ള ഈ വിശുദ്ധൻെറ വാക്യം എല്ലാവരും ഓമ്മിച്ചിരിക്കേണ്ടതാണ്.

അതുകൊണ്ടു് ജപമാലയോടുകൂടിത്തന്നെ നമ്മുടെ സകല കുടുംബങ്ങളിലും ബൈബിൾവായനയും മുടക്കംകൂടാതെ നടത്തണമെന്നാണ് എൻെറ ഉപദേശവും നിർദ്ദേശവും. ഇതിനു പററിയ രണ്ടു പുസ്തകങ്ങളാണ് പ്രതിദിനസുവിശേഷവും പ്രതിദിനപുതിയനിയമവും.


പരിഭാഷകനേയും വായനക്കാരേയും ഞാൻ ഹാദ്ദമായി അനുഗ്രഹിക്കുന്നു.

(തൃശ്ശൂർമെത്രാൻ റൈററു് റവ. ഡോക്ടർ ജി. ആലപ്പാട്ട തിരുമനസ്സിലെ അവതാരിക)

*N. B.* ഈ പുസ്തകം, കടലാസ്, ബയൻറു് അനുസരിച്ച് ഒന്നര, ഒന്നേമുക്കാൽ, രണ്ടുരൂപാ വിലയ്ക്കു മാനേജർ, യൂണിയൻപ്രസ്, മരിയാപുരം, ഒല്ലൂർ എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടും. ഒരു പുസ്തകത്തിനു അഞ്ചരയണ പോസ്റ്റേജ്വരും. വി. പി. ആയാൽ അതിലും കൂടും. ഈ പാഴ്ചെലവു വരാതെയിരിക്കാൻ പുസ്തകത്തിൻെറ വിലയോടുകൂടി അഞ്ചരയണകൂടി മണിയോർഡർ അയക്കുക. നൂററിക്കു് ഇരുപത്തഞ്ചു കമ്മീഷൻ.

## നിയോഗികമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കാൻ

### എറണാകുളത്തുകൂടിയ പൗരമഹായോഗം




അദ്ധ്യക്ഷനും പ്രാസംഗികന്മാരും. മെ: എ. എ. ഡി ലൂയീസ് (എക്സ് എം. എൽ. എ.), എം. ഭാസ്കരമേനോൻ (എക്സ് മുൻസിപ്പൽ ചെയർമൻ), കെ. പി. അബ്രാഹം (അഡ്വക്കേററു്), പി. കെ. കൃഷ്ണൻകുട്ടിമേനോൻ (എക്സ് മന്ത്രി—യോഗാദ്ധ്യക്ഷൻ), എൽ. എം. പൈലി (എക്സ് മന്ത്രി), ഡോക്ടർ വി. ബി. മുഹമ്മട്ടു്, പീററർ കൊറയാ (മുനി. ചെയർമൻ)



സദസ്സിൻെറ ഒരു വിഭാഗം



വനിതകളും ധാരാളമായി യോഗത്തിൽ സംബന്ധിച്ചിരുന്നു

**CATHOLIC ART CENTRE**

***Broadway—Ernakulam***

പള്ളിയാവശ്യങ്ങൾക്കുള്ള കുർബാന കുപ്പായം, കൊത്തുരൂപങ്ങൾ, എലക്ട്രോപ്ലേററിങ്ങ് വേലകൾ എന്നിവയ്ക്കു കാത്തലിക്ക് ആർട്ട് സെൻറർ (എറണാകുളം ബ്രോഡ്വെയിൽ) സന്ദർശിക്കുക.

***Await Opening 8th Sept.(Saturday)***

ടുംബങ്ങളെയും സഹായിക്കുന്നതിനു അവർക്കു സാധിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലെ കത്തോലിക്കാ വിദ്യാർത്ഥികൾക്കും അനുകരിക്കാവുന്ന ഒരു മാതൃക.

## കെണി ഒരുക്കുന്നു

യൂഗോസ്ലാവിയായിൽ മതമർദ്ദനത്തിനുള്ള ഒരു കെണി ഒരുക്കി വരുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. വൈദികരുടെയും പ്രമുഖ അൽമേനികളുടെയും എഴുത്തുപെട്ടികളിൽ ടിറ്റോയ്ക്കെതിരായുള്ള കത്തുകൾ നിക്ഷേപിക്കുകയാണു ഒരു സമ്പ്രദായം. രാജ്യത്തിനു പുറത്തുപോയിരിക്കുന്ന അഭയാർത്ഥികളുടെ പേരിലാണു് ഈ കത്തുകളെങ്കിലും കമ്മ്യൂണിസ്റ്റ് രഹസ്യപ്പോലീസുകാരാണ് ഇതു വിതരണം ചെയ്യുന്നതെന്നു തെളിഞ്ഞിരിക്കുന്നു. ഇത്തരം വിദ്ധ്വംസകമായ കത്തുകളോ ലഘുലേഖകളോ കിട്ടിയാലുടനെ അതു പോലീസിനെ ഏല്പിക്കുവാൻ യൂഗോസ്ലാവിയാ മെത്രാന്മാർ വൈദികരെയും മററും ഉദ്ബോധിപ്പിച്ചിരിക്കുന്നു.

## "സെമ്മിനാരിവിദ്യാർത്ഥി"ക്കു പററിയ പററു്

ഈയിടെ വൈദിക വേഷത്തിലുള്ള ഒരു ചെറുപ്പക്കാരൻ യൂഗോസ്ലാവിയായിൽ സെറാജിവോയിലുള്ള ഒരു സഭാധികാരിയെ സമീപിച്ചു താൻ റോമയിലെ ഒരു സെമ്മിനാരിയിൽ ദൈവശാസ്ത്രം പഠിക്കുന്ന ഒരു വിദ്യാർത്ഥിയാണെന്നും, യൂഗോസ്ലാവിയായിലെ സ്ഥിതിഗതികൾ പഠിക്കുന്നതിനായി അഭയാർത്ഥികളായ വൈദികർ തന്നെ അയച്ചിരിക്കുകയാണെന്നും പറഞ്ഞു. ആയാൾക്കു

---

വി. യൂദാസ് തദ്ദേവൂസിനോടുള്ള പ്രാർത്ഥനയുടെ ഫലമായി ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സിസിലി തോമസ്, ടീച്ചർ
കരുകപ്പള്ളിൽ, ചെമ്പേരി P. O.

---

ഹൃദ്യമായ ഒരു സ്വീകരണം നൽകപ്പെട്ടു. സമീപത്തുണ്ടായിരുന്ന രണ്ടു വൈദികർ കൂടെ ക്ഷണിക്കപ്പെട്ടു. അവർ ലത്തീൻ ഭാഷയിൽ സംഭാഷണം തുടങ്ങി. തനിക്കു ലത്തീൻ അറിഞ്ഞുകൂടായെന്നു ആ വൈദികവിദ്യാർത്ഥിക്കു സമ്മതിക്കേണ്ടിവന്നു. റോമയിൽ ദൈവശാസ്ത്രം പഠിക്കുന്ന ഒരു വൈദികവിദ്യാർത്ഥിക്കു ലത്തീൻ അറിഞ്ഞുകൂടാതെ വരികയില്ലെന്നായി അവർ. പിന്നെ അവിടെ നിൽക്കാതെ ആയാൾ പമ്പകടന്നു. ആയാൾ ഒരു കമ്മ്യൂണിസ്റ്റ് ഏജൻറായിരുന്നു.

## വിശുദ്ധൻെറ സ്മാരകം


വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പാക്കു കാസ്റ്റൽ ഗൊൺഡോൾഫോയിൽ ഒരു സ്മാരകം ഏർപ്പെടുത്തുന്നുണ്ട്. അതിൻെറ മാതൃക കർദ്ദിനാൾ കോൺസ്റ്റൻറീനി സജ്ജമാക്കിയിരിക്കുന്നു. ചെരുപ്പുകൾ രണ്ടും കെട്ടി കഴുത്തിനു ചുററമിട്ടിരിക്കുന്ന ഒരു കുട്ടിയുടെ രൂപത്തിലായിരിക്കും ഈ സ്മാരകം. വിശുദ്ധ പത്താം പീയൂസ് ചെറുപ്പത്തിൽ കാസ്റ്റൽ ഫ്റാങ്കോയിലാണു വിദ്യാഭ്യാസം ചെയ്തതു്. വീട്ടിൽനിന്നു പ്രതിദിനം പത്തുമൈൽ നടന്നാണു സ്കൂളിൽ സംബന്ധിച്ചിരുന്നതു്. ദരിദ്രനായ ആ ബാലൻ, നടപ്പുകൊണ്ടു ചെരുപ്പു തേഞ്ഞുപോകാതിരിക്കുന്നതിലേക്കു് അവ ചരടിൽ കെട്ടി കഴുത്തിനു ചുററും ഇട്ടുകൊണ്ടു നഗ്നപാദനായിട്ടാണ് ഈ യാത്ര മുഴുവൻ കഴിച്ചിരുന്നതു്.

## സ്വിസ്മെത്രാന്മാരുടെ ഉദ്ബോധനം

സ്വിററ്സർലണ്ടിലെ കത്തോലിക്കമെത്രാന്മാരുടെ വാർഷിക കോൺഫറൻസിനെ തുടർന്നു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ, കത്തോലിക്കർ പൊതുജനജീവിതത്തിൽ സജീവഭാഗഭാഗിത്വം വഹിക്കേണ്ടതിൻെറ അത്യാവശ്യകതയെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. "ഭക്തിയുടെ സ്വകാര്യമണ്ഡലത്തി"ൽ ഒതുങ്ങിക്കഴിയുന്നതുകൊണ്ടു തൃപ്തിപ്പെടാതെ പൊതുജനജീവിതത്തിൽ പങ്കെടുത്തു ഉത്തരവാദിത്വങ്ങൾ പേറുവാൻ കൂടി കത്തോലിക്കർ സന്നദ്ധരാകണമെന്നു തിരുമേനിമാർ ഉദ്ബോധിപ്പിക്കുന്നു. ഈ ഉദ്ബോധനം മററു രാജ്യങ്ങളിലെ കത്തോലിക്കർക്കും ബാധകമാണെന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

---


For favours received




Inserted by
Sr. Sartho S. D.
(A. T. Neerampuzha)
Vazhakulam


---



രണ്ടു മോട്ടോർ എൻജിനുകളോടുകൂടിയ ഈ ഹെലികോപ്ടർവിമാനം, ബ്രിട്ടീഷ് യൂറോപ്യൻ എയർവെയ്സ്കമ്പനിക്കാർ, ഇദംപ്രഥമമായി ഗതാഗതത്തിനു ഉപയോഗപ്പെടുത്തിവരുന്നു. 12-14 യാത്രക്കാർക്കു സഞ്ചരിക്കാവുന്നതരത്തിലുള്ളതാണു് ഈ വിമാനം.

## വിദേശവാർത്തകൾ

കത്തോലിക്ക ഡോക്ടർമാരുടെ ഏഴാമത്തെ അന്താരാഷ്ട്രീയ കോൺഗ്രസ് സെപ്തംബർ 9 മുതൽ 15 വരെ തീയതികളിൽ ഹേഗിൽ വെച്ചു നടത്തപ്പെടുന്നതാണ്. "വൈദ്യവുമായി ബന്ധപ്പെട്ട നിയമതത്വങ്ങൾ" എന്നതാണ് ഇത്തവണത്തെ ചർച്ചാവിഷയം.

—ആൻഡ്റിയാ ഡോറിയാ എന്ന ഇററാലിയൻ കപ്പലപകടത്തിൽപെട്ടു മരിച്ചവർക്കുവേണ്ടി മാർപ്പാപ്പാതിരുമേനി പ്രാർത്ഥനകൾ നടത്തുകയും, ആ അപകടം "തൻെറ ഹൃദയത്തിൽ അഗാധവും സന്തപ്തവുമായ പ്രതിധ്വനി ഉണ്ടാക്കിയിരിക്കുന്നതായി ഇററാലിയൻ പ്രധാനമന്ത്രിക്കു ഒരു സന്ദേശമയയ്ക്കുകയും ചെയ്തിരിക്കുന്നു.

—റോയൽ ആഫ്റിക്കൻ സൊസൈററിയുടെ മെഡലിനു് ഈ കൊല്ലം അർഹനായിരിക്കുന്നതു് ഉഗണ്ടായിലെ 85 വയസ്സു പ്രായമുള്ള ഫാദർ ജീൻ ബെക്ക് എന്ന വൈദികനാണ്. ഫ്റഞ്ച് ദേശീയനായ അദ്ദേഹം കഴിഞ്ഞ 60 കൊല്ലമായി ഉഗണ്ടായിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണ്. "ഈ രാജ്യത്തിലെ ജനങ്ങളെ സേവിക്കുന്നതിനായി അദ്ദേഹം തൻെറ ജീവൻ അർപ്പിച്ചിരിക്കുന്നു" എന്നാണ് മെഡൽ സമ്മാനിച്ചുകൊണ്ടു റസിഡൻറ് മീറ്റിംഗിൽ പ്രസ്താവിച്ചതു്.

—പശ്ചിമ വിയററ്നാമിലെ ഹോ ഹോ എന്ന വിപ്ലവപ്രസ്ഥാനത്തിൻെറ നേതാവും ഒരു വലിയ കത്തോലിക്കവിദ്വേഷിയുമായിരുന്ന ജനറൽ ബാ ഔട്ട് തൻെറ മരണത്തിനു മുൻപ് കത്തോലിക്കാമതം സ്വീകരിച്ചിരിക്കുന്നു. ജനറൽ ഔട്ടിനെ കഴിഞ്ഞ ജൂലൈമാസത്തിൽ വധശിക്ഷയ്ക്കു വിധിക്കുകയാണുണ്ടായതു്.

—അണുബോംബുമൂലം നശിപ്പിക്കപ്പെട്ട ഹിറോഷിമായിലെ വികാരിയാത്തിൽ 1946-ൽ 1753 കത്തോലിക്കരാണുണ്ടായിരുന്നതു്. ഇന്നു 10,070 കത്തോലിക്കരുണ്ടു്.

—സെപ്റ്റംബർ 28 മുതൽ ഡിസമ്പർ 2 വരെ മാനിലായിൽ നടക്കുന്ന ഫിലിപ്പൈൻ ദിവ്യകാരുണ്യകോൺഗ്രസിലെ പേപ്പൽ ലിഗേററായി ന്യൂയോർക്കുമെത്രാപ്പോലീത്താ കർദ്ദിനാൾ സ്പെൽമൻതിരുമേനിയേയും, ഡിസമ്പറിൽ നടക്കുന്ന ബൊളീവിയൻ ദിവ്യകാരുണ്യകോൺഗ്രസിലെ പേപ്പൽ ലഗേററായി ബിസോറിയോ മെത്രാൻ കർദ്ദിനാൾ കാഗ്ഗിയാനോ തിരുമേനിയേയും നിയമിച്ചിരിക്കുന്നു.

—ലിബേറിയായുടെ പ്രസിഡൻറായ വില്യം ടബ്മാൻ സെപ്റ്റംബർ 24-ാം തീയതി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുന്നതാണ്. കഴിഞ്ഞ നൂററാണ്ടിൽ, അമേരിക്കയിൽനിന്നു സ്വാതന്ത്ര്യംനേടിയ അടിമകൾ സ്ഥാപിച്ചതാണു ലിബേറിയാ റിപ്പബ്ളിക്ക്.

—മൊണാക്കോ രാജാവായ റെയിനിയർ, രാജ്ഞീസമേതം സെപ്റ്റംബർ ഒടുവിൽ മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുന്നതാണ്.

—ഈയിടെ പാരീസിൽ സമ്മേളിച്ച സെൻറ് വിൻസെൻറ ഡി പോൾ സഖ്യത്തിൻെറ ഇൻറർനാഷനൽ കൗൺസിൽ സഖ്യത്തിനു ഒരു യുവവിഭാഗം ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. 21 വയസ്സിൽ താഴെ പ്രായമുള്ളവരും കോളെജുകളിലും സ്കൂളുകളിലും പഠിക്കുന്നവരുമായ യുവാക്കന്മാരെ ഉദ്ദേശിച്ചാണു ഈ യുവവിഭാഗം ആസൂത്രണം ചെയ്തിരിക്കുന്നതു്.

—ഒരു വൈദികൻ ആർക്കെങ്കിലും മതകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ വിസമ്മതിക്കുന്നതു പോളണ്ടിൽ കുററകരമാക്കിയിരിക്കുന്നു. കമ്മ്യൂണിസ്റ്റുകാരുടേയോ നിരീശ്വരവാദികളുടേയോ ശവസംസ്കാരങ്ങളിൽ കത്തോലിക്കാവൈദികർ സംബന്ധിക്കാതിരിക്കുന്നതിനെ തടയാനാണ് ഈ പുതിയ നിയമം. ഈ നിയമം ലംഘിക്കുന്നവർക്കു 5 വർഷംവരെ തടവാണു ശിക്ഷ.

—ജർമ്മനിയിലെ സുപ്രസിദ്ധ കത്തോലിക്കാ ദൈവശാസ്ത്രജ്ഞനായ ഡോക്ടർ കാറൾ ആഡമിനു 80 വയസ്സു പൂർത്തിയാകുന്ന അടുത്ത ഒക്ടോബർ 22-ാംതീയതി, വിപുലമായ തോതിൽ കൊണ്ടാടുന്നതിനു വിവിധ സഭാവിഭാഗങ്ങൾ തീരുമാനിച്ചിരിക്കുന്നു. വിവിധ ജർമ്മൻ സർവ്വകലാശാലകളിൽ വളരെക്കാലം അദ്ദേഹം ഒരു പ്രൊഫസറായിരുന്നു.

—ഡബ്ളിനിലെ ഒരു ഗായികയായ മിസ് ഈഡിത്തു് മിറൽസൺ തുടർച്ചയായി പാട്ടുകച്ചേരികൾനടത്തി പണമുണ്ടാക്കി 8 രോഗികളെ ലൂർദ്ദിലേക്കു തീർത്ഥയാത്രയായി അയച്ചിരിക്കുന്നു.

—1952 ഒക്ടോബർമാസത്തിൽ ബൾഗേറിയായിലെ കമ്മ്യൂണിസ്റ്റ്ഗവമെൻറു മരണശിക്ഷയ്ക്കു വിധിച്ച നിക്കൊപ്പോളിലെ ബോസിൽക്കോഫ്മെത്രാൻ ഇപ്പോൾ ഒരു ഭ്രാന്താശുപത്രിയിലുണ്ടെന്നു അറിവായിരിക്കുന്നു. കമ്മ്യൂണിസ്റ്റ്‌വിരുദ്ധപ്രചരണമായിരുന്നു അദ്ദേഹത്തിൻെറമേൽ ആരോപിക്കപ്പെട്ട കുററം.

—ഇംഗ്ലണ്ടിലെ കാത്തലിക് ടൈംസ്, കാത്തലിക് ഫയർസൈഡ്, ടാബ്ളററ് മുതലായ പത്രങ്ങളുടെ റോമാപ്രതിനിധിയായ മദർ മേരി സെൻറ് ലൂക്ക് നിര്യാതയായിരിക്കുന്നു. അഗസ്റ്റാ എൽ. ഫ്റാൻസിസ് എന്ന തൂലികാനാമത്തിലാണ് അവർ എഴുതിക്കൊണ്ടിരുന്നതു്.

—1833-ൽ ഫ്റഡറിക്ക് ഒസാനാമും സഹപ്രവർത്തകന്മാരുംകൂടി സെൻറു വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ ഒന്നാമത്തെ യോഗം കൂടിയ പാരീസിലെ ആ മുറിയുടെ ഭിത്തിയിൽ ഒരു സ്മാരകഫലകം സ്ഥാപിച്ചിരിക്കുന്നു.

—കഴിഞ്ഞ 50 വർഷങ്ങളായി ദക്ഷിണാഫ്റിക്കയിൽ വൈദ്യവൃത്തിയിൽ ഏർപ്പെട്ടിരുന്ന ഡോക്ടർ കെ. എഫ്. മക്മൂർട്ടി 74-ാമത്തെ വയസ്സിൽ ഇപ്പോൾ ബനഡിക്ടയിൻ സന്യാസസഭയിൽ പ്രവേശിച്ചിരിക്കുന്നു. ആംഗ്ലിക്കൻസഭാംഗമായിരുന്ന അദ്ദേഹം 1925 ലാണു കത്തോലിക്കനായതു്. ദക്ഷിണാഫ്റിക്കയിൽവച്ചു ഒരു കൊച്ചുകുട്ടിക്കു അപ്പൻറിസൈററിസിനു ചെയ്ത ഓപ്പറേഷൻ വിഷമകരമായിത്തീർന്നപ്പോൾ, രോഗി സുഖപ്പെട്ടാൽ താൻ അവനെ ദത്തെടുത്തുകൊള്ളാമെന്നു ഡോക്ടർ പ്രതിജ്ഞചെയ്തു. ആ ബാലൻ ഇന്നു സുപ്രസിദ്ധനായ ഒരു ഡോക്ടർ ആണ്.


—മദ്ധ്യആഫ്റിക്കയിലെ മൗമൗ ഭീകരപ്രവർത്തകരുടെ അക്രമത്തിൻെറ ഫലമായി 5000 ത്തോളം ഏതദ്ദേശീയർ അവരുടെ വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിക്കേണ്ടിവന്നുവെന്നു് നീറോബിയിലെ ഫാദർ തോമസ് കവിർക്കു് ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

—o—

## ചരമവാർത്ത

വായ്പൂരു: വായ്പ്പൂരു് പഴയപള്ളി ഇടവക കളരിമുറിയിൽ പീലിപ്പോസ് റോസമ്മ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ആഗസ്റ്റ് 25-ാംനു ശനിയാഴ്ച പകൽ 5 മണിക്കു് തൻെറ 103-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതയുടെ പിൻഗാമികളായി 5 തലമുറവരെയുള്ള ആളുകൾ ഇപ്പോൾ ജീവിച്ചിരുപ്പുണ്ടു്.

R. I. P.



വിമർശനപംക്തി

# ലൂർദ്ദിലെ പ്രത്യേകതകൾ

2. ലൂർദ്ദിൽ പല രോഗശാന്തികളും നടക്കുന്നുണ്ടെന്നു പറഞ്ഞുവല്ലൊ. അവ യഥാർത്ഥത്തിൽ സംഭവിക്കുന്നുണ്ടോ? യുക്തിവാദി പറയുന്നതുപോലെ, "യാതൊരു ചികിത്സയും കൂടാതെ ഭേദപ്പെടുന്ന തര"ത്തിലുള്ളവയാണോ അവിടെ നടക്കുന്ന രോഗശാന്തികൾ? മനുഷ്യശരീരത്തിൽ നടക്കുന്ന അജ്ഞാതങ്ങളായ വ്യാപാരങ്ങളുടെ ഫലമായി വന്നുകൂടുന്നവയാണോ ഈ രോഗശാന്തികൾ? "സ്ഥാപിതതാല്പര്യമുള്ളവരായ കത്തോലിക്കമതമേധാവികളും ലൂർദ്ദുപട്ടണവാസികളു"മാണോ ഈ രോഗശാന്തികൾ അത്ഭുതങ്ങളാണെന്നു പ്രകീർത്തിക്കുന്നതു്? "യുക്തിവാദി" ഈ പ്രശ്നങ്ങൾക്കു ദുർബോധജനകവും സത്യവിരുദ്ധവുമായ മറുപടികൾ നൽകി വായനക്കാരെ വഴിതെററിക്കുകയാണു ചെയ്യുന്നതു്. എന്തെന്നാൽ ഏതു പ്രബന്ധത്തെപ്പററി യുക്തിവാദി വിമർശിക്കുന്നുവോ, മിസ്സസ് റൂത്തു ക്രാൻസ്റ്റൻെറ, റീഡേഴ്സ് ഡൈജസ്റ്റിലെ ആ ഗ്രന്ഥസംഗ്രഹത്തിൽ ഈ പ്രശ്നങ്ങൾക്കു സമാധാനം നൽകുന്നുണ്ടു്. അവർ എഴുതുന്നു:

"ഈ രോഗശാന്തികൾ എങ്ങനെയാണു പരിശോധിക്കപ്പെടുന്നതു്? വഞ്ചന സംഭവിക്കാതിരിക്കുന്നതിനു് എന്തു പരിരക്ഷകളാണുള്ളതു്? ആദ്യംതന്നെ ഓരോ തീർത്ഥയാത്രയോടുംകൂടി ഒന്നോ ഒന്നിലധികമോ ഡോക്ടർമാരുണ്ടായിരിക്കും. രോഗത്തിൻെറ സ്ഥിതിയും ഇപ്പോഴത്തെ നിലയും വിവരിച്ചുകൊണ്ടുള്ള കുടുംബഡോക്ടറുടെ മെഡിക്കൽസർട്ടിഫിക്കേററില്ലാത്ത യാതൊരു രോഗിയുടെ കാര്യവും അവിടെ സ്വീകരിക്കപ്പെടുന്നില്ല. ഒരു രോഗശാന്തി ഉണ്ടായി എന്നു കാണുമ്പോൾ തീർത്ഥകരോടുകൂടിയുള്ള ഡോക്ടർ ഉടൻതന്നെ ആ വിവരം മെഡിക്കൽ ബ്യൂറോയിൽ റിപ്പോർട്ടുചെയ്യുന്നു. ബ്യൂറോയിലുള്ള ഡോക്ടർമാർ ഉടനെ രോഗിയെ പരിശോധിക്കുകയും ആ രോഗശാന്തിയെപ്പററി ചർച്ചനടത്തുകയുംചെയ്യും. രോഗം യഥാർത്ഥത്തിൽ ഉണ്ടായിരുന്നോ? രോഗത്തിനു ശമനമുണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ അതു സ്വാഭാവികകാരണങ്ങളാൽഉണ്ടായതാണെന്നു പറയാമോ? സിരാരോഗസംബന്ധമായ സകല കേസുകളേയും അവർ പാടേ തള്ളിക്കളയുന്നു. ഇന്ദ്രിയപരമായ എന്തെങ്കിലും പരിവർത്തനമുണ്ടാകാത്ത യാതൊരു കേസും സ്വീകരിക്കപ്പെടുന്നതല്ല. ചികിത്സ്യമല്ലാത്ത മാംസപേശികളുടെ സുഖപ്പെടൽ, നിർജ്ജീവമായിപ്പോയ സിരകളുടേയും മാംസപേശികളുടേയും പുനർജ്ജീവനം, ഒടിഞ്ഞുപോയ അസ്ഥികളുടെ പെട്ടെന്നുള്ള കൂടിയോജിക്കൽ മുതലായവ.

"പൂർണ്ണതെളിവുകളില്ലാതെ കാണപ്പെടുന്ന രോഗശാന്തികളെല്ലാം ഉടൻതന്നെ ഉപേക്ഷിക്കപ്പെടുന്നു. രോഗശാന്തി അവിടെ സ്വീകരിക്കപ്പെടുകയാണെങ്കിൽ, രോഗിയെ കുറഞ്ഞതു ഒരുവർഷത്തേക്കു്, പ്രാദേശികഡോക്ടറുടെ നിരീക്ഷണത്തിനു വിധേയമാക്കപ്പെടുന്നു. എക്സ്റേകൾ, ലാബറട്ടറി റിപ്പോർട്ടുകൾ, ചികിത്സിക്കുന്ന ഡോക്ടർമാരുടേയും മററു സാക്ഷികളുടേയും സ്റ്റേററുമെൻറുകൾമുതലായി അതുസംബന്ധിച്ച എല്ലാ രേഖകളും ശേഖരിക്കുന്നു. അനന്തരം രോഗിയെ വീണ്ടും ലൂർദ്ദിൽ കൊണ്ടുവരുന്നു. അവിടെ ഏററം വിവിധങ്ങളായ പശ്ചാത്തലങ്ങളോടുകൂടിയ ഡോക്ടർമാർ വീണ്ടുമൊരു പരിശോധനനടത്തുന്നു.

"ലൂർദ്ദിലെ മെഡിക്കൽജോലി പൂർണ്ണമായും ഡോക്ടർമാരാണു നടത്തുന്നതു്. അതു് ഒരിക്കലും മറക്കരുതു്."മെഡിക്കൽബ്യൂറോയുടെ പ്രസിഡൻറായ—അദ്ദേഹം ഈയിടെ നിര്യാതനായി—ഡോക്ടർ ല്യൂറെറു് എന്നോടു പറഞ്ഞു. ഡോക്ടർ ല്യൂറെറു് പ്രശസ്തനായ ഒരു വ്യക്തിയായിരുന്നു. ലീജിയൻ ഓഫ് ഓണർ, ക്രോയിസ് ഡി ഗ്വറേ എന്നീ ബഹുമതികൾ ലഭിച്ചിട്ടുള്ള അദ്ദേഹം ഒരു വൈദ്യശാസ്ത്രപ്രൊഫസറും, ബോർഡോയിലെ ഏററം മോശമായ ഭാഗത്തുള്ള ഏററം വലിയ ക്ലിനിക്കിൻെറ തലവനുമായിരുന്നു.

"ഡോക്ടർ ല്യൂറെറു് തുടർന്നു പറഞ്ഞു: "എൻെറ ഇവിടത്തെ ഉദ്യോഗജീവിതത്തിനിടയിൽ യഹൂദന്മാരും, മുസ്ലീമിങ്ങളും, ബുദ്ധമതക്കാരും, ഹിന്ദുക്കളും, എല്ലാവിഭാഗങ്ങളിലുംപെട്ട പ്രോട്ടസ്റ്റൻറുകാരും ഞങ്ങളുടെ സഹപ്രവർത്തകരുടെ ഗണത്തിലുണ്ടായിരുന്നു. നിരീശ്വരന്മാരും അവിശ്വാസികളുമുണ്ടായിരുന്നു. വിവിധങ്ങളായ ചിന്താഗതികളോടുകൂടിയ ആളുകൾ, ഇങ്ങനെ രോഗശാന്തികളെപ്പററി പഠിക്കുന്നുവെന്നതാണു ഞങ്ങളുടെ ഉത്തമവിശ്വാസത്തിനു ഉറപ്പായിരിക്കുന്നതു്."

ഒരു രോഗശാന്തിയുടെ കാരണം പ്രകൃതിനിയമങ്ങളുടെ പരിധിക്കപ്പുറമാണെന്നു ലൂർദ്ദിലെ മെഡിക്കൽകമ്മീഷൻ തീരുമാനിച്ചുകഴിഞ്ഞാലുടനെ അതു് പാരീസിലെ മെഡിക്കൽകമ്മീഷനു അയച്ചുകൊടുക്കുന്നു. 20 അതിപ്രസിദ്ധന്മാരായ ഫിസിഷ്യന്മാരും സർജ്ജന്മാരും അടങ്ങിയതാണു് ഈ കമ്മീഷൻ. "ഈ രോഗശാന്തിക്കു സ്വാഭാവികമോ ശാസ്ത്രീയമോ ആയ യാതൊരു വിശദീകരണവും ഞങ്ങൾ കാണുന്നില്ല" എന്നു് പാരീസിലെ കമ്മീഷൻ പ്രഖ്യാപിക്കുകയോ, അല്ലെങ്കിൽ പ്രഖ്യാപിക്കേണ്ടെന്നു തീരുമാനിക്കുകയോ ചെയ്യുന്നു. രോഗശാന്തിക്കു സ്വാഭാവികമോ ശാസ്ത്രീയമോ ആയ വിശദീകരണമില്ലെന്നു പാരീസ് കമ്മീഷൻ പ്രഖ്യാപിച്ചാൽമാത്രമേ അതു സഭയുടെ കാനോനിക്കൽകമ്മീഷനു അയച്ചുകൊടുക്കുകയുള്ളു. അതു് ഒരു അത്ഭുതമാണോ അല്ലയോയെന്നു തീരുമാനിക്കുന്നതു കാനോനിക്കൽകമ്മീഷനാണു്.

ലൂർദ്ദിൽ എത്ര അത്ഭുതങ്ങൾ നടന്നിട്ടുണ്ടു്? ഈ തീർത്ഥസങ്കേതത്തിൻെറ ഒരു നൂററാണ്ടുകാലത്തെ ചരിത്രത്തിനിടയിൽ 51 രോഗശാന്തികൾ അത്ഭുതങ്ങളാണെന്നു സഭ പ്രഖ്യാപിച്ചിട്ടുണ്ടു്. ഇതു് ഏററവും കർക്കശമായ പരിശോധനയുടെ ഫലമായിട്ടുള്ളതാണു്. "അത്രതന്നെ പൂർണ്ണമല്ലാത്ത" അത്ഭുതങ്ങളുടെ സാദ്ധ്യതയെ—അത്തരം വളരെയധികമുണ്ടു്—സഭ നിഷേധിക്കുന്നില്ല. അവയെ അംഗീകരിക്കുവാൻ വിസമ്മതിക്കുന്നുവെന്നുമാത്രം. കാനോനിക്കൽ കമ്മീഷൻ, ഒരു രോഗശാന്തി അത്ഭുതമാണെന്നു പറയണമെങ്കിൽ താഴെ പറയുന്ന വ്യവസ്ഥകൾ നിറവേറിയിരിക്കണം.

(1) രോഗം ഗുരുതരവും, വൈദ്യപരമായ ചികിൽസകൊണ്ടു യാതൊരു കുറവുമുണ്ടാകാത്തതുമായിരിക്കണം.

(2) രോഗശാന്തി പെട്ടെന്നുള്ളതായിരിക്കണം. ആരോഗ്യപുനഃപ്രാപ്തിക്കു് അല്പസമയംപോലും ആവശ്യമായിരിക്കരുതു്.

(3) രോഗശാന്തി പൂർണ്ണമായിരിക്കണം. പിന്നീടു വീണ്ടും രോഗബാധ ഉണ്ടാകരുതു്.

യഥാർത്ഥരോഗശാന്തികൾ വളരെയധികം ഔദ്യോഗികാംഗീകരണം ലഭിക്കാതെപോകുന്നു; പൂർണ്ണമായ വിവരങ്ങൾ (data) ഇല്ലായിരിക്കുന്നുവെന്നതാണു കാരണം. ചിലപ്പോൾ കുടുംബഡോക്ടർമാർ വേണ്ടത്ര കൃത്യമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ലായെന്നുവരാം. മററു ഡോക്ടർമാർ എക്സ്റേ ഫോട്ടോകളോ, രോഗനിദാനവിവരങ്ങളോ, ലാബൊറേട്ടറി റിപ്പോർട്ടുകളോ നൽകുവാൻ കട്ടായം വിസമ്മതിച്ചെന്നുവരാം. "ലൂർദ്ദിലെ കാര്യമാണോ, ഞങ്ങൾക്കതിൽ താല്പര്യമില്ലാ" എന്നാണു് അവർ പറയുക. ലൂർദ്ദിൽ രോഗശാന്തി പ്രാപിക്കുന്ന അനേകമാളുകൾ ബ്യൂറോയിൽ റിപ്പോർട്ടുചെയ്യുവാൻ വിസമ്മതിക്കുന്നുണ്ടു്; അവർ പ്രസിദ്ധി ഇഷ്ടപ്പെടുന്നില്ലായെന്നതാണു് അതിനു കാരണം. അനേകവർഷക്കാലത്തെ കഠിനവേദനകൾക്കു ശേഷം രോഗശാന്തിയുടെ അനുഗ്രഹങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന വളരെയധികമാളുകൾ, തങ്ങളുടെ രോഗശാന്തികൾ അത്ഭുതങ്ങളായി പരിഗണിക്കാതിരിക്കുന്നതിനെക്കുറിച്ചു് അല്പംപോലും ഉൽക്കണ്ഠയുള്ളവരായിരിക്കുന്നില്ല. എല്ലാ കൊല്ലവും ലൂർദ്ദിൽവന്നു കൃതജ്ഞത പ്രകാശിപ്പിക്കുന്നതുകൊണ്ടു അവർ സംതൃപ്തരാണു്.

"ലൂർദ്ദിലെ മെഡിക്കൽ ബ്യൂറോയിൽ 1200 രോഗശാന്തികളെപ്പററിയുള്ള ഏതാണ്ടു പൂർണ്ണമായ റിക്കാർഡുകളുണ്ടു്; ഈ 1200 രോഗശാന്തികൾ "ശാസ്ത്രീയമോ പ്രകൃതിപരമോ ആയ നിയമങ്ങളാൽ വിശദീകരിക്കുക സാദ്ധ്യമല്ലാത്തവ"യായി ബ്യൂറോ അംഗീകരിക്കുന്നു. എന്നാൽ അവ ഓരോ കാരണങ്ങളാൽ അത്ഭുതങ്ങളായി അംഗീകരിക്കുവാൻ വിസമ്മതിച്ചിരിക്കുന്നു. ഇതിനുംപുറമേ, 4000 വേറേ രോഗശാന്തികൾ സംബന്ധിച്ച രേഖകളും തെളിവുകളുമുണ്ടു്. ഇവയും മിക്കവാറും യഥാർത്ഥവും പൂർണ്ണവുമായ രോഗശാന്തികളായിരിക്കണം. ലൂർദ്ദിൽ വരുന്ന അനേകായിരമാളുകളോടുപമിക്കുമ്പോൾ ഈ സംഖ്യ വളരെ ചെറുതായി തോന്നാം. എന്നാൽ അത്തരം പത്തു രോഗശാന്തികൾ—എന്തിനു് ഒന്നുതന്നെ—മാത്രം ഉണ്ടായാൽതന്നെ അതു് വളരെ വിസ്മയജനകമായിരിക്കും."

ഇങ്ങനെയാണു രോഗശാന്തികളെപ്പററിയുള്ള അന്വേഷണങ്ങളും പരിശോധനകളും ലൂർദ്ദിൽ നടത്തുന്നതു്. 1953-ൽതന്നെ ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നുമുള്ളവരായ 1500 ഡോക്ടർമാർ ലൂർദ്ദു മെഡിക്കൽ ബ്യൂറോയിൽ പേരു രജിസ്റ്റർചെയ്തിരുന്നു. അവരിൽ പലരും ലൂർദ്ദിലെ റിക്കാർഡുകൾ പഠിക്കുകയും രോഗികളെ പരിശോധിക്കുവാൻ സഹായിക്കുകയും ചെയ്തിരുന്നു. ഇതിനുംപുറമേയാണു ഇൻറർനാഷനൽ മെഡിക്കൽ അസോസിയേഷൻ ഓഫ് ലൂർദ്ദ്." 1927-ൽ സ്ഥാപിതമായ ഈ സംഘടനയിൽ 30 രാജ്യക്കാരായ 5000 ഡോക്ടർമാർ അംഗങ്ങളാണു്.

മിസ്സസ് ക്രാൻസ്റ്റൻെറ മുകളിൽ ഉദ്ധരിച്ച പ്രസ്താവനയെ ആധാരമാക്കിയാണു "ചികിൽസകൂടാതെ താനേതന്നെ ഭേദമാവുന്ന 90 ശതമാനംകൂടിയതാണു 4000 രോഗശാന്തികൾ" എന്നു "യുക്തിവാദി" പറയുന്നതു്. വൈദ്യവിഷയത്തിൽ വിദഗ്ദ്ധജ്ഞാനം സമ്പാദിച്ച 1500 ഡോക്ടർമാരടങ്ങിയ മെഡിക്കൽ ബ്യൂറോയുടെ തീരുമാനത്തെക്കാൾ വൈദ്യവിഷയവുമായി ബന്ധമൊന്നുമില്ലാത്ത യുക്തിവാദിപത്രാധിപരുടെ അഭ്യൂഹത്തിനു്—രോഗശാന്തി നേരിട്ടു കാണുകയും അതിനോടു ബന്ധപ്പെട്ട റിക്കാർഡുകളെയും രോഗിയെയും നിഷ്കൃഷ്ടമായി പരിശോധിക്കുകയും ചെയ്ത ലൂർദ്ദിലെ ഡോക്ടർമാരുടെ വിധിയെക്കാൾ ഇതിനൊന്നിനും അവസരമുണ്ടാകാത്ത ഇരിഞ്ഞാലക്കുടയിലെ ഒരു വക്കീലിൻെറ സങ്കല്പത്തിനു്—നാം പ്രാധാന്യം നൽകണമെന്നാണു യുക്തിവാദി ആവശ്യപ്പെടുന്നതു്. യുക്തിവാദികളുടെ യുക്തി എപ്പോഴും ഇത്തരത്തിലുള്ളവയാകുന്നു.

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടംകൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിറ്റഡ്
എറണാകുളം, തൃശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്




പ്യാരി
(REGD)
ഔഷധ സോപ്പ്
ചർമ്മ രോഗങ്ങളെ മാററി
ത്വക്ക് സൌന്ദര്യത്തെ
വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T. C. S

# ചോദിച്ചാൽ പറയാം

8. ചോ: "ഞാൻ വീണ്ടും വന്നു നിങ്ങളെ എൻെറ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോകും" എന്നാണല്ലോ ഒടുക്കത്തെ അത്താഴത്തിൽ മിശിഹാ പറഞ്ഞിരിക്കുന്നതു്. ഇതേവരെ മരിച്ചവരാരും സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടില്ലായെന്നാണു ഇതിൽനിന്നു അനുമാനിക്കേണ്ടതെന്നു് ഒരു ക്രിസ്ത്യൻ സ്നേഹിതൻ പറയുന്നു. ഇതു ശരിയാണോ? (കെ. വി.)

ഉ: അല്ലാ. "എൻെറ പിതാവിൻെറ ഭവനത്തിൽ വളരെ വാസസ്ഥലങ്ങൾ ഉണ്ടു്...നിങ്ങൾക്കു സ്ഥലം ഒരുക്കുവാനാണല്ലോ ഞാൻ പോകുന്നതു്. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിനായി, ഞാൻ വീണ്ടുംവന്നു നിങ്ങളെ എൻെറ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോകും"(യോഹ: XIV 2. 3) എന്നു നമ്മുടെ കർത്താവു പറയുന്നുണ്ടു്. ഇവിടെ പറയുന്ന വീണ്ടുംവരവു്, ലോകാവസാനത്തിലുള്ള അവിടുത്തെ പ്രത്യാഗമനത്തെപ്പററിയാണെന്നു യാതൊരു സൂചനയുമില്ല. നീതിമാന്മാർ മരിക്കുമ്പോൾ അവരുടെ ആത്മാവുകളെ അവിടുന്നുതന്നെ വന്നു കൂട്ടിക്കൊണ്ടുപോകുമെന്നും ഈ വാചകങ്ങളെ വ്യാഖ്യാനിക്കാമല്ലോ.

ഗാഗുൽത്തായിൽ, തൻെറ വലതുഭാഗത്തു തൂങ്ങിക്കിടന്ന കള്ളൻ അവൻെറ പാപങ്ങളെപ്പററി പശ്ചാത്തപിക്കുകയും ദൈവത്തിൻെറ അനുഗ്രഹം അഭ്യർത്ഥിക്കുകയും ചെയ്തപ്പോൾ "നീ ഇന്നു എന്നോടുകൂടി പറുദീസായിൽ ആയിരിക്കും എന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു" (ലൂക്കാ XXIII 43) എന്നാണു ക്രിസ്തു അരുളിച്ചെയ്തതു്. അതായതു് ആ നല്ല കള്ളനു മരണക്ഷണത്തിൽതന്നെ അവിടുന്നു സ്വർഗ്ഗപ്രാപ്തി വാഗ്ദാനം ചെയ്യുന്നു. ധനവാൻെറ പടിവാതുക്കൽ കിടന്നിരുന്ന രോഗിയായ ദരിദ്രൻ മരിച്ചപ്പോൾ ദൈവദൂതന്മാർ അവനെ അബ്രാഹത്തിൻെറ മടിയിലേക്കും ധനവാനെ നരകത്തിലേക്കും കൊണ്ടുപോയി (ലൂക്കാ XVI 22) എന്നു ക്രിസ്തുതന്നെ വേറൊരിടത്തു പറഞ്ഞിട്ടുണ്ടു്. മരിക്കുന്ന ഉടനെ തന്നെ വിധിക്കപ്പെടുന്നുവെന്നാണല്ലോ ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്.

"ശരീരത്തിൽനിന്നു് അകന്നു നമ്മുടെ കർത്താവിൻെറ അടുക്കൽ ആയിരിക്കുവാൻ ഞങ്ങൾ പ്രതീക്ഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു." (II കോറി V 8), "എൻെറ ജീവൻ മിശിഹാ ആകുന്നു. ഞാൻ മരിക്കുന്നുവെങ്കിൽ എനിക്കു ലാഭവുമാകുന്നു" (ഫിലിപ്പോ I 21) എന്നു വിശുദ്ധ പൗലോസ് പറയുന്നതു മരിച്ചാലുടനെ മിശിഹായുടെ അടുക്കലെത്താമെന്നുള്ള പ്രതീക്ഷകൊണ്ടാണല്ലോ. "ആത്മാവുകൾ ശരീരത്തിൽനിന്നു വേർപെട്ടാലുടനെ വിധിക്കപ്പെടുന്നു" എന്നു വിശുദ്ധ ആഗുസ്തീനോസു് പറയുന്നതു തന്നെയാണു് ഇക്കാര്യത്തിൽ സഭയുടെയും പഠനം. ആകയാൽ ഇതുവരെ ആരും സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടില്ലായെന്ന വാദം വിശ്വാസത്തിനും യാഥാർത്ഥ്യത്തിനും എതിരായ ഒരു പ്രമാദമാകുന്നു.

9. ചോ: പുതിയ നിയമഗ്രന്ഥങ്ങളുടെ മൂലഭാഷ ഏതാണു്? എത്ര നൂററാണ്ടുകൾക്കു മുൻപാണു കത്തോലിക്കരുടെ വേദപുസ്തകം വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതു്? (ജെ. ജെ. എം.)

ഉ: പുതിയ നിയമത്തിലെ 27 ഗ്രന്ഥങ്ങളിൽ വിശുദ്ധ മത്തായിയുടെ സുവിശേഷവും, വിശുദ്ധ പൗലോസ് എബ്രായക്കാർക്കു് എഴുതിയ ലേഖനവും ഒഴികെയുള്ളവയെല്ലാം ഗ്രീക്കു ഭാഷയിലാണു എഴുതപ്പെട്ടതു്. വിശുദ്ധ മത്തായിയുടെ സുവിശേഷവും എബ്രായക്കാർക്കുള്ള ലേഖനവും "ആധുനിക എബ്രായ" എന്നുകൂടി അപരനാമമുള്ള കൽദായസുറിയാനി ഭാഷയിലാണു എഴുതപ്പെട്ടതു്. അപ്പസ്തോലന്മാരുടെ കാലത്തുതന്നെ ഇവ രണ്ടും ഗ്രീക്കു ഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. എബ്രായഭാഷയിലുള്ള മൂലം നഷ്ടപ്പെട്ടുവെന്നും, ഇപ്പോഴുള്ള എബ്രായ പ്രതികൾ, മൂലത്തിൻെറ ഗ്രീക്കു പരിഭാഷയിൽനിന്നുള്ള പരിഭാഷയാണെന്നും പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായമില്ലാതില്ല.

എത്ര നൂററാണ്ടു മുൻപാണു കത്തോലിക്കരുടെ വേദപുസ്തകം വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതെന്ന

ചോദ്യഭാഗം വ്യക്തമല്ല. ആദിമനൂററാണ്ടുകളിലെ രാഷ്ട്രഭാഷയായ ലത്തീനിലേക്ക് അതു് അധികൃതമായി വിവർത്തനം ചെയ്തതു് ഏ. ഡി. 420-ൽ നിര്യാതനായ വിശുദ്ധ ജറോമാണു്. 1520-നു മുൻപു ജർമ്മൻ, ഇററാലിയൻ, ഫ്റഞ്ച്, ബൊഹീമിയൻ, ഫ്ളമിഷ്, റഷ്യൻ മുതലായ യൂറോപ്യൻ ഭാഷകളിലേക്കു തർജ്ജമചെയ്യപ്പെട്ടു. ഇംഗ്ലീഷ് ഭാഷയിലേക്കു തർജ്ജമ ചെയ്തതു് എന്നെന്നു സൂക്ഷ്മം പറഞ്ഞുകൂടാ. ജോൺ വൈക്ലിഫിനു് (1324-84). മുൻപുതന്നെ വേദപുസ്തകം മുഴുവൻ ഇംഗ്ലീഷ്ഭാഷയിലേക്കു തർജ്ജമ ചെയ്യപ്പെട്ടിരുന്നുവെന്നു വിശുദ്ധ തോമസ് മൂർ (1477-1535) പ്രസ്താവിക്കുന്നുണ്ടു്. ഇന്നു് അധികൃതമായി സ്വീകരിച്ചുപോരുന്നതു 1609-ൽ ഡുവേയിൽ പ്രസിദ്ധപ്പെടുത്തിയ പരിഭാഷയാണു്. (മലയാളവിവർത്തനത്തിനു് ഒരുമ്പെട്ടതു ഈ നൂററാണ്ടിലും.)

10. ചോ: നമ്മുടെ വൈദികാദ്ധ്യക്ഷന്മാർ വേദപുസ്തകം വിവർത്തനം ചെയ്തപ്പോൾ, നമ്മുടെ ആദർശങ്ങളെ പിടിച്ചുനിർത്തുവാനുപയുക്തമായ വാക്കുകളും വാക്യങ്ങളുമാണു ഉപയോഗിച്ചിരിക്കുന്നതെന്നു ഒരു പ്രോട്ടസ്റ്റൻറു സ്നേഹിതൻ പറയുന്നു. അതു ശരിയാണോ? (ജെ. ജെ. എം.)

ഉ: അല്ലാ. വേദപുസ്തകം വിവർത്തനം ചെയ്തപ്പോൾ, അവയുടെ രചയിതാക്കൾ ഉദ്ദേശിച്ച ആദർശങ്ങളും അർത്ഥങ്ങളും വരത്തക്കവണ്ണമാണു വിവർത്തനം ചെയ്തിട്ടുള്ളതു്. വേദപുസ്തകരചയിതാക്കളുടെ ആദർശംതന്നെയാണു് നമ്മുടെയും ആദർശങ്ങൾ. അതുകൊണ്ടായിരിക്കണം ആ പ്രോട്ടസ്റ്റൻറുസ്നേഹിതനു ആ തെററിദ്ധാരണവന്നിട്ടുള്ളതു്. വേദപുസ്തകത്തിലെ ഓരോ ഗ്രന്ഥത്തെപ്പററിയും, അതിലെ ഓരോ വാക്യത്തെപ്പററിയും വിപുലങ്ങളായ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ആദിമനൂററാണ്ടുകളിൽതന്നെ ഉണ്ടായിട്ടുണ്ടു്. വിവർത്തനഘട്ടത്തിൽ സംശയം ഉണ്ടാകുമ്പോൾ ആ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ഒത്തുനോക്കി സംശയനിവാരണം വരുത്തുവാൻ കത്തോലിക്ക വിവർത്തകന്മാർക്കു സാധിക്കുന്നുണ്ടു്.

ഗ്രീക്കിലെയും, സുറിയാനിയിലെയും, ലത്തീനിലെയും വേദപുസ്തകങ്ങൾ അഭംഗമായി സൂക്ഷിച്ചുപോരുന്ന കത്തോലിക്കാസഭയ്ക്കു്, അതിൻെറ വിവർത്തനങ്ങളിൽ വല്ല മാററവും വരുത്തുന്നതുകൊണ്ടു യാതൊന്നും സാധിക്കുവാനില്ല. ഔദ്യോഗികകാര്യങ്ങൾക്കു സഭ ഇന്നും ലത്തീൻപരിഭാഷയാണു ഉപയോഗിക്കുന്നതു്. എന്നാൽ ഇംഗ്ലീഷ്പരിഭാഷയെമാത്രം ആശ്രയിച്ചുകഴിയുന്ന പ്രോട്ടസ്റ്റൻറു സഭകൾക്കു്, ആ പരിഭാഷയിൽ വല്ല മാററവും വരുത്തിയാൽ പലതും സാധിക്കുവാൻ കഴിയുമല്ലോ. അങ്ങനെ പ്രോട്ടസ്റ്റൻറുകാരാണു് വേദപുസ്തകവിവർത്തനത്തിൽ വാക്കുകൾ വളച്ചൊടിക്കുകയും, ആദർശങ്ങൾ കുത്തിച്ചെലുത്തുകയും ചെയ്തിട്ടുള്ളതു്.

11. ചോ: 1378-ൽ രണ്ടു മാർപ്പാപ്പാമാർ ഭരിച്ചിരുന്നുവെന്നു പറയുന്നതു ശരിയാണോ? (കെ. എ. ഐ.)

ഉ: അല്ലാ. 1378-ൽ ശരിയായ ഒരു മാർപ്പാപ്പായേ ഭരിച്ചിരുന്നുള്ളു. 1370 ഡിസംബർ 30-ാംനു മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ട ഗ്രിഗറി പതിനൊന്നാമൻ 1378 മാർച്ചു 27-ാംനു നിര്യാതനായി. 1378 ഏപ്രിൽ 8-ാംനു 6-ാം ഉർബൻ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു. 1389 ഒക്ടോബർ 15-ാംനു മരിക്കുന്നതുവരെ അദ്ദേഹം സഭാഭരണം നടത്തുകയും ചെയ്തു.




“മ രി യ ഹാ രം”

വില്പനയ്ക്കു തയ്യാറായിരിക്കുന്ന

പരിശുദ്ധജപമാലയിലെ 15 രഹസ്യങ്ങളുടേയും ലുത്തനിയായിലെ 49 മരിയാപദാനങ്ങളുടേയും സമ്യക്കായ വിവരണം

ഗ്രന്ഥകർത്താ:—

ഫാദർ ജെ. പി. വിതയത്തിൽ

പേജ് 197—വില 1—0—0

കച്ചവടക്കാർക്കു് ആകർഷകമായ കമ്മീഷൻ

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

മാനേജർ,

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്,


എറണാകുളം—1


ഉർബൻ ആറാമൻ വിവേകശാലിയോ തന്ത്രജ്ഞനോ ആയ ഒരു ഭരണകർത്താവായിരുന്നില്ല. മാർപ്പാപ്പ ആയ ഉടനെ റോമൻകച്ചേരി സമൂലം പരിഷ്കരിക്കുന്നതിനാണു് അദ്ദേഹം ഒരുമ്പെട്ടതു്. ഉർബൻ മാർപ്പാപ്പായുടെ പരിഷ്കരണശ്രമം ഫ്റഞ്ചുകർദ്ദിനാളന്മാരെ വളരെയധികം ക്ഷോഭിപ്പിച്ചു. നേപ്പിൾസുരാജാവുമായുള്ള ഉർബൻെറ ബന്ധവും സുഖകരമായിരുന്നില്ല. ഒരു പൊതുസുനഹദോസു വിളിച്ചുകൂട്ടണമെന്നുള്ള ഫ്റഞ്ചുകർദ്ദിനാളന്മാരുടെ അഭിപ്രായത്തെയും ഉർബൻ കൂട്ടാക്കിയില്ല. ഇതിങ്കൽ കുപിതരായ ഫ്റഞ്ചുകർദ്ദിനാളന്മാർ, ഇററലിക്കാരല്ലാത്ത കർദ്ദിനാളന്മാരുടെ സഖ്യം നേടുകയും, ഫ്റഞ്ചുരാജാവിൻെറ സഹായത്തോടുകൂടി സെപ്റ്റംബർ 20-ാംനു ജിനോവായിലെ റോബർട്ടിനെ (എതിർ) പാപ്പായായി തിരഞ്ഞെടുക്കുകയും ചെയ്തു. ഈ റോബർട്ടു് ക്ലെമെൻറു് എന്ന പേരു സ്വീകരിച്ചു എതിർപാപ്പായായി അവിഞ്ഞോണിൽ ഭരണം തുടങ്ങി. ഗ്രേററുബ്രിട്ടൻ, ജർമ്മനി, ഫ്ളാൻഡേഴ്സ് ഇററലി എന്നിവ ഒഴികെയുള്ള പശ്ചിമയൂറോപ്പു മിക്ക യൂറോപ്യൻ രാജകുടുംബങ്ങളുമായി ബന്ധമുണ്ടായിരുന്ന ക്ലെമെൻറിനെ പാപ്പായായി സ്വീകരിച്ചു. പാശ്ചാത്യശീശ്മ എന്ന പേരിൽ അറിയപ്പെടുന്ന ഈ ശീശ്മ 40 വർഷം തുടരുകയും 1417-ൽ അവസാനിക്കുകയും ചെയ്തു.

ക്ലെമെൻറിനു മുൻപുതന്നെ നിയമാനുസൃതം തിരഞ്ഞെടുക്കപ്പെട്ട ഉർബൻ റോമാസിംഹാസനത്തിൽ ഭരിച്ചുകൊണ്ടിരിക്കവേ, എതിർപാപ്പയായി, അനധികൃതമായി തിരഞ്ഞെടുക്കപ്പെട്ട ക്ലെമെൻറു് എത്രതന്നെ അധികാരം പ്രയോഗിച്ചാലും യഥാർത്ഥ മാർപ്പാപ്പാ ആകുകയില്ല.

12. ചോ: പുതുക്രൈസ്തവരെ സ്വന്തം സഹോദരങ്ങളായി കരുതുകയും, പഴയ ക്രൈസ്തവർ തമ്മിൽത്തമ്മിൽ വിളിക്കുന്നതുപോലെ


For favours received




By M. V. Varghese
Vallully


അവരെ സംബോധനചെയ്യുകയും വേണമെന്നും മററും വൈദികർ ഉപദേശിക്കാറുണ്ടു്. എന്നാൽ ഈ പറയുന്ന പുതുക്രൈസ്തവരിൽ ഒരാളെപ്പോലും ഒരു വൈദികനാക്കാൻ സമുദായം തയാറാകാത്തതു എന്തുകൊണ്ടു്? (ടി. ജെ. ആനിക്കാട്ടു്)

ഉ: ഈ ചോദ്യത്തിനു് ഉത്തരം പറയുന്നതിനുമുൻപു്, അടുത്തകാലത്തു വടക്കേഇൻഡ്യയിൽ റായിഗാർ അംബികാപുരം സഹായമെത്രാനായി അവരോധിക്കപ്പെട്ട റൈററു് റവ. ഡോക്ടർ സ്റ്റനിസ്ലാവോസ് ടിഗാ ഗോത്രവർഗ്ഗക്കാരിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച ഒരു “പുതുക്രൈസ്തവ”നാണെന്നു് അറിയുന്നതു രസകരമായിരിക്കുമല്ലോ. വിശ്വാസസ്ഥിരതയും സ്വഭാവദാർഢ്യവും പാണ്ഡിത്യവുമുള്ള “പുതുക്രൈസ്തവരെ” വൈദികരെന്നല്ലാ മെത്രാന്മാർപോലുമാക്കുന്നതിൽ കത്തോലിക്കാസഭയ്ക്കു സന്തോഷമേയുള്ളു എന്നാണു് ഈ സംഭവം തെളിയിക്കുന്നതു്.

എന്നാൽ വസ്തുതകളുടെ മുൻപിൽ കണ്ണടച്ചതുകൊണ്ടു പ്രയോജനമില്ല. ഒരു വൈദികൻ, ആയാൾ ആരുടെ ഇടയിൽ സേവനം ചെയ്യുവാൻ ഉദ്ദേശിക്കുന്നുവോ അവർക്കു സ്വീകാര്യനായിരിക്കേണ്ടതു് ആവശ്യമാണു്. ഒരു പുതുക്രൈസ്തവനെ വൈദികനാക്കുന്നതിനുമുൻപു അങ്ങനെയുള്ള ഒരു വൈദികനെ, ബഹുമാനപുരസ്സരം സ്വീകരിക്കുവാൻ സമുദായത്തെ ഒരുക്കുകയാണുവേണ്ടതു്. ജാതിവ്യത്യാസം പുലർത്തിയിരുന്ന സമുദായങ്ങളുടെ ഇടയിൽ ജീവിച്ചുപോന്ന കേരളക്രിസ്ത്യാനികൾ തീർത്തും ജാതിചിന്താരഹിതരായിരുന്നുവെന്നു കരുതുന്നതു തെററാണു്. എന്നാൽ ആ മനോഭാവം വളരെവേഗം മാറിക്കൊണ്ടാണിരിക്കുന്നതു്. അങ്ങനെയൊരു മാററം സാർവ്വത്രികമാകുന്നതോടുകൂടി വൈദികരാകുന്ന പുതുക്രൈസ്തവരേയും സമുദായം ആദരിക്കാതെയിരിക്കയില്ല.

## പുസ്തകാഭിപ്രായം

### I
### വയലിലേക്കു്

(ഗ്രന്ഥകർത്താ:- എബ്രാഹം തോമസ് മഞ്ഞക്കുന്നേൽ, അറക്കുളം. പേജ് 110—വില 12ണ)

തേവര ലിററിൽഫ്ളവർപ്രസ്സിൽ അച്ചടിച്ചിട്ടുള്ളതും, മിഷ്യൻപ്രവർത്തനങ്ങളേയും, ദൈവവിളിയേയും പററി വിശദമായ അറിവുനൽകുന്നതുമായ ഒരു ചെറുഗ്രന്ഥമാണിതു്. കൂടാതെ വിവിധ സന്യാസസഭകളേയും മിഷ്യനറിസഭകളേയും സംബന്ധിച്ച അറിവുകൾ ഇതിൽനിന്നു ലഭിക്കുന്നതാണു്. മിഷ്യൻകാര്യങ്ങളിൽ ഉൽസുകനായ എബ്രാഹം തോമസ് കേരളീയയുവാക്കളെ ഈ വിശാലമായ ഭാരതമിഷ്യൻരംഗത്തിലേക്കു ആഹ്വാനം ചെയ്യുകയാണു് ഈ ഗ്രന്ഥംവഴി. യുവതീയുവാക്കന്മാർ ക്രിസ്തുവിൻെറ രക്ഷാകരസന്ദേശം പകരുന്നതിനും ഭാരതമാതാവിൻെറ അലയുന്ന സന്താനങ്ങളുടെ കണ്ണുനീർ തുടച്ചുകളയുന്നതിനും ഭാരതത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും ഇറങ്ങിത്തിരിക്കുവാൻ ഗ്രന്ഥകാരൻെറ ഈ ആഹ്വാനം പ്രയോജകീഭവിക്കാതിരിക്കുകയില്ല എന്നു വിശ്വസിക്കാം. ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ, മിഷനറിമാരുടെ കത്തുകൾ, ഫോട്ടോകൾ മുതലായവ ഏററവും സമാകർഷകങ്ങളായിട്ടുണ്ടു്. ഗ്രന്ഥത്തിനു് പ്രചുരപ്രചാരവും, ഗ്രന്ഥകാരനു ഭാവുകാശംസകളും നേർന്നുകൊള്ളുന്നു.

(ബ്രദർ ജോൺ ജെ. മൈലാടി എസ്. ഡി. ബി.)

### II
### പ്രതിദിനപുതിയനിയമം

ഏകവും വിശുദ്ധവും സാർവ്വത്രികവുമായ സത്യമതത്തിൻെറ ആസ്പദാധാരങ്ങളിലൊന്നാണു് ബൈബിൾ.

ഇപ്പുസ്തകം, പഴയനിയമമെന്നും പുതിയനിയമമെന്നും രണ്ടായിട്ടു വിഭജിക്കപ്പെട്ടിരിക്കുന്നു. പഴയനിയമത്തിലെ പ്രവചനങ്ങളുടെ പൂർത്തീകരണമാണു് പുതിയനിയമത്തിൽ നാം കാണുന്നതു്. യേശുക്രിസ്തുവിൻെറ സൂക്തസംഹിതയും ജീവചരിത്രവിവരണങ്ങളുംകൊണ്ടു് സമലംകൃതമാണു് സുവിശേഷങ്ങൾ നാലും.

മിശിഹായുടെ സ്വർഗ്ഗാരോഹണത്തിനുശേഷം, പത്രോസിൻെറയും പൗലോസിൻെറയും ചെയ്തികളും ക്രിസ്തുമതത്തിൻെറ പ്രാരംഭചരിത്രവുമാണു് “നടപടി” എന്ന പുസ്തകത്തിൽ കാണുന്നതു്. പൗലോസിൻെറ പതിന്നാലു ലേഖനങ്ങൾവഴിയായും, പത്രോസ്, യോഹന്നാൻ, ജയിംസ് തുടങ്ങിയുള്ളവരുടെ എഴുത്തുകൾവഴിയായും സാന്മാർഗ്ഗികാചാരങ്ങളും ക്രൈസ്തവജീവിതമുറകളും നാം ഗ്രഹിക്കുന്നു. വെളിപാടു് അത്യുൽകൃഷ്ടങ്ങളായ ദൈവരഹസ്യങ്ങളെ—ക്രിസ്തീയസഭയിൽ നടക്കാനിരിക്കുന്ന സംഭവങ്ങളെ—പ്രവചനരൂപേണ വിവരിക്കുന്നു.

റവ. ഫാദർ മററത്തിൻെറ പ്രതിദിനപുതിയനിയമം, അമേരിക്കയിൽ പ്രചുരപ്രചാരത്തിലിരിക്കുന്ന “മൈ ഡെയിലി റീഡിംഗ്” എന്ന പുസ്തകത്തിൻെറ രണ്ടാംഭാഗമാണു്. ഒന്നാംഭാഗം “പ്രതിദിനസുവിശേഷം” എന്ന പേരിൽ ഇറങ്ങിക്കഴിഞ്ഞു. പാലാമെത്രാനച്ചൻ തിരുമേനിയുടെ അവതാരികയും അതിനെ അലങ്കരിച്ചിട്ടുണ്ടു്. പുതിയനിയമത്തിൽ, നടപടി, ലേഖനങ്ങൾ, വെളിപാടു് എന്നീ മൂന്നു വിഭാഗങ്ങളുംചേർത്തു പ്രതിദിനം വായിക്കുവാൻ സൗകര്യപ്പെടുത്തി വിവർത്തനംചെയ്തിരിക്കുകയാണു് ഇപ്പോൾ.

സാഹിത്യതിലകൻ ഷെവലിയർ സി. കെ. മററം ഒട്ടുവളരെ സാഹിത്യഗ്രന്ഥങ്ങളും ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തി ഒരു സാഹിത്യാചാര്യനെന്ന പേരു സമ്പാദിച്ചുകഴിഞ്ഞിട്ടുണ്ടു്. സർവ്വോപരി ഒരു മതാചാര്യനായ അദ്ദേഹം തൻെറ സുപ്രസിദ്ധവും ലളിതകോമളവുമായ ശൈലിയിൽ തന്നെയാണു് പുതിയനിയമഗ്രന്ഥവും എഴുതിയിട്ടുള്ളതെന്നു കാണുന്നതിൽ ഞാനദ്ദേഹത്തെ അനുമോദിക്കുന്നു.

“പ്രതിദിനസുവിശേഷ”പ്രസിദ്ധീകരണത്തിൻെറ സത്വരപ്രചാരവും കേരളക്കരയിൽ അതിനു ലഭിച്ച ഹൃദ്യമായ സ്വീകാരവും അർഹിക്കുന്ന വിധത്തിൽതന്നെ അതിനു ലഭിച്ചുകഴിഞ്ഞു. സാഹിതീമർമ്മജ്ഞരും കവിതിലകന്മാരുമായ വള്ളത്തോളും വടക്കുംകൂറും സാഹിത്യനിപുണൻ കുഞ്ഞൻപിള്ളയും അതിനെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. മലയാളഭാഷയിലെ ഗദ്യകവിതാമാതൃകകളാണു് അതിലെ ഓരോ വാക്യവുമെന്നുകൂടി സാക്ഷ്യംവഹിക്കുവാൻ വടക്കുംകൂർ തയ്യാറായിരിക്കുകയാണു്.

ഫാദർ മററം ബൈബിൾ വിവർത്തനമാരംഭിക്കുന്നതിനു മുമ്പു് പാലസ്റ്റൈൻദേശം സന്ദർശിക്കുകയും, വേദപുസ്തകവിവർത്തകന്മാരിൽ പ്രഥമഗണനീയനും വേദപാരംഗതനുമായ വിശുദ്ധ ജറോം ബത്ലഹമിൽ താമസിച്ചിരുന്ന ഗുഹയിൽചെന്നു്, ആ പുണ്യവാൻെറ അനുഗ്രഹം പ്രാർത്ഥിക്കയും ചെയ്തശേഷമാണു് ബൈബിൾ പരിഭാഷചെയ്യാൻ ആരംഭിച്ചതെന്നു അറിഞ്ഞു് ഞാൻ അതീവ സന്തുഷ്ടനായിരിക്കുന്നു.

ഫാദർ മററത്തിൻെറ സുദീർഘകാലത്തെ സാഹിത്യസേവനത്തിൻെറ മണിദീപമാണീ വേദപുസ്തകവിവർത്തനമെന്നാണെൻെറ അഭിപ്രായം.

പുരോഗമനസാഹിത്യമെന്ന പേരിൽ പുറപ്പെട്ടുകൊണ്ടിരിക്കുന്ന നാസ്തികവും അശ്ലീലവുമായ

(ശേഷം 7-ാംപേജിൽ)

# യഹോവായുടെ സാക്ഷികൾ അവരുടെ അടവുകൾ മാറുന്നു

[റവ. ജോൺ ഏ. ഒബ്രയൻ]

(തുടർച്ച)

4

ഇത്തരം മിഷനറി ജോലികൾക്ക് എന്തുമാത്രം സമയം അവർ ചെലവഴിക്കുന്നുണ്ട്? ഒരു മാസം കുറഞ്ഞതു് അറുപതു മണിക്കൂറാണു സൊസൈററി പ്രതീക്ഷിക്കുന്നതു്. ഓരോ പബ്ലീഷർക്കും ഓരോ ഫീൽഡു സർവീസ് റിപ്പോർട്ടുകാർഡു ഉണ്ടായിരിക്കും. ഓരോ കമ്പനി യോഗത്തിലും ഇതു ഹാജരാക്കേണ്ടതാണ്. അതിൽ ഇങ്ങനെ അച്ചടിച്ചിട്ടുണ്ടു്: "കോട്ടാ—60 മണിക്കൂർ, 12 പുനരന്വേഷണം, ഒരു പുസ്തകപാഠം; ഉത്സാഹംകൊണ്ടും സേവനത്തിലുള്ള ക്രമനിഷ്ഠകൊണ്ടും ഇതു സാധിക്കാവുന്നതാകുന്നു."

ആ റിപ്പോർട്ടു കാർഡിൽ, പബ്ലിഷർ "മുഴുവൻ ദിവസത്തേക്കുമുള്ള ഫീൽഡു സർവീസു പ്രവർത്തനങ്ങൾ" രേഖപ്പെടുത്തുവാൻ ബാദ്ധ്യസ്ഥനാണ്. അതിൽ ഇത്തരം വിശദവിവരങ്ങൾ നൽകിയിരിക്കേണ്ടതാണു്: ആകെ വിററ പുസ്തകങ്ങൾ, ആകെ വിററ ലഘുലേഖകൾ, ഫീൽഡുസർവീസ് നടത്തിയ സമയം, വാച്ചുടവർ ആൻറു കൺസൊലേഷൻ മാസികകൾക്കു മൊത്തമായും വെവ്വേറെയും കിട്ടിയ പുതിയ വരിസംഖ്യകൾ, നടത്തിയ പുനരന്വേഷണത്തിൻെറ സംഖ്യ. പബ്ലിഷർമാരുടെ ഇത്തരമൊരു ഫീൽഡുസർവീസ് റിപ്പോർട്ടു കാർഡിൽ നോക്കിയാൽ മതി, സാധാരണ സാക്ഷികളുടെ മിഷനറി ശുഷ്കാന്തിയുടെ ഉല്പത്തിയെവിടെയെന്നു വായനക്കാർക്കു പെട്ടെന്നു കണ്ടുപിടിക്കാം. പുറത്തു പോയി മാസികകളും പുസ്തകങ്ങളും വിൽക്കുവാൻ, സോൺ സേർവൻറു മുഖേന, പ്രാദേശികകമ്പനിയുടെ "സർവ്വീസ് ഡയറക്ടർ"റിൽനിന്നും ബ്രുക്ക്ളിനിലെ കേന്ദ്രആഫീസിൽനിന്നും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സമ്മർദ്ദംതന്നെ.

ഓരോ കത്തോലിക്കപുരുഷനും സ്ത്രീയും, തങ്ങളുടെ സായംകാലവും, ശനിയാഴ്ച ഉച്ചകഴിഞ്ഞുള്ള സമയവും ഞായറാഴ്ചയും, വീടുകൾ സന്ദർശിച്ചു അഭക്തരായിത്തീർന്ന കത്തോലിക്കരെ തിരിച്ചുകൊണ്ടു വരികയും, കത്തോലിക്കപുസ്തകങ്ങളും ലഘുലേഖകളും വിൽക്കുകയും, നമ്മുടെ പ്രധാനപ്പെട്ട കത്തോലിക്ക പ്രസിദ്ധീകരണങ്ങൾക്കു വരിസംഖ്യ പിരിക്കുകയും ചെയ്യുകയായിരുന്നെങ്കിൽ, സഭയ്ക്കു ചെയ്തുകൊടുക്കാമായിരുന്ന മിഷനറിസേവനത്തിൻെറ വൈപുല്യമെത്രയെന്നു ചിന്തിക്കുക. ഓരോ കത്തോലിക്കനും പ്രതിമാസം അറുപതു മണിക്കൂർ മിഷ്യനറിജോലികൾക്കായി വിനിയോഗിച്ചിരുന്നെങ്കിൽ, മതാനുഷ്ഠാനവിമുഖരായിത്തീർന്നിരിക്കുന്ന എത്രയെത്ര കത്തോലിക്കരെ സഭയിലേക്കു തിരിച്ചുകൊണ്ടു വരാമായിരുന്നുവെന്നും, പ്രതിവർഷം എത്രയെത്ര പേരെ സഭയിലേക്കു മാനസാന്തരപ്പെടുത്താമായിരുന്നുവെന്നും ചിന്തിക്കുക.

5

യഹോവായുടെ സാക്ഷികളുടെ കൂട്ടത്തിലെ "പയനിയർമാർ" മുഴുവൻസമയം ജോലിക്കാരാകുന്നു. കുറഞ്ഞപക്ഷം പ്രതിമാസം 100 മണിക്കൂറെങ്കിലും മിഷനറി ജോലികൾക്കായി അവർ വിനിയോഗിക്കേണ്ടിയിരിക്കുന്നു. പയനിയർമാർക്കു കേന്ദ്രആഫീസിൽനിന്നും നിസ്സാരമായ സാമ്പത്തികസഹായം ലഭിച്ചേക്കാമെങ്കിലും അവരുടെ പ്രധാനമായ ആദായമാർഗ്ഗം, സൊസൈററിയിൽനിന്നു വിലയ്ക്കു വാങ്ങുന്ന സാഹിത്യങ്ങൾക്കു കമ്മീഷൻ രൂപത്തിൽ കിട്ടുന്നതാകുന്നു. ഈ സാഹിത്യങ്ങൾ തെരുവുമൂലകളിൽ നിന്നും വീടുതോറും നടന്നും വിററു് അവർ ആദായമുണ്ടാക്കുന്നു. ചിലപ്പോൾ, തൻെറ പ്രധാന ഉപജീവനമാർഗ്ഗമായ മറെറാരു തൊഴിലിനോടൊപ്പം മിഷനറിപ്രവർത്തനങ്ങളും ഒരുമിച്ചു നടത്തിക്കൊണ്ടു പോകുവാൻ പയനിയർക്കു സാധിച്ചെന്നു വരും.

പ്രതിമാസം കുറഞ്ഞതു 140 മണിക്കൂർ ഫീൽഡ് സേവനത്തിനു ചെലവഴിക്കുവാൻ "സ്പെഷ്യൽ പയനിയർമാർ" ബാദ്ധ്യസ്ഥരാകുന്നു. കേന്ദ്രആഫീസിൽനിന്നും അവർക്കു പ്രത്യേക ജോലികൾ നിശ്ചയിച്ചുകിട്ടുന്നു. ഇതുവരെ സംഘടനയില്ലാത്ത ഒരു പട്ടണത്തിൽ ഒരു പുതിയ ഗ്രൂപ്പു തുടങ്ങുക, സഹായം അത്യന്താപേക്ഷിതമായിരിക്കുന്ന ഒരു കമ്പനിയെ തുണയ്ക്കുക, ഒരു കമ്പനിയുടെ ചാർജ് ഏറെറടുക്കുക, മുതലായവ അവയിൽ പെടുന്നു. ഗിലീഡിലെ ബൈബിൾസ്കൂളിൽനിന്നു ബിരുദമെടുത്തിട്ടുള്ള പയനിയർമാരെ, സമുദ്രാന്തരദേശങ്ങളിലേക്കു മിഷ്യനറിമാരായി അയക്കുകയോ, ഭരണപരമായ തസ്തികകളിലേക്കു നിയമിക്കുകയോ ചെയ്യുന്നു. ഈ പയനിയർമാരാണു സംഘടനയുടെ നട്ടെല്ലുകൾ.

ക്നോറിൻെറ ഭരണത്തിൻ കീഴിൽ, സാക്ഷികൾക്കു ഒരു മുഖം കഴുകലും തലമിനുക്കലും സാധിച്ചിരിക്കുന്നു. റതർഫോർഡിൻെറ വിദ്വേഷാത്മകവും അവഹേളനാപരവുമായ പ്രചരണങ്ങൾ സാർവ്വത്രികമായ അവജ്ഞയും എതിർപ്പും സംജാതമാക്കിയിരിക്കുന്നുവെന്ന വസ്തുത മനസ്സിലാക്കി ക്നോർ ഇതരമതങ്ങളുടെ നേരേയുള്ള ആക്രമണത്തിൻെറ സ്വരം മയപ്പെടുത്തുകയും, "ജഡ്ജി"യുടെ ദുരുപദിഷ്ടവും മലിനവുമായ സാഹിത്യങ്ങളെ ചവററുകൊട്ടയിലേക്കു തള്ളുകയും ചെയ്തു. "ഒരു കാൽ മാത്രം പടിക്കകത്തു്" എന്ന സമ്പ്രദായം മാററി, പകരം മര്യാദയും, ചാതുര്യവും സൗഹാർദ്ദവും സ്വീകരിച്ചു. താരതമ്യേന മെച്ചമായ ഫലങ്ങൾ ക്നോറിനു ലഭിക്കുകയും ചെയ്യുന്നു.

അവരുടെ മതവിശ്വാസമെന്താണ്? പ്രാചീനങ്ങളും അർവ്വാചീനങ്ങളുമായ ഇടത്തൂടുകളുടെ വികൃതമായ ഒരു സങ്കലനത്തോടുകൂടി റസ്സലിൻെറയും റതർഫോർഡിൻെറയും ചില വിചിത്രകണ്ടുപിടിത്തങ്ങൾ വളരെയധികം കൂട്ടിച്ചേർത്തതാണതു്. ത്രിത്വം, ക്രിസ്തുവിൻെറ ദൈവത്വം, ആത്മാവിൻെറ അമർത്ത്യത, നരകത്തിൻെറ അസ്തിത്വം മുതലായ സിദ്ധാന്തങ്ങളെ അവർ നിഷേധിക്കുന്നു. ലൂസിഫറും യേശുവും ദൈവത്തിൻെറ പുത്രന്മാരാണെന്നും, ക്രിസ്തു മിഖായേൽമാലാഖാതന്നെയാണെന്നും, എല്ലാ തൊഴിലുകളും ഗവമ്മെൻറുകളും മതങ്ങളും പിശാചിൻെറ കണ്ടുപിടിത്തങ്ങളാണെന്നും, സൺഡേസ്കൂളുകളും മാതൃദിനങ്ങളും പിശാചിൻെറ ഉപകരണങ്ങളാണെന്നും അവർ പഠിപ്പിക്കുന്നു.


ആദ്ധ്യാത്മിക സ്വർഗ്ഗത്തിൽ 144,000 തിരഞ്ഞെടുക്കപ്പെട്ട ആത്മാവുകൾക്കുമാത്രമേ സ്ഥലമുള്ളുവെന്നും, വിശ്വസ്തരായ മറെറല്ലാ സാക്ഷികളും അർമഗദ്ദോൻശേഷം ഈ ലോകത്തിൽതന്നെ സ്വർഗ്ഗം കണ്ടെത്തുമെന്നും, അവർ വിശ്വസിക്കുന്നു. പുകവലി ചെവായക്കാരുടെ പുസ്തകത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ളതാണെന്നും, രക്തസംക്രാമണം അപ്പസ്തോലികനടപടികളാൽ വിലക്കപ്പെട്ടിരിക്കുകയാണെന്നും അവർ വാദിക്കുന്നു. മറെറല്ലാ സിദ്ധാന്തങ്ങളെക്കാളും പൊന്തിനിൽക്കുന്നതു്, യഹോവായുടെ "പുതിയ ലോകരാജ്യം" ഈ ഭൂമിയിൽ ഉടനടി സ്ഥാപിക്കപ്പെടുമെന്നുള്ളതാണു്; അവിടേക്കു സാക്ഷികൾമാത്രമേ വിജിഗീഷുക്കളായി മാർച്ചുചെയ്യുകയുള്ളതാനും!!

1950-ൽ നാഥാൻ എച്ച്. ക്നോർ ഈ ഭൗമികപറുദീസായെ, താഴെപ്പറയുന്നവിധം വർണ്ണിക്കുകയുണ്ടായി: "യാതൊരു സ്വാഭാവികവിപത്തുകളും സംഭവിക്കാത്തതും, നിങ്ങളുടെ സഹജീവികൾ ആരോഗ്യവും ശാശ്വതമായ യൗവനസൗന്ദര്യവും ഓജസ്സും അനുഭവിക്കുന്നതും പരിപൂർണ്ണമായും കൃഷിചെയ്യപ്പെട്ടിരിക്കുന്ന ഉപരിതലത്തിൻെറ മനോഹാരിതയെ യാതൊരു ആശുപത്രിയും കുഴിമാടവും വികൃതമാക്കിത്തീർക്കാത്തതുമായ ഒരു ലോകം." വേണ്ടത്ര വീടുകൾ സന്ദർശിക്കുകയും, വേണ്ടത്ര വാച്ച്ടവർപ്രസിദ്ധീകരണങ്ങൾ വിൽക്കുകയുംചെയ്യുന്ന സാക്ഷികൾക്കു വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്ന ഭൗമ്യപറുദീസാ ഇത്തരത്തിലുള്ളതാകുന്നു.

യഹോവായുടെ സാക്ഷികളുടെ ഗണത്തിലെ സാമാന്യക്കാരായ സാധുക്കളും അക്ഷരാഭ്യാസമില്ലാത്തവരും ആത്മാർത്ഥതയുള്ളവരുമായ അംഗങ്ങൾ ആഹാരത്തിനുവേണ്ടി മുറവിളികൂട്ടുമ്പോൾ ഉമിയാണു അവർക്കു ഭക്ഷണമായി കിട്ടുന്നതു്. അവരുടെ ശുഷ്കാന്തി ഉത്തമമായ ഒരു കാര്യത്തിനു വിനിയോഗിക്കുവാൻ പാറിയതാകുന്നു. നാം അവരെ സ്വാഗതംചെയ്യുകയും ഹൃദിസ്ഥമാക്കിയിരിക്കുന്ന ഏതാനും വാക്യങ്ങൾ ഉരുവിട്ടുകഴിയുമ്പോൾ, സനാതനസത്യങ്ങളെ—ക്രിസ്തുവിൻെറ ദൈവത്വം, ഭൂമിയിൽ അവിടുന്നു സ്ഥാപിച്ചിരിക്കുന്ന അവിടുത്തെ സഭ, എല്ലാ മനുഷ്യരേയും പഠിപ്പിക്കുവാൻ സഭയ്ക്കു അവിടുന്നു പ്രദാനംചെയ്തിരിക്കുന്ന അധികാരം, ലോകാവസാനംവരെ എല്ലാ ദിവസവും അതിനോടുകൂടി ഉണ്ടായിരിക്കുമെന്നു അതിനു അവിടുന്നു നൽകിയിരിക്കുന്ന വാഗ്ദാനം മുതലായവയെ—വേദപുസ്തകത്തിൽനിന്നുതന്നെ അവർക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്യുക.

തെററിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്ന ഈ സാക്ഷികൾ എത്രതന്നെ വിനാശകാരികളും അത്യാഗ്രഹികളുമായിരുന്നാലും അവർക്കുവേണ്ടിക്കൂടിയാണു ക്രിസ്തു മരിച്ചതു്. അവരെ അവിടുന്നു സ്നേഹിക്കുകയും അവരും തൻെറ തൊഴുത്തിലായിരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അവർ നമ്മുടെ സഹോദരന്മാരാകുന്നു. നാം അവരെ സ്നേഹിക്കുകയും അവരോടു ക്ഷമാപൂർവ്വം വർത്തിക്കുകയുംവേണം. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ക്രിസ്തുവിങ്കലേക്കു അവരെ ആനയിക്കുവാൻ സഹായിക്കുകയുംവേണം.

പ്രാർത്ഥന, ക്ഷമാപൂർവ്വമായ ഉപദേശം, കാരുണ്യം, സ്നേഹം മുതലായവയാൽ ദൈവത്തിൻെറ അനുഗ്രഹത്തോടുകൂടി അന്ധകാരത്തിൽ തപ്പിത്തടയുന്ന ഈ സഹോദരന്മാരുമായി നമ്മുടെ ക്രിസ്തീയവിശ്വാസമാകുന്ന അമൂല്യ




നിധിയെ നമുക്കു പങ്കിട്ടനുഭവിക്കുവാൻ സാധിക്കുന്നതാണ്. മാലാഖമാരുടെ അപ്പത്താൽ ആശ്വസ്തരും അവിടുത്തെ ദൈവികജീവിതത്താൽ പരിപോഷിതരുമായി ഈ ആത്മാർത്ഥതയുള്ള ആത്മാക്കൾ അപ്പോൾ തങ്ങളുടെ കുരിശുയുദ്ധശുഷ്കാന്തിയെ ക്രൈസ്തവവിശ്വാസപ്രചരണത്തിനായി തിരിച്ചുവിടുന്നതാണ്. നമ്മുടെ കർത്താവും രാജാവുമായ യേശുക്രിസ്തുവിനു എല്ലാ മനുഷ്യരേയും സമ്പാദിക്കുവാൻ എന്തൊരു അക്ഷീണമായ യത്നത്തോടും ഇളക്കമില്ലാത്ത ശുഷ്കാന്തിയോടുംകൂടെ നാം പരിശ്രമിക്കണമെന്നു നമുക്കു കാണിച്ചുതന്നുകൊണ്ടു് നമുക്കു അവർ പ്രതിഫലം നൽകുന്നതാണ്.

The Catholic Syrian Bank Ltd.,
H. O. TRICHUR

പണ്ടം പണയത്തിന്മേൽ പവൻതൂക്കത്തിന്നു 45ക. വീതവും ഇംഗ്ലീഷ് പവൻ നാണയത്തിന്നു 50ക. വീതവും ഉള്ള നിരക്കിന്നു് ഞങ്ങളുടെ എല്ലാ ബ്രാഞ്ചുകളിൽനിന്നും പണം കടം കൊടുക്കുന്നതാണ്.

കൂടാതെ ചരക്കു പണയത്തിന്മേൽ കുറഞ്ഞ പലിശനിരക്കിന്നു് കീലോൺ ആയും ഓപ്പൻലോൺ ആയും പണം കടം കൊടുക്കുന്നതാകുന്നു.

ബ്രാഞ്ചുകൾ:—

ചാലക്കുടി, ചിററൂർ, കൊച്ചി, എറണാകുളം, ഈറോഡ്, ഇരിഞ്ഞാലക്കുട, കരൂർ, കണ്ടശ്ശാങ്കടവു്, കൊടുമുടി, കുന്നംകുളം, പാലാത്തോട്ട്, തോപ്പുംപടി, തൃശ്ശൂർ, തൃപ്പൂണിത്തുറ, തിരുവനന്തപുരം, വളഞ്ഞമ്പലം.

ഡയറക്ടർ ബോർഡ്

1. MRRy. ചാലിശ്ശേരി അന്തോണി പൈലോതു് Avl. (Chairman)
2. " പല്ലൻ അന്തോണി ദേവസ്സി Avl. B. A. (Deputy Chairman)
3. " ചാലിശ്ശേരി ലോനപ്പൻ ജോസഫ് Avl.
4. " ജോസ് ചാക്കോ പൂത്തോക്കാരൻ "
5. " ലാസർ പോൾ ആട്ടോക്കാരൻ "
6. " കോടങ്കണ്ടത്തു ഈനാശു വാവു "
7. " ചാണ്ടി കുഞ്ഞിപ്പാലു ജോസഫ് "
8. " തോമസ് കല്ലുക്കാരൻ " B. A, B. L.
9. Chev. അക്കര ദേവസ്സി അഗസ്റ്റിൻ " K. S. G G.
10. MRRy. അക്കരപ്പററി ചാക്കുണ്ണി ഐപ്പുണ്ണി "
11. " ചിറമൻ പടിഞ്ഞാറത്തല ജോസഫ് ഫ്രാൻസിസ് "

ജനറൽ മാനേജർ

ആദ്ധ്യാത്മികവീഥി

# പരിത്യാഗം—സന്യാസം

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ പറഞ്ഞ രണ്ടുദാഹരണങ്ങളിൽനിന്നു പരിത്യാഗത്തിൻെറ ശോഭനമായ വശം കാണിച്ചുകൊടുത്താൽ എത്ര നിഷ്പ്രയാസം അതു കൈവരിക്കുമെന്നു നാം കണ്ടുവല്ലോ. പവിഴമാല ലഭിക്കുന്നതിനായി പളുങ്കുമാല പരിത്യജിക്കുന്നതിനും രണ്ടു സിനിമാ കാണുന്നതിനു ഒന്നുപേക്ഷിക്കുന്നതിനും കുട്ടികൾക്കു എളുപ്പമായിരുന്നു.

ഇവിടെ ശാരീരികാനന്ദങ്ങൾക്കു ഗോചരവും ഉടനെ ലഭിച്ചു അനുഭവിക്കാവുന്നതുമായ ലൗകികനന്മകളെ ലാക്കാക്കിയാണു അവർ പ്രവർത്തിക്കുന്നതു്. അതുകൊണ്ടാണു് അവ അത്ര എളുപ്പമായിത്തീർന്നതും. വിശ്വാസദൃഷ്ട്യാ നമുക്കു ദർശിക്കുവാൻ സാധിക്കുമെങ്കിൽ ലൗകികവും ക്ഷണഭംഗുരവുമായ ചില നന്മകളെ ഉപേക്ഷിക്കുന്നതിൻെറ ഫലമായി പാരത്രികവും ശാശ്വതവും തന്മൂലം ലക്ഷോപലക്ഷംമടങ്ങു കൂടുതൽ വിലപിടിച്ചതുമായ നന്മകൾ ലഭിക്കാൻ സാധിക്കുമെന്നു നമുക്കു കാണാവുന്നതാണ്.

ഈ വസ്തുതയാണു് പരിത്യാഗങ്ങളിൽവച്ചു ഏററവും വലിയ പരിത്യാഗമായ സന്യാസജീവിതം കൈവരിക്കുന്നതിനു വിശ്വാസചൈതന്യമുള്ളവരെ പ്രേരിപ്പിക്കുന്നതു്. ദാരിദ്ര്യം, കന്യാവ്രതം, കീഴ്‌വഴക്കം എന്ന മൂന്നുവ്രതങ്ങളാൽ മനുഷ്യർ കാര്യമായി മതിക്കുന്ന എല്ലാവരേയും അവർ ഉപേക്ഷിക്കുന്നുണ്ടു്. സാധാരണക്കാരുടെ നോട്ടത്തിൽ അവർ മടയന്മാരോ ഭ്രാന്തന്മാരോ ആയി കാണപ്പെട്ടേക്കാം. എന്നാൽ അവർ തങ്ങൾ ഏററവും ബുദ്ധിപൂർവ്വമായി പ്രവർത്തിക്കുന്നുവെന്നാണു കരുതുന്നതു്. യാഥാർത്ഥ്യവും അതുതന്നെയാണ്.

അവർ ദാരിദ്ര്യംവഴിയായി ലൗകികവസ്തുക്കൾ ഉപേക്ഷിക്കുന്നതു പകരം സ്വർഗ്ഗീയസമ്പത്തു ആർജ്ജിക്കുന്നതിനാണ്. ദാമ്പത്യജീവിതത്തിൽ മനുഷ്യർക്കായി തങ്ങളുടെ സ്നേഹം നൽകാതിരിക്കുന്നതു് അതു മുഴുവനും അഭംഗമായി ദൈവത്തിനു കൊടുക്കുന്നതിനും അത്രകൂടുതലായി അവിടുത്തെ സ്നേഹം സമ്പാദിക്കുന്നതിനുമാണ്. അതുപോലെതന്നെ പല ന്യൂനതകളുള്ള സ്വന്തമനസ്സുപേക്ഷിക്കുന്നതു തൽസ്ഥാനത്തു യാതൊരു ന്യൂനതയുമില്ലാത്ത പരിപാവനമായ ദൈവതിരുമനസ്സിനെ പ്രതിഷ്ഠിക്കുന്നതിനാകുന്നു.

പ്രസ്തുത സത്യം ഗ്രഹിക്കാൻ പ്രാപ്തിയുള്ളവരാരും സന്യാസികൾ ബുദ്ധിഹീനമായി പ്രവർത്തിക്കുന്നുവെന്നു വിധിക്കുകയില്ല. മാത്രമല്ല സന്യാസജീവിതത്തെ കാര്യമായി മതിക്കയും വിശ്വാസചൈതന്യത്താൽ പ്രേരിതരായി നിവൃത്തിയുള്ളിടത്തോളം പരിത്യാഗാഭ്യാസത്തിൽ അവരെ അനുകരിക്കുന്നതിനു ശ്രമിക്കയുംചെയ്യും.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്

Wednesday
September 5
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 4

'ഇന്നത്തെ ബാലൻ
നാളത്തെ പൗരൻ'



# ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




വിശുദ്ധ ആഗ്നസിൻെറ ചരിത്രപാനത്തിൽ അത്യാസക്തി പ്രദർശിപ്പിച്ച ചില പെൺകുട്ടികൾക്കു ആ ചരിത്രം അവരുടെ അദ്ധ്യാപികയായ സിസ്റ്റർ പറഞ്ഞുകൊടുക്കുന്ന വിധത്തിലാണല്ലോ നാം ഈ സചിത്രപ്രതിപാദനം സമാരംഭിക്കുന്നതു്. വെറും ചരിത്രകഥനമായി തുടങ്ങിയാൽ അതിൽ നാനാത്വം ഉണ്ടാവുകയില്ലെന്നു വിചാരിച്ചാണു് ഈ രീതി അവലംബിക്കുന്നതു്. അതു നിങ്ങൾക്കു ഹൃദ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു. സിസ്റ്റർ ആദ്യമായിത്തന്നെ അവരുടെ സമകാലികവിശുദ്ധയും രക്തസാക്ഷിണിയുമായ മരിയഗൊരേത്തിയുടെ ചരിത്രമാണു് അവരുടെ ചിന്തയ്ക്കു വിഷയമാക്കുന്നതു്. ബാലലോകത്തെ ഏററമധികം സമാകർഷിക്കുന്ന ഒരു ചരിത്രമാണതെന്നതിനു സംശയമില്ല. വിശുദ്ധ മരിയയുടെ ചരിത്രം നാമും നമ്മുടെ പഴയ ഏടുകൾ പരിശോധിച്ചാൽ കാണാവുന്നതാണു്. അതുകൊണ്ടു മരിയഗൊരേത്തിയുടെ ചരിത്രത്തെ എല്ലാവരും ഒന്നു മറിച്ചുനോക്കി നമ്മുടെ ആ ചരിത്രപാനത്തിൽ കണ്ട കാര്യങ്ങൾ അനുസ്മരിക്കുന്നതു വളരെ നന്നായിരിക്കും. നിങ്ങളെല്ലാവരും അങ്ങിനെ ചെയ്യുമെന്നു വല്യേട്ടൻ വിശ്വസിക്കുന്നു.




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടർച്ച)

61. മാത്യൂ എം. ടി. മണ്ഡപത്തിൽ, ഇടമററം, ഭരണങ്ങാനം
62. വർഗ്ഗീസ് കെ. വർഗ്ഗീസ് കട്ടയ്ക്കകത്തുട്ട്, മൂഴിക്കുളം,
63. K. C. തോമസ് കാട്ടൂക്കാരൻ, ചിറയ്ക്കൽ, കുറുമ്പിളാവ്
64. കെ. സി. മറിയാമ്മ, കൈതവന, ളാക്കൂർ
65. കെ. സി. ആലീസ് കൈതവന, ളാക്കൂർ

## 83-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—ശുദ്ധത.

## പ്രശ്നം നമ്പർ 84

(വർഗ്ഗീസ് കെ. മൂഴിക്കുളം
Reg. No. 62)

ലോകത്തിൽ കുപ്രസിദ്ധനായിത്തീർന്നിട്ടുള്ള ഒരു ആളാണു് ഞാൻ. എൻെറ പേർ സത്യദീപത്തിൽ നിങ്ങൾ സാധാരണ കാണുന്നുണ്ടു്. എൻെറ പേരിനു നാലക്ഷരമുണ്ടു്. ഒന്നും നാലും ചേർന്നാൽ നാം സാധാരണ യാത്രചെയ്യുന്ന ഒരു വാഹനമാകും. ആദ്യക്ഷരം ബലിയിലുണ്ടു്, കമ്മത്തിലില്ല. രണ്ടാമത്തെ അക്ഷരം സഹാറായിലുണ്ടു്, മണലാരണ്യത്തിലില്ല. മൂന്നാമത്തെ അക്ഷരം ബാലരംഗത്തിലുണ്ടു്, പദപ്രശ്നത്തിലില്ല. നാലാമത്തെ അക്ഷരം മോഹൻദാസിലുണ്ടു്, ലാൽജിയിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)




സത്യദീപത്തിൻെറ ഓരോ വാല്യവും അവക്കു വിലതീരാത്ത നിധിയാണു്. പൂനമാലിയിലെ കുഞ്ഞുബാലന്മാർ ബാലരംഗത്തിൻെറ രസമാസ്വദിക്കുന്നു.

പ്രിയപ്പെട്ട ബാലരംഗാംഗങ്ങളേ,

നമ്മുടെ ബാലരംഗത്തേയും അതിൻെറ പ്രവർത്തനരീതിയേയും സംബന്ധിച്ച വളരെയധികം അഭിനന്ദനങ്ങളും അമൂല്യങ്ങളായ നിർദ്ദേശങ്ങളും വല്യേട്ടനും കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെന്നറിയുന്നതു നിങ്ങൾക്കും പ്രോത്സാഹജനകമായിരിക്കുമല്ലോ. ബാലരംഗത്തിൽ അംഗങ്ങളായി ചേരുന്നതിനു ആഗ്രഹിക്കാത്ത ബാലികാബാലന്മാർ ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ വല്യേട്ടൻെറ നിബന്ധനകൾ ആരംഭത്തിൽ പലരേയും നിരാശരാക്കിയിട്ടുണ്ടു്. സത്യദീപത്തിനു ഒരു പുതിയ വരിക്കാരനെ സമ്പാദിക്കുക എന്നുള്ളതു് ബാലികാബാലന്മാക്കു അത്ര എളുപ്പമുള്ള കാര്യമല്ല. എങ്കിലും പലരും അതു സാധിച്ചു എന്നുള്ളതു് നമ്മുടെ ബാലലോകത്തിൻെറ പ്രശസ്തമായ കഴിവുകൾക്കുള്ള ഒരു തെളിവായി കഴിഞ്ഞിട്ടുണ്ടു്. എന്നാൽ അതു കുറച്ചു വിഷമമുള്ള ഒരു നിബന്ധനയായതുകൊണ്ടും, പലരുടേയും നിർദ്ദേശങ്ങൾ വല്യേട്ടനെ നിർബന്ധിച്ചതുകൊണ്ടും നിയമത്തിൻെറ ആദർശത്തെ ബലികഴിക്കാതെയാണു് പുതിയ അയവു വരുത്തിയിരിക്കുന്നതു്. കുഞ്ഞുങ്ങളുടെ പ്രേഷിതചൈതന്യം പ്രസരിപ്പിക്കുന്നതിനും അതേസമയം ബാലരംഗത്തിലെ അംഗങ്ങളായി ചേരുന്നതിനും അതു സഹായകമായിരിക്കുന്നുണ്ടു്. തൽഫലമായി അനേകം പേരുടെ അപേക്ഷകൾ പ്രതിദിനം കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവരുടെ പേരുകൾ മുറയ്ക്കു സത്യദീപം ബാലരംഗത്തിൽ പ്രസിദ്ധീകരിക്കുന്നതാണു്.

## ലേഖനങ്ങളെപ്പററി ഒരു വാക്കു്

ബാലരംഗത്തിലെ പല ചെറുകഥകളും പ്രശ്നങ്ങളും ഉപന്യാസങ്ങളും വളരെ നന്നാകുന്നുണ്ടു് എന്നുള്ള അഭിപ്രായം നല്ല നിലയിലുള്ള സാഹിത്യകാരന്മാർ പോലുംഎഴുതിഅയയ്ക്കുന്നുണ്ടു്. അവരുടെ ഈഅഭിപ്രായം അംഗങ്ങളെ അറിയിക്കാൻ വല്യേട്ടനു വളരെ സന്തോഷമുണ്ടു്. നിങ്ങളയക്കുന്ന പലതും പ്രസിദ്ധീകരിക്കുവാൻ സാധിക്കാതെ വരുന്നതിൽ നിങ്ങൾ നിരാശരാകരുതു്. ലേഖനങ്ങളുടെ കുററംകൊണ്ടു മാത്രമാവുകയില്ല അവ പ്രസിദ്ധീകരിക്കാൻ സാധിക്കാതെ വരുന്നതു്; പത്രത്തിൽ നമുക്കു നീക്കിവച്ചിട്ടുള്ള സ്ഥലപരിമിതി വലിയൊരു പ്രതിബന്ധമാണു്. എങ്കിലും മെച്ചപ്പെട്ടതൊന്നും നഷ്ടപ്പെടുത്തുന്നില്ല. പ്രസിദ്ധീകരിച്ചാലും ഇല്ലെങ്കിലും നിങ്ങളുടെ സാഹിത്യാഭിരുചി നഷ്ടപ്പെടുത്തരുതു്. ചെറുകഥകളും ലേഖനങ്ങളും പ്രശ്നങ്ങളും നല്ലവണ്ണം ചിന്തിച്ചശേഷം വേണം എഴുതുവാൻ. എഴുതിയശേഷം അതു തിരുത്തുകയും സൗകര്യമുള്ളപക്ഷം അറിവുള്ള ആരെക്കൊണ്ടെങ്കിലും പരിശോധിപ്പിക്കുകയും ചെയ്യണം. അങ്ങിനെ ചെയ്തെങ്കിൽ മാത്രമേ നമ്മുടെ പരിശ്രമം ഉപര്യുപരി അഭിവൃദ്ധിയുള്ളതാകയുള്ളൂ. ഓരോന്നും ചുരുങ്ങിയതും, നല്ല അടക്കം ചന്തവുമുള്ളതും, നല്ല ലളിതമായ എന്നാൽ പ്രമാദരഹിതമായ ഭാഷയിൽ എഴുതപ്പെട്ടതുമാക്കാൻ സൂക്ഷിക്കുക.

ഒരു കാര്യം പ്രത്യേകം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ യോ, ദീർഘമായ വിവരണങ്ങളും മററും അതുപടി പേരുപറയാതെ പകർത്തിയോ മററോ ലേഖനങ്ങളും ചെറുകഥകളും രചിക്കുന്ന രീതി തെററാണു്. അവയുടെ ഉടമസ്ഥന്മാർ നമ്മുടെമേൽ മോഷണക്കുററം ചുമത്തും. നാം ഇളിഭ്യരും ലജ്ജിതരുമാകും. മാത്രമല്ല അതു ശിക്ഷാർഹമായ ഒരു നടപടിയുമാണു്.

വല്യേട്ടൻ വളരെ മനോവേദനയോടെ വായിച്ച ചില കത്തുകളുടെ ചില ഭാഗങ്ങൾ ഇവിടെ ആളും പേരും പറയാതെ എടുത്തു കാണിക്കുന്നതു് ഇതിൻെറ ഗൗരവം നിങ്ങളെ മനസ്സിലാക്കുന്നതിനുമാത്രമാണു്:-

"പ്രിയ വല്യേട്ടാ, കഴിഞ്ഞലക്കം സത്യദീപം അവസാനത്തെ പേജിൽ "ഏഴു രൂപയുടെ ബീഡി" എന്ന ശീർഷകത്തിൽ എഴുതിയിരുന്ന ചെറുകഥ എന്നെ വളരെ ആകർഷിച്ചു. കുട്ടികളുടെ സാഹിത്യാഭിരുചിയെ പ്രോത്സാഹിപ്പിക്കുവാൻ സത്യദീപം ചെ

ലേഖനങ്ങളും, ചെറുകഥകളും, പ്രശ്നങ്ങളും മററുള്ളവർ എഴുതിയിട്ടുള്ളവയുടെ പകർത്തിയെഴുത്തുകോപ്പികളാവാൻ ഇടവരരുതു്. അതു സാഹിത്യമോഷണമാണെന്നു മുദ്രയടിക്കപ്പെടും. ലേഖനകർത്താവിനും ബാലരംഗത്തിനും അതു ചീത്തപ്പേർ വരുത്തിവയ്ക്കും. അതുകൊണ്ടു കുഞ്ഞുലേഖകന്മാർ അതു പ്രത്യേകം സൂക്ഷിക്കണേ എന്നു വല്യേട്ടൻ വളരെ നിർബന്ധമായി പറയുന്നു. ലേഖനങ്ങളും ചെറുകഥകളും മററും ധാരാളം വായിച്ചു അവയുടെ ആശയഗതിയേയും വിവരണരീതിയേയും നിങ്ങളുടെ സ്വന്തം ഇതിവൃത്തത്തിൽ സ്വീകരിക്കുന്നതിൽ തെററില്ല. എന്നാൽ തലയും വാലും മുറിച്ചോ, പേരുകളിൽ ചില മാററം വരുത്തിയോ

യ്യുന്ന യത്നങ്ങളേയും, അവകൊണ്ടു പ്രയോജനമുണ്ടാക്കുവാൻ കുട്ടികൾ ചെയ്യുന്ന പരിശ്രമങ്ങളേയും അഭിനന്ദിക്കേണ്ടിയിരിക്കുന്നു എന്നു ആദ്യമേ പറഞ്ഞുകൊള്ളട്ടെ. ഒരു നല്ല ചെറുകഥ. പക്ഷെ, ഈ കഥതന്നെ "അഞ്ചു രൂപായുടെ സിഗററെററ"ന്നോ മററോ ഒരു തലക്കെട്ടിൽ ഒന്നു രണ്ടു കൊല്ലംമുമ്പു ആലുവായിൽനിന്നു പുറപ്പെടുന്ന "കത്തോലിക്കാ കുടുംബ"ത്തിൽ കണ്ടിരുന്നു... ..."

"....ബാലപംക്തിയെപ്പററിയല്ല, "പോളണ്ടിലെ ജോസ്" എന്ന ചെറുകഥയെപ്പററിയാണു്. അതിലെ ചില ഭാഗങ്ങൾ എൻെറ ഒരു കഥയിൽനിന്നു യാതൊരു വ്യത്യാസവും വരുത്താതെ തന്നെ എടുത്തിരിക്കുന്നതാണു്. ഞാൻ ആ ഭാഗങ്ങൾ ഇവിടെ എഴുതുന്നു. (ഭാഗങ്ങൾ ഉദ്ധരിക്കുന്നു) ബാലരംഗത്തിൽപെട്ട ഒരു കുട്ടിയായതുകൊണ്ടാണു് ഞാനിതു എഴുതുന്നതു്... ...കുട്ടികൾ ഇപ്രകാരം ചെയ്യാതിരിക്കുന്നതിനു് വല്യേട്ടനു് പൊതുവിൽ അല്പം എഴുതാമല്ലോ, അവരുടെ അറിവിലേക്കായി."

വല്യേട്ടൻ.




"എൻെറ ചെരുപ്പോരെണ്ണം വെള്ളത്തിപ്പോയേ! അതെടുക്കാതെ വള്ളം വിടാൻ ഞാൻ സമ്മതിക്കില്ല."

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-I